# വേദപ്രചാര മദ്ധ്യസ്ഥൻ

Malayalam Monthly

VEDAPRACHARA MADHYASTHAN

വാല്യം 96

ലക്കം 06

2023 ഡിസംബർ

Price Rs. 25/- Annual Subscription Rs. 300/-




The official organ of
the Archeparchy of Changanacherry

2023

ഡിസംബർ

പൗരോഹിത്യസ്വീകരണത്തിന്റെ
സുവർണജൂബിലിവർഷത്തിലേക്കു പ്രവേശിക്കുന്ന
അഭി. ജോസഫ് പെരുന്തോട്ടം പിതാവിനും ബഹു. വൈദികർക്കും
അതിരൂപതാകുടുംബത്തിന്റെ

# പ്രാർത്ഥനാശംസകൾ

50 YEARS OF PRIESTHOOD


കോടിക്കൽ
വർഗീസ്


കൊല്ലാപറമ്പിൽ
അഗസ്റ്റിൻ


പഴയപുര
ജോർജ്


പുത്തനങ്ങാടി
മാത്യു


ആർച്ചുബിഷപ്
ജോസഫ് പെരുന്തോട്ടം


പുത്തൻപുര
കുര്യൻ


പുതിയാപറമ്പിൽ
ചാക്കോ


പുതിയിടം
മാണി


തൂമ്പുങ്കൽ
ജോസഫ്



"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉൽപത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

**സ്ഥാപിതം: മെയ് 20, 1887**

**വാല്യം 96 ● ലക്കം 06 ● 2023 ഡിസംബർ**

**വേദപ്രചാര മദ്ധ്യസ്ഥൻ**

ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം


സർക്കുലർ - സീറോമലബാർ പ്രേഷിതവാരാചരണം 2024 .......... 05
സർക്കുലർ - പിതൃവേദി (23 Ch. 293-374) .......... 09
സർക്കുലർ - ജീവകാരുണ്യനിധി (23 Ch. 294-375) .......... 13
സർക്കുലർ - കെ.സി.ബി.സി. ബൈബിൾ കമ്മിഷൻ .......... 15
ആരാധനാജീവിതം: അനുബന്ധമാർഗനിർദേശങ്ങൾ - 4 .......... 19
കച്ചേരിക്കാര്യം .......... 22
അനുസ്മരണം .......... 27
റിപ്പോർട്ട് - അതിരൂപതാ വൈദികസമ്മേളനം .......... 33
സന്ദേശനിലയം .......... 35
ചെറുപുഷ്പ മിഷൻലീഗ് .......... 38
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ .......... 41
ഫാമിലി അപ്പോസ്തലേറ്റ് .......... 47
യുവദീപ്തി - SMYM .......... 51
കെ.സി.എസ്.എൽ. .......... 53
CARP .......... 54
CHASS .......... 55
ചാസ് - ഖാദി .......... 60
ജീവകാരുണ്യനിധി ട്രസ്റ്റ് .......... 63
DFC .......... 64
ആതുരശുശ്രൂഷാമേഖല .......... 66
എൽഡേഴ്സ് ഫ്രറ്റേണിറ്റി .......... 70
പ്രവാസി അപ്പോസ്തലേറ്റ് .......... 72
KLM .......... 73
AKCC .......... 75
ആത്മതാകേന്ദ്രം .......... 79
DCMS .......... 81
SFO .......... 83
വിൻസെൻഷ്യൻ വേദി .......... 85
കരിസ്മാറ്റിക് നവീകരണം .......... 86
പൗരോഹിത്യ ആദ്ധ്യാത്മികത .......... 87
അഭിവന്ദ്യ പിതാക്കന്മാരുടെ DIARY .......... 93
അഭിവന്ദ്യ പിതാക്കന്മാരുടെ ENGAGEMENTS .......... 102



Archbishop House, P.B. No. 20, Changanacherry P.O., Kottayam 686 101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com

Annual Subscription: Rs. 300/-

Prot. No. 1162/2023

# സീറോമലബാർ പ്രേഷിതവാരാചരണം 2024

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്
**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അൽമായസഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ദനഹാത്തിരുനാളായ ജനുവരി ആറാംതീയതി മുതലുള്ള ഒരാഴ്ചക്കാലം സീറോമലബാർസഭയിൽ പ്രേഷിതവാരമായി മുൻവർഷങ്ങളിലേതുപോലെ ആചരിക്കുകയാണ്. 'മിഷനെ അറിയുക, മിഷനറിയാകുക' എന്നതാണ് പ്രേഷിതവാരാചരണത്തിന്റെ ആപ്തവാക്യം. സഭാമക്കളിൽ പ്രേഷിതചൈതന്യം വർധിപ്പിക്കുന്നതിനും നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അതിനു യോജിച്ച രീതിയിൽ സഹായസഹകരണങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയാണ് സീറോമലബാർസഭ പ്രേഷിതവാരം ആചരിക്കുന്നത്.

എമ്മാവൂസിലേക്കുപോയ ശിഷ്യരുടെ അനുഭവത്തെ ആസ്പദമാക്കി 'ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ' എന്ന ചിന്താവിഷയമാണ് ഈവർഷത്തെ ആഗോളപ്രേഷിതഞായറാഴ്ചക്കു ഫ്രാൻസിസ് മാർപാപ്പ തിരഞ്ഞെടുത്തത്. ക്ഷീണിതരും ദുഃഖിതരും മ്ലാനവദനരുമായാണ് ആ രണ്ടുശിഷ്യന്മാർ എമ്മാവൂസിലേക്കു പുറപ്പെട്ടതെങ്കിലും ഉത്ഥിതനായ കർത്താവ് അവരുടെകൂടെ നടക്കുകയും വചനം വ്യാഖ്യാനിക്കുകയും അപ്പം മുറിച്ചുനൽകുകയും ചെയ്തപ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെടുകയും അവിടുത്തെ തിരിച്ചറിയുകയും ഉത്ഥിതനെ കണ്ടതിന്റെ സന്തോഷം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ ഉടൻതന്നെ ജറുസലെമിലേക്കു തിരികെപോവുകയും ചെയ്തു *(ലൂക്കാ 24:33)*. അന്നത്തെപോലെതന്നെ ഇന്നും ഉത്ഥിതനായ കർത്താവ് തന്റെ ശിഷ്യരോടു ചേർന്നുനടക്കുന്നു. അവർ ലക്ഷ്യമില്ലാത്തവരും ഉത്സാഹം നഷ്ടപ്പെട്ട

വരും തങ്ങൾക്കുചുറ്റും വലയം ചെയ്തുനിൽക്കുന്ന തിന്മയെ ഭയപ്പെടുന്ന വരുമാകുമ്പോൾ ഈശോ അവരെ വചനത്താലും വി. കുർബാനയാലും ശക്തിപ്പെടുത്തുന്നു. യുദ്ധങ്ങളും പീഡനങ്ങളും മൂല്യശോഷണവും ഭൗതികവാദവും ആധിപത്യം പുലർത്തുന്ന സമൂഹത്തിൽ പ്രത്യാശ യുള്ള പ്രേഷിതരാകാനാണ് നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത്. 'സുവി ശേഷത്തിന്റെ സന്തോഷം' എന്ന ചാക്രികലേഖനത്തിൽ ഫ്രാൻസിസ് മാർപാപ്പ പറയുന്നതുപോലെ ഇത്തരം സാഹചര്യങ്ങളിൽ 'പ്രത്യാശ നഷ്ടപ്പെട്ടവരാകാതിരിക്കാൻ' ഇന്നത്തെ പ്രേഷിതർ ശ്രദ്ധിക്കേണ്ടതുണ്ട്.

ഒരു യഥാർത്ഥശിഷ്യൻ എപ്പോഴും ഗുരുവിന്റെ ഉപദേശങ്ങൾ അനുസ രിച്ച് സ്വന്തം ജീവിതത്തെ ക്രമപ്പെടുത്തുകയും ഗുരുവിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിലൂടെ ശിഷ്യഗണത്തിലേക്കു മറ്റുള്ളവരെ ആകർഷി ക്കുകയും ചെയ്യുന്നു. സുവിശേഷാനുസൃതമായ ജീവിതത്തിലൂടെ മറ്റുള്ള വരെ ഈശോയിലേക്കും സഭയിലേക്കും നയിക്കുന്നവരാകണം ക്രൈസ്ത വർ. ഇപ്രകാരം ചെയ്യുന്നവരെയാണ് തിരുസഭ 'പ്രേഷിതർ' എന്നു വിളി ക്കുന്നത്. മാമോദീസാ സ്വീകരിച്ച ഓരോ ക്രൈസ്തവനും പ്രേഷിതനാണ്. പ്രേഷിതദൗത്യം മെത്രാന്മാരുടെയും വൈദികരുടെയും സമർപ്പിതരു ടെയും മാത്രം കടമയായി കരുതപ്പെട്ടിരുന്ന ഒരുകാലമുണ്ടായിരുന്നു. എന്നാലിന്ന് അനേകം അൽമായസഹോദരങ്ങൾ സുവിശേഷപ്രഘോ ഷണശുശ്രൂഷയിലും ഈശോയുടെ സ്നേഹത്തിനും കാരുണ്യത്തിനും സാക്ഷ്യംനൽകുന്ന പ്രവർത്തനങ്ങളിലും തീക്ഷ്ണതയോടെ ഏർപ്പെടു ന്നുണ്ട്. സഭാസംവിധാനങ്ങളോടു ചേർന്നുനിന്നുകൊണ്ട് അൽമായർ നടത്തുന്ന ഈ പ്രേഷിതമുന്നേറ്റം ഇന്നത്തെ കാലഘട്ടത്തിലെ വലിയ അനുഗ്രഹവും ശക്തമായ വിശ്വാസസാക്ഷ്യവുമാണ്.

സുവിശേഷപ്രഘോഷണത്തിനും സാക്ഷ്യത്തിനും നമ്മെ പ്രേരിപ്പി ക്കുന്നതു ദൈവാത്മാവാണ്. ആത്മാവ് ഇഷ്ടമുള്ളിടത്തു തന്റെ ചൈതന്യം വർഷിക്കുന്നു. ആത്മാവിന്റെ പ്രചോദനമനുസരിച്ച് തീക്ഷ്ണമതികളായ വ്യക്തികൾ തങ്ങളുടെ ജീവിതത്തെ പ്രേഷിതദൗത്യത്തിനായി സമർപ്പി ക്കുന്നു. ഓരോരുത്തരും തങ്ങൾക്കു ലഭിക്കുന്ന ദാനങ്ങളും വരങ്ങളു മനുസരിച്ച് ഈ പ്രേഷിതദൗത്യം നിറവേറ്റുന്നു. എല്ലാ വിശ്വാസികളും ഒത്തൊരുമിച്ച് കൂട്ടായ്മയോടുകൂടി ഈദൗത്യം നിർവഹിക്കുമ്പോൾ സഭയുടെ പ്രേഷിതദൗത്യം കൂടുതൽ ഫലപ്രദമായിത്തീരുന്നു. ഈശോ യുമായുള്ള വ്യക്തിപരമായ ബന്ധവും അവിടുത്തെ സുവിശേഷത്തോ ടുള്ള പ്രതിബദ്ധതയും വി. പൗലോസ്ശ്ലീഹാ ഇപ്രകാരം അവതരിപ്പി ക്കുന്നു: 'ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം''

*(1 കോറി. 9:16)*. ശ്ലീഹായുടെ ഈ നിർബന്ധബുദ്ധി നമുക്കുമുണ്ടാകണം. തന്റെ ലേഖനത്തിൽ ശ്ലീഹാ നടത്തുന്ന ഈ ആഹ്വാനം നമുക്കും സർവാത്മനാ സ്വീകരിക്കാൻ സാധിക്കണം: 'വചനം പ്രസംഗിക്കുക; സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും അല്ലെങ്കിലും ജാഗ്രതയോടെ വർത്തിക്കുക'' *(2 തിമോ. 4:2)*.

ഇക്കഴിഞ്ഞ ഒക്ടോബർമാസം, സിനഡാത്മകതയെക്കുറിച്ച് റോമിൽ നടന്ന മെത്രാൻസിനഡിന്റെ ഒന്നാംസമ്മേളനം ചിന്തിച്ചതും പങ്കുവച്ചതും കൂട്ടായ്മ, പ്രേഷിതദൗത്യം, പങ്കാളിത്തം എന്നിവയെക്കുറിച്ചായിരുന്നു. സഭയുടെ കൂട്ടായ്മ പ്രേഷിതദൗത്യത്തിനുവേണ്ടിയാണെന്നും ഈ പ്രേഷിതദൗത്യം സഭാംഗങ്ങളെല്ലാവരും പങ്കാളിത്തസ്വഭാവത്തോടെ നിർവഹിക്കണമെന്നതുമാണ് സിനഡ് നമ്മുടെ ചിന്തയ്ക്കും പ്രാർഥനയ്ക്കും തുടർപ്രവർത്തനത്തിനുമായി നിർദേശിച്ചിരിക്കുന്നത്. ഈ ദൗത്യനിർവഹണത്തിൽ ക്രൈസ്തവരെല്ലാവരും തങ്ങളുടെ പ്രത്യേകവിളികളുടെ സവിശേഷവരങ്ങളും പരിശുദ്ധാത്മാവ് നൽകുന്ന ദാനങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ട് ജീവിക്കേണ്ടിയിരിക്കുന്നു. ഒന്നിച്ചുചിന്തിക്കാനും ഒന്നിച്ചുനടക്കാനും ഒന്നിച്ചുപ്രവർത്തിക്കാനും നാം അഭ്യസിക്കണം. ഭിന്നിച്ചും കലഹിച്ചും ചിതറിപ്പോകേണ്ടവരല്ല ക്രൈസ്തവർ. സ്നേഹത്തിന്റെ കൂട്ടായ്മയിൽ മിശിഹായുടെ സുവിശേഷത്തിനും ജീവിതത്തിനും നാം സാക്ഷ്യം വഹിക്കണം.

പ്രിയപ്പെട്ടവരേ, നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ മാതൃകയനുകരിച്ച് ഈശോ നാഥനും കർത്താവുമാണെന്നു ലോകത്തോടു പ്രഘോഷിക്കാനും കാരുണ്യപ്രവർത്തനങ്ങളിലൂടെ അവിടുത്തെ അനുകമ്പാർദ്രമായ സ്നേഹം എല്ലാവരുമായി പങ്കുവയ്ക്കാനും ഈ വർഷത്തെ പ്രേഷിതവാരാചരണം നമുക്കു പ്രചോദനംനൽകട്ടെ. ലോകം മുഴുവനിലുമുള്ള എല്ലാപ്രേഷിതർക്കുംവേണ്ടി നമുക്കു പ്രാർഥിക്കാം. സഭയുടെ മിഷൻപ്രവർത്തനങ്ങളെ സാധിക്കുന്ന വിധത്തിലെല്ലാം സഹായിക്കാം. മിഷൻമേഖലകളിലെ ശുശ്രൂഷകളിൽ കൂടുതൽ വൈദികരും സമർപ്പിതരും അൽമായസഹോദരങ്ങളും പങ്കുചേരേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമായി കരുതുകയും അതിനായി അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈവർഷത്തെ മിഷൻവാരാചരണം അർഥവത്തായി സംഘടിപ്പിക്കാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കുമല്ലോ. നമ്മുടെ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സുവിശേഷവത്ക്കരണത്തിനായുള്ള കമ്മിഷന്റെയും മിഷൻകാര്യാലയത്തിന്റെയും പ്രവർത്തനങ്ങളോട്

ഉദാരമായി സഹകരിക്കണമെന്നും അഭ്യർഥിക്കുന്നു. 'യുഗാന്തംവരെ ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും' *(മത്താ. 28:20)* എന്ന ഈശോ യുടെ വാഗ്ദാനം പ്രേഷിതപ്രവർത്തനങ്ങളിൽ നമുക്കു പ്രചോദനവും ആത്മധൈര്യവും മാർഗദർശനവും നൽകട്ടെ.

എല്ലാവർക്കും സമാഗതമാകുന്ന പുതുവർഷത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവം ആശംസിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2023 നവംബർ 24-ാം തീയതി നൽകപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

**NB:** ***2023 ഡിസംബർ 31 ഞായറാഴ്ച*** *പരിശുദ്ധ കുർബാനമധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.*

പ്രേഷിതവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങൾവഴി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2024 ഫെബ്രുവരി 20നു മുമ്പായി എത്തിക്കേണ്ടതാണ്.

## സർക്കുലർ
**23 Ch. 293-374**

# റൂബിജൂബിലി നിറവിലായിരിക്കുന്ന പിതൃവേദി

ഈശോയിൽ പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരരേ,

ചങ്ങനാശേരി അതിരൂപതയിൽ 1983 ഡിസംബർ 04 നു സ്ഥാപിതമായ പിതൃവേദി റൂബിജൂബിലിയുടെ നിറവിലാണ്. ഒരുതലമുറയുടെ കാലഘട്ടമെന്നു വിശേഷിപ്പിക്കാവുന്ന നാലുപതിറ്റാണ്ട് പൂർത്തിയാക്കിയിരിക്കുന്നു. പിതൃവേദി ആരംഭിച്ചയവസരത്തിൽ മുപ്പതിനും അറുപതിനുമിടയ്ക്കു പ്രായമായിരുന്നവർ ഇപ്പോൾ 70 മുതൽ 100 വയസുവരെ പ്രായമുള്ളവരാണ്. പിതൃവേദിയുടെ ഒരുതലമുറ കടന്നുപോയിരിക്കുന്നുവെന്നു പറയാം. കുടുംബസംബന്ധമായ ഉത്തരവാദിത്തങ്ങൾ അടുത്ത തലമുറയ്ക്ക് ഇതിനോടകം കൈമാറിയിട്ടുണ്ടാകും. പ്രധാനമായും 30 മുതൽ 65 വയസുവരെ പ്രായമുള്ളവരുടെ കൂട്ടായ്മയാണ് ഇന്നത്തെ പിതൃവേദിയംഗങ്ങൾ. അറുപത്തിയഞ്ചിനുമേൽ പ്രായമുള്ളവർക്കു സീനിയേഴ്സ് ഫോറമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

പിതൃവേദിയുടെ പ്രഥമതലമുറക്കാരുടെ ജീവിതാനുഭവങ്ങളിൽ നിന്നും വിജയാപജയങ്ങളിൽനിന്നും പാഠങ്ങൾ പഠിച്ചും ഈ കാലഘട്ടത്തിന്റെ ആവശ്യങ്ങളും സാഹചര്യങ്ങളും മനസിലാക്കിയും ഉചിതവും ഫലപ്രദവുമായ കർമപദ്ധതികൾ പിതൃവേദി ആവിഷ്കരിക്കേണ്ടതുണ്ട്. അടുത്ത തലമുറയ്ക്കതു ശരിയായ ദിശാബോധം നൽകുന്നതുമായിരിക്കണം.

### ശ്രേഷ്ഠമായ ദൈവനിയോഗം

അതിരൂപതയിലെ മുപ്പതിനും അറുപത്തിയഞ്ചിനുമിടയ്ക്കു പ്രായമുള്ള കുടുംബജീവിതക്കാരായ എല്ലാപിതാക്കന്മാരും അണിചേരുന്ന കൂട്ടായ്മയാണ് പിതൃവേദി. വിവാഹമെന്ന പരിശുദ്ധ കൂദാശയിലൂടെ കുടുംബജീവിതത്തിലേക്കുള്ള ദൈവവിളി സ്വീകരിച്ചവരാണ് പിതൃവേദിയംഗങ്ങൾ.

സഭയുടെയും സമൂഹത്തിന്റെയും അടിത്തറ കുടുംബങ്ങളാണ്. സഭയെ സംബന്ധിച്ചിടത്തോളം കുടുംബം ഗാർഹികസഭയാണ്; സഭയുടെ ഏറ്റവും ചെറിയ പ്രതിബിംബം. സഭയും മ്ശിഹായും തമ്മിലുള്ള ബന്ധത്തോടാണ് ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ബന്ധത്തെ പൗലോസ്ശ്ലീഹാ ഉപമിച്ചിരിക്കുന്നത് *(എഫേ. 5:21-29)*. ''മ്ശിഹായുടെ

സ്നേഹത്താൽ നിങ്ങൾ അന്യോന്യം കീഴ്പ്പെട്ടിരിക്കുവിൻ'' *(എഫേ. 5:21)* എന്നാണ് ശ്ലീഹാ ഭാര്യാഭർത്താക്കന്മാരെ ഉപദേശിക്കുന്നത്.

സ്വർഗത്തിലും ഭൂമിയിലുമുള്ള സകല പിതൃത്വവും നമ്മുടെ കർത്താവീശോമ്ശിഹായുടെ പിതാവായ ദൈവത്തിൽനിന്നാണെന്ന് *(എഫേ. 3:14-15)* പൗലോസ്ശ്ലീഹാ വ്യക്തമാക്കുന്നു. ചുരുക്കത്തിൽ, ദൈവിക ചൈതന്യത്തിൽ കുടുംബങ്ങളെ രൂപപ്പെടുത്തുവാനുള്ള ദൈവവിളിയാണ് വിവാഹം. ഒരു സ്ത്രീയെയും ഒരു പുരുഷനെയും ദൈവംതന്നെ യോജിപ്പിച്ച് അനുഗ്രഹിക്കുന്ന വിശുദ്ധസംഭവം; പരിശുദ്ധമായ സ്നേഹത്തിൽ മരണംവരെ നിലനിൽക്കേണ്ട പരസ്പരസമർപ്പണം. ഭാര്യാഭർത്താക്കന്മാർ ഏകമനസോടെ നിറവേറ്റേണ്ട ശ്രേഷ്ഠമായ ദൈവനിയോഗമാണിത്. ഈ ദൈവവിളി വിശ്വസ്തതയോടെ നിറവേറ്റുന്നതിലൂടെ ഭാര്യാഭർത്താക്കന്മാരും കുടുംബം മുഴുവനും വിശുദ്ധീകരിക്കപ്പെടുന്നു. കുടുംബവിശുദ്ധീകരണത്തിലൂടെ ലോകവും വിശുദ്ധീകരിക്കപ്പെടുന്നു.

## എല്ലാവരുടെയും പങ്കാളിത്തം

പഠിപ്പിക്കുക, നയിക്കുക, വിശുദ്ധീകരിക്കുക എന്ന ത്രിവിധദൗത്യങ്ങളാണ് കർത്താവ് സഭയ്ക്കു നൽകിയിരിക്കുന്നത്. ഗാർഹികസഭയായ കുടുംബവും സഭയോടുചേർന്ന് ഇക്കാര്യത്തിൽ പങ്കുവഹിക്കേണ്ടതുണ്ട്. അതിനായിട്ടാണ് മാതൃ-പിതൃവേദികൾ നമ്മൾ രൂപീകരിച്ചിരിക്കുന്നത്. അതിരൂപതയിലെ കുടുംബജീവിതക്കാരായ എല്ലാ സ്ത്രീപുരുഷന്മാരും അവയുടെ ഭാഗമാകണം.

നാൽപതുവർഷങ്ങൾ പിന്നിട്ടിരിക്കുന്ന പിതൃവേദിയിൽ അതിരൂപതയിലെ എല്ലാപിതാക്കന്മാരും സജീവപങ്കാളികളാണെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. പിതൃവേദിയുടെ ഇടവക, ഫൊറോന, അതിരൂപതാതലങ്ങളിൽ നേതൃത്വം കൊടുക്കുന്നവർ അതിനാവശ്യമായ കാര്യങ്ങൾ ചെയ്യണം. ബഹുമാനപ്പെട്ട വൈദികർ ഉചിതമായ മാർഗനിർദേശങ്ങളും നേതൃത്വവും നൽകണം. മുമ്പു നിർദേശിച്ചിരുന്നതുപോലെ കുടുംബക്കൂട്ടായ്മാടിസ്ഥാനത്തിൽ മാതൃ-പിതൃവേദികൾ സംഘടിപ്പിച്ച് വരികയാണല്ലോ. അതിന്റെ കാര്യക്ഷമതയ്ക്കും എല്ലാപിതാക്കന്മാരെയും ഉൾപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയും ശ്ലീഹന്മാരുടെ ആദിമസംഘത്തിന്റെ മാതൃകയിൽ 12 പിതാക്കന്മാരടങ്ങുന്ന ചെറുസംഘങ്ങളായി പിതൃവേദിയെ സംഘടിപ്പിക്കുന്നതു നന്നായിരിക്കും. ഓരോ ചെറുസംഘത്തിനും അവരുടെയിടയിൽനിന്നുതന്നെ ഒരു ആനിമേറ്റർ ഉണ്ടാകുന്നതു നല്ലതാണ്. ഈ ആനിമേറ്റർമാരും പിതൃവേദിയിലെ ഭാരവാഹികളുംചേർന്ന് ഇടവകതലത്തിൽ പിതൃവേദിയുടെ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കണം.

പഠിപ്പിക്കുക, നയിക്കുക, വിശുദ്ധീകരിക്കുക എന്നീ ത്രിവിധധർമങ്ങളിലൂടെ സഭയുടെ പ്രേഷിതദൗത്യത്തിൽ മെത്രാന്മാരും വൈദികരും

സമർപ്പിതരും അൽമായവിശ്വാസികളും അവരുടെ ജീവിതാന്തസ്സനുസരിച്ച് പങ്കാളികളാകണം. കുടുംബജീവിതക്കാരായ പിതാക്കന്മാരെ അതിനു സജ്ജരാക്കുകയും സഹായിക്കുകയും ചെയ്യുകയാണ് പിതൃവേദിയുടെ ലക്ഷ്യം. കുടുംബംതന്നെയാണ് പിതാക്കന്മാരുടെ മുഖ്യപ്രേഷിതരംഗം. അതിനു സഹായകരമായ രീതിയിലുള്ള വിശ്വാസപരിശീലനം പിതാക്കന്മാർക്കു ലഭിക്കണം. ഇടവക-ഫൊറോന-അതിരൂപതാ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് ഈപരിശീലനം കാര്യക്ഷമതയോടെ നടക്കണം. മക്കളുടെ വിശ്വാസപരിശീലനം ഫലപ്രദമായി നിർവഹിക്കുന്നതിനു പിതാക്കന്മാരും ഇപ്രകാരം പരിശീലിപ്പിക്കപ്പെടണം. മക്കളുടെ ജനനം മുതലുള്ള വളർച്ചയുടെ വിവിധഘട്ടങ്ങളിൽ, ഈശോയെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ മക്കൾ വളരാൻ അവരെ സഹായിക്കുവാനും സ്വന്തം ജീവിതമാതൃകയിലൂടെ അവർക്കു വഴികാട്ടികളാകാനും മാതാപിതാക്കൾക്കു ചുമതലയുണ്ട്.

## ജീവിതസാക്ഷ്യം

മാതാപിതാക്കളുടെ ജീവിതസാക്ഷ്യമാണ് മക്കളുടെ പ്രധാനപാഠപുസ്തകം എന്നകാര്യം മറക്കരുത്. ദൈവത്തെ അനുസരിക്കുന്നതും സ്നേഹിക്കുന്നതും ദൈവത്തിന്റെ കൽപനകൾ പാലിക്കുന്നതും ഒരു നല്ല കൗദാശികജീവിതം നയിക്കുന്നതും എങ്ങനെയെന്നു സ്വന്തം ജീവിതമാതൃകയിലൂടെ ചെറുപ്പംമുതലെ മക്കളെ പരിശീലിപ്പിക്കണം. അതേപോലെതന്നെ മക്കൾ സഭയെ അറിയാനും അനുസരിക്കാനും സ്നേഹിക്കാനും പഠിക്കുന്ന പ്രാഥമികവിദ്യാലയവും കുടുംബംതന്നെയാണ്. മറ്റുള്ളവരെ നല്ലഅയൽക്കാരനെപ്പോലെ സ്നേഹിക്കാനും സഹായിക്കാനും നന്മ ചെയ്യാനും മാതാപിതാക്കൾ മക്കൾക്കു മാതൃകയാണം.

കത്തോലിക്കാവിശ്വാസത്തിന്റെ പ്രധാനസത്യങ്ങൾ ഏവയെന്നും ക്രൈസ്തവധാർമികത എന്താണെന്നും ബോധ്യപ്പെടുത്തിക്കൊണ്ട്, അവയ്ക്കെതിരായ വെല്ലുവിളികളെ നേരിടാനുള്ള കരുത്ത് നമ്മുടെ മക്കൾക്കു ലഭിക്കണം. ഒരു നല്ല ഭാര്യയും ഭർത്താവും-അപ്പനും അമ്മയും-കുടുംബനാഥനും കുടുംബനാഥയും-അമ്മായിഅപ്പനും അമ്മായിഅമ്മയും-മരുമകളും മരുമകനും എങ്ങനെയായിരിക്കണമെന്നു സ്വന്തം കുടുംബത്തിൽനിന്നുതന്നെയാണ് മക്കൾ മനസിലാക്കേണ്ടത്. സത്യസന്ധത, നീതിബോധം, ക്ഷമ, ദയ, കരുണ, ശാന്തത തുടങ്ങിയ സത്ഗുണങ്ങളിൽ വളരാൻ കഴിയുന്നതും അവർ ജീവിക്കുന്ന കുടുംബപശ്ചാത്തലത്തിലാണ്.

കുടുംബജീവിതത്തിന്റെ കഷ്ടപ്പാടുകളും മാതാപിതാക്കളുടെ സഹനങ്ങളും മനസിലാക്കാനും കഴിവനുസരിച്ച് മാതാപിതാക്കളെ സഹായിക്കാനും മക്കൾക്ക് അവസരമുണ്ടാകുന്നതു നല്ലതാണ്. ആഡംബരത്തിന്റെ പിന്നാലെ പോകാതെ ലളിതവും മാന്യവുമായ ജീവിതം നയി

ക്കാൻ മക്കൾ പഠിക്കണം. പ്രായമനുസരിച്ച് കുടുംബത്തിന്റെ ചില ഉത്തര വാദിത്തങ്ങളിൽ മക്കളെയും പങ്കാളികളാക്കണം. ഏകാധിപത്യപരമായ കുടുംബഭരണം ആരുടെ ഭാഗത്തുനിന്നും ഉണ്ടാകാൻപാടില്ല.

ദൈവത്തിന്റെയും സഭയുടെയും പ്രതിനിധിയെന്നനിലയിൽ കുടുംബ ത്തിന്റെ മുഖ്യചുമതല വഹിക്കുന്ന കുടുംബനാഥൻ മക്കൾക്ക് ഒരി ക്കലും ദുർമാതൃകയാകരുത്. ലഹരിക്കും മയക്കുമരുന്നിനും അടിമപ്പെട്ട് കുടുംബം തകർക്കുന്നവർ സമൂഹത്തെതന്നെ നശിപ്പിക്കുകയാണ്.

## വെല്ലുവിളികളെ നേരിടണം

മക്കൾക്കു ജന്മംനൽകി കുടുംബങ്ങളുടെയും മനുഷ്യസമൂഹത്തി ന്റെയും നിലനിൽപും വളർച്ചയും ഉറപ്പാക്കുകയെന്നതും വിവാഹജീവിത ത്തിന്റെ ലക്ഷ്യമാണ്. അതിനു വിഘാതമുണ്ടാകത്തക്കവിധം ബോധ പൂർവം മക്കൾക്കു ജന്മം നൽകാതിരിക്കുന്നതു ദൈവഹിതമല്ല. നമ്മുടെ സമുദായം ഇപ്പോൾ അങ്ങനെയൊരു ഭീഷണി നേരിടുന്നുണ്ട്. പിതൃത്വ ത്തിന്റെയും മാതൃത്വത്തിന്റെയും മഹത്വത്തിന് അതു കളങ്കമാണ്.

സ്വന്തംനാട്ടിൽ ജീവിച്ച് വിജയിക്കാനുള്ള സാധ്യതകൾ അന്വേഷി ക്കാതെയും അതിനായി അദ്ധ്വാനിക്കാതെയും കൂട്ടപ്പലായനം ചെയ്യുന്ന യുവജനങ്ങളുടെ വിദേശഭ്രമം മാതൃരാജ്യത്തു നമുക്കൊരു ഭാവിയില്ലാ താക്കുന്നുയെന്ന അപകടം മുന്നിൽകാണണം.

ഇപ്രകാരമുള്ള നിരവധി വെല്ലുവിളികൾ നമ്മൾ നേരിടുന്നുണ്ട്. ഒരുമ യോടെയും കൂട്ടുത്തരവാദിത്തത്തോടെയും അവയെ നേരിടാൻ കുടുംബ ങ്ങളുടെ നേതൃരംഗത്തായിരിക്കുന്ന പിതാക്കന്മാർ സജ്ജരാകണം. അതിനുള്ള കർമപദ്ധതികളാണ് പിതൃവേദി ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടത്.

ദൈവഹിതമനുസരിച്ച് കുടുംബത്തെ പുലർത്തുന്നതിന്റെ ഉത്തമ മാതൃകയാണ് നസ്രത്തിലെ തിരുക്കുടുംബം. നീതിമാനും അദ്ധ്വാനിയും ശാന്തശീലനുമായ യൗസേപ്പിതാവിനെ ഓരോകുടുംബനാഥനും മാതൃക യാക്കേണ്ടതാണ്.

ഈശോയിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

**NB:** ***2023 ഡിസംബർ 03 ഞായറാഴ്ച*** *പരിശുദ്ധ കുർബാനമധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.*

# സർക്കുലർ
23 Ch. 294-375

# ജീവകാരുണ്യനിധി

ഈശോയിൽ പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരരേ,

ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹവും കരുണയും അവരെക്കുറിച്ചുള്ള കരുതലും വെളിപ്പെടുത്തിയ മഹാസംഭവമാണ് ഈശോമിശിഹായുടെ തിരുപ്പിറവി. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട നമ്മളും അവിടുത്തെ കരുണാർദ്രമായ സ്നേഹത്തിനു സാക്ഷ്യംവഹിക്കണം. പരസഹായം ആവശ്യമുള്ള എളിയവരായ നമ്മുടെ സഹോദരങ്ങളെ സഹായിക്കുന്നതിനായി ഭാഗ്യസ്മരണാർഹനായ അഭി. പവ്വത്തിൽ പിതാവ് 1972 ൽ തന്റെ മെത്രാഭിഷേകവേളയിൽ ആരംഭംകുറിച്ചതാണ് 'ജീവകാരുണ്യനിധി' എന്ന പദ്ധതി. എല്ലാവർഷവും ക്രിസ്തുമസ്കാലത്ത് അതിനുള്ള ധനശേഖരണം നടത്തിവരുന്നു.

2004 മുതൽ ഈ ധനശേഖരണം കുട്ടികളുടെ ഉന്നതവിദ്യാഭ്യാസം, നിർധനകുടുംബങ്ങൾക്കു ഭവനനിർമാണസഹായം എന്നീ പദ്ധതികൾക്കായി വിനിയോഗിച്ചുവരുന്നു. കളർ എ ഡ്രീം, കളർ എ ഹോം എന്നിങ്ങനെ അവ യഥാക്രമം അറിയപ്പെടുന്നു. അഭി. പവ്വത്തിൽ പിതാവിന്റെ മെത്രാഭിഷേകത്തിന്റെയും ജീവകാരുണ്യനിധിയുടെയും സുവർണജൂബിലിവർഷമായ 2022 ൽ ജൂബിലിസ്മാരകമായി ആരംഭിച്ച 50 ഭവനങ്ങൾ വിവിധ ഇടവകകളിലായി പൂർത്തിയാക്കാൻ കഴിഞ്ഞു. അതിനു സഹകരിച്ച എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു.

ഇവയ്ക്കുപുറമെ നിരവധി പുതിയ ഭവനങ്ങളുടെ നിർമാണവും നൂറുകണക്കിനു ഭവനങ്ങളുടെ നവീകരണപ്രവർത്തനങ്ങളും അതിരൂപതയിലെ ഇടവകകളിൽ നടന്നുവരുന്നു. ഇതിനുള്ള മൂലധനമാണ് ക്രിസ്തുമസ്കാലത്തു നടത്തുന്ന കളർ എ ഹോം ധനശേഖരണം. ഇക്കഴിഞ്ഞ വർഷം ആകെ ലഭിച്ചത് 2 കോടി 62 ലക്ഷം രൂപയാണ്. അതിരൂപതയിലെ ആകെ കുടുംബങ്ങളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ ശരാശരി ഒരുകുടുംബത്തിൽനിന്ന് 300 രൂപയാണ് ലഭിച്ചിരിക്കുന്നത്. മെച്ചപ്പെട്ട സാമ്പത്തികസ്ഥിതിയുള്ള കുടുംബങ്ങൾ കുറച്ചുകൂടി ഉദാരമായി സഹകരിച്ച് ഒരുകുടുംബത്തിൽനിന്നു ശരാശരി 500 രൂപ സഹകരിച്ച് സമാഹരിച്ചാൽ ആകെതുക 4 കോടിയാകും. അങ്ങനെ കൂടുതൽ കുടുംബങ്ങളെ സഹായിക്കാൻ കഴിയും. 'കുടിൽരഹിത അതിരൂപത' എന്ന ലക്ഷ്യം ക്രമേണ നമുക്കു നേടിയെടുക്കുകയും ചെയ്യാം.

ചില ഇടവകകളുടെ കഴിഞ്ഞവർഷത്തെ ധനശേഖരണം മുൻവർഷത്തേതിനേക്കാൾ കുറഞ്ഞുപോയതായി കാണുന്നു. ഓരോ ഇടവകയും സമാഹരിക്കുന്ന തുകയുടെ 85 ശതമാനത്തോളം അതാത് ഇടവകകളിൽതന്നെയാണ് വിനിയോഗിക്കുന്നത്. ഓരോ ഇടവകയിലെയും ഏറ്റവും നിർധനരും സഹായം അർഹിക്കുന്നവരുന്നവരുമായ കുടുംബങ്ങളെ സഹായിക്കുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന ഈ ക്രിസ്തുമസ് ധനശേഖരണം ഈശോയ്ക്കുള്ള സമ്മാനമായിക്കണ്ട് പരമാവധി പങ്കാളിത്തമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ക്രിസ്തുമസ് ധനശേഖരണം നടത്തുന്നതിൽ സഹകരിക്കുന്ന കുടുംബക്കൂട്ടായ്മാ ലീഡേഴ്സിനെ നന്ദിയോടെ ഓർക്കുന്നു. ഇതിനുള്ള സംഭാവനാകവറുകൾ പള്ളിയിൽ സ്തോത്രകാഴ്ചയായി ഇടാതെ തിരിച്ചു വാങ്ങിക്കാൻ ശ്രദ്ധിക്കുമല്ലോ. ഇങ്ങനെ ലഭിക്കുന്ന തുകയുടെ 10% 'കളർ എ ഡ്രീം' എന്ന ഉന്നതവിദ്യാഭ്യാസനിധിയിലേക്കാണ് നിക്ഷേപിക്കുന്നത്. 2004 ൽ ആരംഭിച്ച പ്രസ്തുത പദ്ധതിയിലൂടെ നാളിതുവരെ 3200 കുട്ടികൾക്കു പഠനസഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇടവകകൾ മൂലധനമായി ഈപദ്ധതിയിലേക്കു നിക്ഷേപിക്കുന്ന ഓരോ ലക്ഷം രൂപക്കും 60000 രൂപവീതം പഠനസഹായമായി നൽകുന്നുണ്ട്.

പ്രിയപ്പെട്ടവരുടെ ചരമവാർഷികം, ജൂബിലി തുടങ്ങിയവയോടനുബന്ധിച്ച് ഈപദ്ധതിയിലേക്കു ഒരുതുക നിക്ഷേപിക്കുകയാണെങ്കിൽ കൂടുതൽ നിർധനവിദ്യാർത്ഥികൾക്കു പഠനസഹായം നൽകാൻ കഴിയും. അങ്ങനെ 'ഒരു കുട്ടിയെ പഠിപ്പിക്കൂ, ഒരു കുടുംബത്തെ രക്ഷിക്കൂ' എന്ന ലക്ഷ്യം നേടാം. 'ചെറിയവരായ എന്റെ ഈസഹോദരന്മാരിൽ ഒരുവനു നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണ് ചെയ്തത്' *(മത്താ. 25:40)* എന്ന ഈശോയുടെ വാക്കുകൾ ഹൃദയത്തിൽ സൂക്ഷിച്ച് കളർ എ ഹോം, കളർ എ ഡ്രീം എന്നീ പദ്ധതികളോടു സഹകരിക്കുന്നതിനു പ്രത്യേകം നന്ദിപറയുന്നു.

പിറവിത്തിരുനാളിന്റെയും നവവത്സരത്തിന്റെയും ആശംസകൾ

ഈശോയിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

**NB:** ***2023 ഡിസംബർ 24 ഞായറാഴ്ച*** *പരിശുദ്ധ കുർബാനമധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.*

No. 3964/K5/KCBC/OL/DS 17.10.2023

# ബൈബിൾ പാരായണമാസവും ബൈബിൾ ഞായറാചരണവും സംബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മിഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയമുള്ളവരേ,

വചനം മാംസം ധരിച്ച ഈശോയുടെ തിരുപ്പിറവി ആഘോഷിക്കുന്ന **ഡിസംബർ ബൈബിൾ പാരായണമാസമായും 2023 ഡിസംബർ 17 ബൈബിൾ ഞായറായും** കേരള കത്തോലിക്കാസഭ ആചരിക്കുകയാണ്. സിനഡാത്മകതയെക്കുറിച്ചുള്ള മെത്രാന്മാരുടെ പൊതുസിനഡിന്റെയും കേരളസഭാനവീകരണ വർഷങ്ങളുടെയും (2022-2025) ഭാഗമായി ഇപ്പോൾ നമ്മുടെ രൂപതകളിൽ ദിവ്യകാരുണ്യ ആഘോഷങ്ങളും പരിചിന്തനങ്ങളും നടന്നുവരികയാണല്ലോ. യോഹന്നാന്റെ സുവിശേഷം ആറാം അധ്യായം അടിസ്ഥാനമാക്കി ''ജീവന്റെ അപ്പം: വചനവും വിരുന്നും'' *(യോഹ. 6:27-69)* പരിചിന്തനം ചെയ്യുന്നത് ഉചിതമാണെന്നു കരുതുന്നു.

**I.** *യോഹന്നാൻ 6:35* ''ഞാനാണ് ജീവന്റെ അപ്പം എന്റെ അടുത്തുവരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവനു ദാഹിക്കുകയുമില്ല''. ഈശോയുമായുള്ള സമ്പർക്കത്തിന്റെ രണ്ടുതലങ്ങളായോ ചലനങ്ങളായോ മേലുദ്ധരിച്ച വാക്യത്തിലെ ''വരുക'', ''വിശ്വസിക്കുക'' എന്നആഹ്വാനത്തെ നമുക്കു മനസിലാക്കാം. സമാന്തരപദങ്ങളായിട്ടാണല്ലോ അവ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. തന്റെ അടുത്തുവരുന്ന ആളുമായി ഈശോ സംവദിക്കും; ഈശോയുമായുള്ള സംഭാഷണംവഴി അയാൾ തൃപ്തിയടയും. മനുഷ്യന്റെ എല്ലാ അന്വേഷണങ്ങളുടെയും അഭിലാഷങ്ങളുടെയും സഫലത ഈശോയിലാണ്, അവിടുത്തെ വചനത്തിലാണ്. അതുകൊണ്ടാണ് ഈശോ സ്വയം ജീവന്റെ അപ്പമെന്നു വിശേഷിപ്പിക്കുന്നത്. ഫരിസേയപ്രമാണിയായ നിക്കോദേമോസും *(യോഹ 3)* ദാഹാർത്തയായ സമരിയാക്കാരി സ്ത്രീയും *(യോഹ 4)* മിശിഹായാകുന്ന ജീവജലത്തിന്റെ ഉറവയിലാണല്ലോ തങ്ങളുടെ അന്വേഷണത്തിന്റെ ഉത്തരംകണ്ടെത്തുന്നത്. മിശിഹായുടെ അടുത്തുവരുന്നതിന്റെയും വിശ്വസിക്കുന്നതിന്റെയും ചിത്രങ്ങളാണ് സുവിശേഷകൻ ഇവിടെ അവതരിപ്പിക്കുന്നത്. വചനങ്ങൾ ശ്രവിച്ച് തൃപ്തിയടഞ്ഞവരാണവർ.

**II.** *യോഹന്നാൻ 6:51* ''സ്വർഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേയ്ക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന

അപ്പം എന്റെ മാംസമാകുന്നു''. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിന്റെ രണ്ടാംഭാഗത്ത് ''ജീവന്റെ അപ്പം''എന്നതു പരി. കുർബാനതന്നെയാണെന്നുള്ള ബോധ്യത്തിലേക്കു നാം ആനയിക്കപ്പെടുന്നു. ആദ്യഭാഗത്ത് ''ജീവന്റെ അപ്പം'' എന്നത് ഈശോയുടെ വചനമാണെങ്കിൽ, രണ്ടാംഭാഗത്ത് അതു പരി. കുർബാനയെ സൂചിപ്പിക്കുന്നു. ലോകത്തിന്റെ ജീവനുവേണ്ടി ഈശോ നൽകുന്ന പോഷണത്തിന്റെ ഉത്കൃഷ്ടരൂപമാണ് പരി. കുർബാന. എന്നാൽ ജീവന്റെ വചനത്തിൽ വിശ്വസിക്കുന്നവർക്കു മാത്രമേ ജീവന്റെ അപ്പത്തിന്റെ അതിശ്രേഷ്ഠരൂപമായ പരി. കുർബാനയിലേയ്ക്കു പ്രവേശിക്കാൻ സാധിക്കുകയുള്ളൂ എന്നതാണ് വാസ്തവം. അതുകൊണ്ടാണ് അവന്റെ ശിഷ്യരിൽ പലരും ''ഈ വചനം കഠിനമാണ്. ഇതു ശ്രവിക്കാൻ ആർക്കു കഴിയും?'' *(യോഹ. 6:60)* എന്നുപറഞ്ഞ് അവിടുത്തെ വിട്ടുപോയത് *(യോഹ. 6:66)*. ഈശോയുടെ വചനത്തിൽ വിശ്വസിക്കാത്തവർക്കു, പരി. കുർബാനയിലൂടെ മിശിഹായെ അനുഭവിക്കാത്തവർക്കു, മിശിഹാരഹസ്യത്തിന്റെ അർഥത്തിലേക്കു പ്രവേശിക്കാനാവില്ല. ക്രൈസ്തവവിശ്വാസത്തിന്റെയും ആരാധനയുടെയും ഉച്ചകോടിയും ഉറവിടവുമായി സഭ പരി. കുർബാനയെ വീക്ഷിക്കുന്നതും മറ്റൊന്നുകൊണ്ടല്ല. വിശ്വാസികളായ നമുക്കു ദൈവം സ്വയം സംലഭ്യനാകുന്നതു പരമപരിശുദ്ധ ദിവ്യകാരുണ്യത്തിന്റെ ഇരു മേശകളായ വചനപീഠത്തിന്റെയും ബലിപീഠത്തിന്റെയും വേദിയിലാണ്.

**III. ''കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കുപോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. നീയാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു''** *(യോഹ. 6:68-69)*. തന്റെ വാക്കുകൾ ആത്മാവും ജീവനുമാണെന്ന് ഈശോ പഠിപ്പിച്ചു *(യോഹ. 6:63)*. താൻ ജീവന്റെ അപ്പമാണെന്നും തന്റെ വചനം ശ്രവിക്കുകയും ശരീരം ഭക്ഷിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ടെന്ന മിശിഹാപ്രഖ്യാപനത്തിനുള്ള വിശ്വാസപൂർണവും യുക്തവുമായ പ്രത്യുത്തരമാണ് മേൽസൂചിപ്പിച്ച പത്രോസിന്റെ വാക്കുകൾ. പരി. കുർബാനയാകുന്ന കൂദാശയിലൂടെ മിശിഹായെ വചനമായും അപ്പമായും സ്വീകരിക്കുന്ന വിശ്വാസി ദൈവപുത്രന്റെതന്നെ പരിശുദ്ധിയിലും ജീവനിലുമാണ് പങ്കുചേരുന്നത്. ലോകത്തിന്റെ ജീവനുവേണ്ടി ഈശോ നൽകുന്ന അപ്പം തന്റെ വചനവും മാംസവുമാണ്. വചനത്തിന്റെ നിറവുള്ളവർക്കേ ദിവ്യകാരുണ്യരഹസ്യത്തിലേക്കു പ്രവേശിക്കാൻ സാധിക്കുകയുള്ളു.

ഒഴിഞ്ഞകുടവുമായി ജലം തേടിവന്ന സമരിയാക്കാരി സ്ത്രീ, ഈശോയുടെ വചനത്താൽ നിറഞ്ഞ് കുടമുപേക്ഷിച്ച് *(യോഹ. 4:28-29)* ഓടിയതു തന്റെ ദാഹം ശമിച്ച വിവരം സന്തോഷപൂർവം സ്വന്തം നാട്ടുകാരോടു പങ്കുവയ്ക്കാനാണ്. മിശിഹായുടെ വാക്ക് അവളുടെ ജീവിതത്തിൽ ഇതിനകം ജീവന്റെ അപ്പമായിക്കഴിഞ്ഞിരുന്നു. വചനത്തിന്റെ പോ

ഷണത്താൽ സംതൃപ്തരാകുന്നവർക്കു പ്രേഷിതരാകാതിരിക്കാനാകില്ലെന്നും അവരോരുത്തരും പ്രേഷിതരായി ഭവിക്കുന്നുവെന്നു ഫ്രാൻസിസ് മാർപാപ്പ പറയുന്നതിന്റെ പൊരുൾ സമരിയാക്കാരിയുടെ ജീവിതകഥ നമുക്കു വ്യക്തമാക്കിത്തരുന്നു *(സുവിശേഷത്തിന്റെ സന്തോഷം 120).*

## കേരള കത്തോലിക്കാസഭയും ബൈബിൾശുശ്രൂഷയും

വചനനിറവിലേയ്ക്കു കേരളസഭയെ ഈനവീകരണകാലയളവിൽ നയിക്കുന്നതിനായി KCBC ബൈബിൾ കമ്മിഷനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റുകൾക്കും നിർണായകമായ പങ്കാണ് നിർവഹിക്കാനുള്ളത്. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും ഇന്റർനെറ്റ് രൂപവും Sign ബൈബിളും ലഭ്യമാണ്. പരിഷ്ക്കരിച്ച POC ബൈബിൾ പ്രസിദ്ധീകരണത്തിനായി തയ്യാറായിവരുന്നു. ഈ പരിഷ്ക്കരിച്ചപതിപ്പിന്റെ പുതിയനിയമ പഠനബൈബിൾ 2021 ൽ പ്രസിദ്ധീകരിച്ചിരുന്നു. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോഗോസ് ക്വിസിന് ആഗോളതലത്തിൽ അതുല്യമായ സ്ഥാനമുണ്ട്. ഫാമിലി ലോഗോസും ബധിര-ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള ലോഗോസ് പരീക്ഷയും ശ്രദ്ധയാകർഷിച്ചുവരുന്നു. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് ആഴത്തിൽ അറിവുപകരുന്ന വിജ്ഞാനരീതിയായി മാറിക്കഴിഞ്ഞു. ബൈബിളിലെ പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. വചനനിറവിനായി ബൈബിൾ ക്ലാസ്സുകളും ബൈബിൾ അദ്ധ്യാത്മികപരിശീലനകോഴ്സുകളും ഫലപ്രദമാണ്. *ഓരോ കുടുംബത്തിലും ഓരോ ബൈബിൾ* എന്നലക്ഷ്യം കേരളസഭയിൽ സാധ്യമായിട്ടുണ്ട്. *ഓരോ വ്യക്തിക്കും ഓരോ ബൈബിൾ* എന്നതാണ് നാം ഇനി ലക്ഷ്യംവയ്ക്കേണ്ടത്. POC ബൈബിൾ ആപ്ലിക്കേഷനും ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

## ബൈബിൾപാരായണവും ബൈബിൾഞായറും

മിശിഹായുടെ മാർഗത്തിൽ ആഴപ്പെടുവാൻ പ്രാർഥനാപൂർവകമായ ബൈബിൾപാരായണത്തിനു സാധിക്കും. നവീകരണകാലഘട്ടത്തിലെ ഈവചനയജ്ഞം ഇടവകതലത്തിലും കുടുംബക്കൂട്ടായ്മയിലും സംഘടിപ്പിക്കാവുന്നതാണ്. ദിവസം മൂന്നരമണിക്കൂർ ബൈബിൾ വായനയ്ക്കായി മാറ്റിവച്ചാൽ ഒരുമാസംകൊണ്ട് മുഴുവൻബൈബിളും വായിച്ചുതീർക്കാൻ സാധിക്കുമെന്നാണ് കണക്കുകൂട്ടൽ. ഇടവകകളിലും സ്ഥാപനങ്ങളിലും ഈമാസത്തിൽ വചനപാരായണത്തിനായി പ്രത്യേകം സമയവും സാഹചര്യവും ഒരുക്കാൻ തയ്യാറാകുമല്ലോ. വ്യക്തികളും കുടുംബങ്ങളും ഈ പാരായണമാസം സമുചിതമായി നടത്താൻ ശ്രമിക്കുമല്ലോ.

ഡിസംബർ 17 നു ബൈബിൾഞായർ ഇടവകകളിൽ ബൈബിൾ പ്രതിഷ്ഠയോടും ബൈബിൾപ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ ആഹ്വാനം ചെയ്യുന്നു. KCBC ബൈബിൾ കമ്മിഷന്റെയും രൂപതാ ബൈബിൾ അപ്പോസ്തലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ബൈബിൾഞായറാഴ്ച നടത്തുന്ന പരി. കുർബാനമധ്യേയുള്ള സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മിശിഹായുടെ ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമം പൂർത്തിയാക്കുന്നതോടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തിപകർന്ന് ഒരേ ശരീരവും ഭവനവുമായി വളരാൻ നമ്മുടെ ബൈബിൾശുശ്രൂഷകൾക്കാകട്ടെ. ദൈവവചനത്തിലധിഷ്ഠിതമായ നവീകരണയജ്ഞത്തിൽ കേരളസഭയോടൊപ്പം നമുക്കോരോരുത്തർക്കും പങ്കുചേരാം.

ദൈവവചനത്തിന്റെ നിറവിൽ അനുഗൃഹീതരാകാനും ''പ്രേഷിത ശിഷ്യരാകാനും'' നിങ്ങളേവരോടും ആഹ്വാനം ചെയ്തുകൊണ്ടും മനുഷ്യാവതാരതിരുനാളിന്റെ പ്രാർഥനാശംസകൾ നേർന്നുകൊണ്ടും

സ്നേഹാദരങ്ങളോടെ,

**ബിഷപ് ജയിംസ് റാഫേൽ ആനാപറമ്പിൽ**
(ചെയർമാൻ)

**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ)

**ബിഷപ് ജോൺ നെല്ലിക്കുന്നേൽ**
(വൈസ് ചെയർമാൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, POC, കൊച്ചി 682025

---

**NB:** ***2023 ഡിസംബർ 17 ഞായറാഴ്ച*** *ഈ സർക്കുലർ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.*

# ആരാധനാജീവിതം:
# അനുബന്ധമാർഗനിർദേശങ്ങൾ– 4

## മരണാനന്തരശുശ്രൂഷകൾ

മരണാനന്തരശുശ്രൂഷകൾക്കു സഭ വളരെ പ്രാധാന്യംനൽകുന്നു. ക്രൈസ്തവവിശ്വാസം പ്രഘോഷിക്കുകയും അതിനു സാക്ഷ്യംവഹിക്കുകയും ചെയ്യുന്ന അവസരങ്ങളാണവ. ആ ബോധ്യത്തോടും ആത്മീയ ചൈതന്യത്തോടുംകൂടി അവ നിർവഹിക്കുന്നതു മരണമടഞ്ഞവർക്കും ശുശ്രൂഷകളിൽ പങ്കെടുക്കുന്നവർക്കും അനുഗ്രഹപ്രദമാണ്. അതിനായി താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക:

### 1. ഉയിർപ്പിലും നിത്യായുസ്സിലുമുള്ള വിശ്വാസം

സഭയുടെ വിശ്വാസപ്രമാണത്തിൽ നമ്മൾ പ്രഖ്യാപിക്കുന്നു: 'മരിച്ചവരുടെ ഉയിർപ്പും നിത്യായുസ്സും ഞങ്ങൾ ഏറ്റുപറയുന്നു'. ദൈവത്തിന്റെ വെളിപാടുകളിൽനിന്നു സഭ മനസ്സിലാക്കിയിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട രക്ഷാരഹസ്യങ്ങളാണ് സഭയുടെ വിശ്വാസപ്രമാണത്തിൽ നമ്മൾ ഏറ്റുപറയുന്നത്. അതനുസരിച്ച് ജീവിക്കുന്നതാണ് വിശ്വാസജീവിതം.

നമ്മുടെ ഈലോകജീവിതം ലക്ഷ്യംവയ്ക്കുന്നതും അതിന് അർത്ഥവും പ്രത്യാശയും നൽകുന്നതും മരണശേഷമുള്ള ഉയിർപ്പും നിത്യജീവനുമാണ്. ഈ വിശ്വാസത്തിനു ചേർന്നവിധമായിരിക്കണം മരണാനന്തര ശുശ്രൂഷകൾ നടത്തുന്നത്.

### 2. മൃതശരീരത്തെ ആദരവോടും മാന്യതയോടുംകൂടി കൈകാര്യം ചെയ്യണം

മൃതശരീരം മണ്ണോടുചേരേണ്ടതാണെങ്കിലും രൂപാന്തരപ്പെട്ട് ഉയിർപ്പിക്കപ്പെടുമെന്നുള്ളതാണ് മരിച്ചവരുടെ ഉയിർപ്പിലുള്ള വിശ്വാസം സൂചിപ്പിക്കുന്നത്. ഇപ്രകാരം രൂപാന്തരപ്പെട്ട് ഉയിർപ്പിക്കപ്പെടുന്ന ശരീരത്തെ സ്വർഗീയ ശരീരമെന്നും ആത്മീയശരീരമെന്നുമൊക്കെ പൗലോസ്ശ്ലീഹാ വിളിക്കുന്നു *(1 കോറി. 15: 40-53)*. ലോകത്തിൽ ശരീരംകൊണ്ടുചെയ്യുന്ന നന്മകളും സുകൃതങ്ങളും ത്യാഗങ്ങളും അധ്വാനവുമെല്ലാം നിത്യജീവനാകുന്ന സമ്മാനത്തിനു നമ്മെ അർഹരാക്കുന്നു.

ശരീരാവയവങ്ങൾ ഉപയോഗിച്ച് വിശുദ്ധകാര്യങ്ങൾ നമ്മൾ ചെയ്യുന്നു. ദൈവസ്തുതികൾ പാടാൻ നാവും ദൈവവചനം ശ്രവിക്കാൻ ചെവികളും. സ്നേഹത്തിന്റെ വീരോചിതമായ സുകൃതങ്ങളനുഷ്ഠിച്ച് കടന്നുപോയ പുണ്യവ്യക്തികളുടെ ഭൗതികശരീരത്തെ വണങ്ങുകയും ആദരപൂർവം സംരക്ഷിക്കുകയും ചെയ്യുന്ന പതിവ് സഭയിലുള്ളതാണ്. വിശുദ്ധർ വിശ്രമം കൊള്ളുന്ന കബറിടങ്ങളെന്നു പ്രാർത്ഥനയിൽ നമ്മൾ പറയുന്നുണ്ട്.

ഇക്കാര്യങ്ങളൊക്കെ മനസ്സിലാക്കി സ്നേഹാദരവുകളോടെ മൃതദേഹം ഒരുക്കി സംസ്കരിക്കാൻ ശ്രദ്ധിക്കണം.

### 3. കിഴക്കിനഭിമുഖമായി മൃതശരീരം കിടത്തുക

നമ്മുടെ കർത്താവിന്റെ പ്രത്യാഗമനം കാത്തിരിക്കുകയാണ് സഭ. കിഴക്കുനിന്നു മഹത്വത്തോടെ കർത്താവ് പ്രത്യക്ഷപ്പെടുമെന്നുള്ള പ്രതീകാത്മകത സഭയുടെ പ്രാർത്ഥനകളിലും ആരാധനാലയസംവിധാനത്തിലും ഉള്ളതാണ്. കർത്താവ് ആഗതനാകുന്ന ദിക്കിലേക്കു നോക്കി പ്രത്യാശയോടെ നമ്മൾ പ്രാർത്ഥിക്കുകയും കാത്തിരിക്കുകയും ചെയ്യുന്നു. 'മരണമടഞ്ഞവർക്കു ലോകാവസാനംവരെ വിശ്രമം നൽകേണ്ട കബറിടം' എന്നാണ് പ്രാർത്ഥനകളിൽ ശവക്കല്ലറയെ വിശേഷിപ്പിച്ചിരിക്കുന്നത്. മരിച്ചവരും മിശിഹായുടെ പുനരാഗമനത്തെ കാത്തിരിക്കുന്നു. അതിനാൽ പുനരാഗമനം കിഴക്കുനിന്നാണെന്നുള്ള പ്രതീകാത്മകത മരിച്ചവർക്കും പ്രസക്തമാകയാൽ മൃതശരീരം സംസ്കരിക്കുന്നതും ശരീരം കിഴക്കിനഭിമുഖമായി വരത്തക്കവിധത്തിലാണ്. അങ്ങനെ സഭയുടെ വിശ്വാസരഹസ്യങ്ങളിലൊന്നായ കർത്താവിന്റെ പുനരാഗമനവും മൃതശരീരസംസ്കാരത്തിലൂടെ നമ്മൾ ഏറ്റുപറയുന്നു.

### 4. മൃതദേഹം വഹിച്ചുകൊണ്ടുള്ള വിലാപയാത്ര

ഭവനത്തിലെ ശുശ്രൂഷകൾക്കുശേഷം മൃതശരീരം ദൈവാലയത്തിലേക്കും അവിടെനിന്നു സിമിത്തേരിയിലേക്കും സംവഹിക്കപ്പെടുന്നു. സാധാരണയായി വിലാപയാത്രയെന്ന് ഇതിനെ വിശേഷിപ്പിക്കുന്നു; ഒരു യാത്രയായി ഇതിനെ കരുതാവുന്നതാണ്. സഭയുടെ ഈലോകത്തിലെ ദൃശ്യകൂട്ടായ്മയിൽനിന്ന് ഒരംഗം എന്നന്നേക്കുമായി വേർപിരിയുന്നതാണ് മരണം. ബന്ധുജനങ്ങളെയും പ്രിയപ്പെട്ടവരെയും ഈ വേർപാട് വേദനിപ്പിക്കുന്നു. മരണമടഞ്ഞ ആളിനോടുള്ള സ്നേഹാദരവുകൾ പ്രകടിപ്പിക്കുന്നതിനു കുഴിമാടംവരെ നാമും അനുയാത്ര ചെയ്യുന്നു.

### 5. അച്ചടക്കത്തോടും പ്രാർത്ഥനയോടുംകൂടി പങ്കുചേരണം

വിലാപയാത്രയിൽ പങ്കെടുക്കേണ്ടതു തികഞ്ഞ അച്ചടക്കത്തോടും ചിട്ടയായും പ്രാർത്ഥനയിൽ സജീവമായി പങ്കുചേർന്നുകൊണ്ടുമായിരിക്കണം. അനുതാപത്തിലേക്കു നയിക്കുന്നതും മരണാനന്തരജീവിതത്തിലുള്ള പ്രത്യാശയിൽ വളരാൻ സഹായിക്കുന്നതുമാണ് മരണാനന്തര ശുശ്രൂഷാകർമങ്ങൾ. മാത്രമല്ല, മരിച്ചവർക്കുവേണ്ടിയുള്ള സഭയുടെ മാധ്യസ്ഥ്യപ്രാർത്ഥനയുമാണത്.

### 6. അന്ത്യചുംബനം

മരിച്ചയാളിനോടുള്ള സ്നേഹാദരവുകൾ പ്രകടിപ്പിക്കുന്നതിന്റെയും അവസാനമായി യാത്രപറഞ്ഞു പിരിയുന്നതിന്റെയും അടയാളമായാണ് ബന്ധുക്കളും പ്രിയപ്പെട്ടവരും അന്ത്യചുംബനം നൽകുന്നത്. വീട്ടിൽ വച്ചും പള്ളിയിലോ സിമിത്തേരിയിലോവച്ചും അതിനുള്ള അവസരമുണ്ട്.

അന്ത്യചുംബനത്തിനുവേണ്ടി കൂടുതൽ സമയമെടുത്തു ശുശ്രൂഷകൾ നീണ്ടുപോകാതിരിക്കുന്നതിനു ശുശ്രൂഷകൾക്കിടയിൽതന്നെ അന്ത്യ ചുംബനത്തിനുള്ള ക്രമീകരണം നടത്തുന്നതായിരിക്കും ഉചിതം. വീട്ടിൽ വച്ച് അന്ത്യചുംബനം നൽകിയവർ പള്ളിയിൽ/സിമിത്തേരിയിൽ വച്ച് വീണ്ടും നൽകേണ്ടതില്ല. സമാപനത്തിൽ പെട്ടി അടയ്ക്കുന്നതിനുമുമ്പു മരിച്ചയാളിന്റെ വളരെ അടുത്തബന്ധുക്കൾമാത്രം അന്ത്യോപചാരം അർപ്പി ച്ചാൽ മതിയാകും. ചുംബനത്തിനുപകരം പുഷ്പദളങ്ങളോ കുന്തിരി ക്കമോ നിക്ഷേപിച്ച് ആദരവ് പ്രകടിപ്പിച്ചാലും മതി.

**7.** മൃതസംസ്കാരശുശ്രൂഷകൾക്കു സിമിത്തേരിയിൽ പ്രവേശിക്കുന്ന വർ കുഴിമാടങ്ങളിൽ ചിത്രീകരിച്ചിരിക്കുന്ന സ്ലീവായിൽ ചവിട്ടിനടക്കു ന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ലീവായോടുള്ള വലിയ അനാദരവാണത്. അങ്ങനെ സംഭവിക്കാതിരിക്കാൻ പ്രത്യേകംശ്രദ്ധിച്ച് വേണ്ടക്രമീകരണങ്ങൾ ചെയ്യണം. കല്ലറകൾക്കിടയിലൂടെ നടന്നുപോകത്തക്കവിധം നടപ്പാത കൾ സജ്ജീകരിക്കുന്നതാണ് ഏറ്റവുമുചിതം.

**8.** മരണാനന്തരപ്രാർത്ഥനാശുശ്രൂഷകളുടെ ഭാഗമായി പല അവസരങ്ങ ളിലും വീടുകളിൽ വൈദികന്റെ നേതൃത്വത്തിൽ സഭ നിർദേശിച്ചിരിക്കുന്ന പ്രാർത്ഥനയോടനുബന്ധിച്ച് അതിൽ പങ്കെടുക്കുന്നവർ സ്തോത്രക്കാഴ്ച സമർപ്പിക്കാറുണ്ട്. തദവസരത്തിൽ വൈദികൻ ഊറാറ ധരിച്ച് ഇരിപ്പിട ത്തിൽ ഇരിക്കുകയും ആളുകൾ ഊറാറയിലെ സ്ലീവാ വണങ്ങുകയും ചെയ്യുന്ന പതിവുണ്ട്. ഈയവസരത്തിൽ ലഭിക്കുന്ന സ്തോത്രകാഴ്ച അതിരൂപതാനിർദേശപ്രകാരം ജീവകാരുണ്യപ്രവർത്തനങ്ങൾക്കും മരിച്ച യാളിനുവേണ്ടി പരിശുദ്ധ കുർബാന, ഒപ്പീസ് എന്നീ തിരുക്കർമങ്ങൾക്കും വേണ്ടി ഇടവകവികാരിയെ ഏൽപ്പിക്കുകയാണ് പതിവ്.

**9.** മരിച്ചവർക്കുവേണ്ടിയുള്ള തിരുക്കർമങ്ങളിൽ ധൂപാർപ്പണം ഉണ്ടായി രിക്കുന്നത് ഏറ്റവും ഉചിതമാണ്.

(തുടരും)

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത




# I

## മാർ തെയഡോറിന്റെ കൂദാശക്രമത്തിന്റെ ഉപയോഗം

ഈശോമിശിഹായുടെ മനുഷ്യാവതാരത്തിനും രക്ഷാകരപദ്ധതിക്കും പീഡാസഹനത്തിനും ഊന്നൽനൽകുന്ന മാർ തെയഡോറിന്റെ കൂദാശ ക്രമം മംഗളവാർത്തക്കാലം മുതൽ ഓശാനഞായർ വരെയാണ് പരമ്പരാഗതമായി ഉപയോഗിച്ചിരുന്നത്. അതുകൊണ്ട് മംഗളവാർത്തക്കാലം മുതലുള്ള ഞായറാഴ്ചകളിലും തിരുനാളുകളിലും സാധിക്കുന്നിടത്തോളം ഇടദിവസങ്ങളിലും ഈകൂദാശക്രമം ഉപയോഗിക്കേണ്ടതാണ്.

സഭ മുഴുവനിലും പ്രസ്തുത കൂദാശക്രമത്തിനു സ്വീകാര്യത ലഭിക്കാൻ വേണ്ടി ചില ഭാഗങ്ങൾ ഐച്ഛികമായി അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രാർത്ഥനകളെല്ലാം ചൊല്ലുന്നതാണ് കരണീയം.

നാലാം ഗ്ഹാന്തയിലെ അപേക്ഷകൾ അടിസ്ഥാനക്രമത്തിലെപ്പോലെ കാർമികൻതന്നെ (പ്രത്യുത്തരത്തോടുകൂടിയല്ലാതെ) പൂർണമായും ചൊല്ലേണ്ടതാണ്.

# II

## വിവാഹാഘോഷങ്ങൾക്കു മുടക്ക്

നമ്മുടെ കർത്താവീശോമിശിഹായുടെ തിരുപ്പിറവിക്കൊരുക്കമായി നടത്തുന്ന ഇരുപത്തിയഞ്ചുനോമ്പ് കാലയളവിൽ (ഡിസംബർ 01 മുതൽ 24 വരെ) വിവാഹാഘോഷങ്ങൾക്കു മുടക്കമാണെന്നു ബഹു. വൈദികർ പള്ളികളിൽ വിളിച്ചറിയിക്കേണ്ടതാണ്.

# III

## പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനം

| തീയതി | സമയം | ഫൊറോന |
|---|---|---|
| ഡിസംബർ 03 ഞായർ | 02:00 pm | എടത്വാ |
| ഡിസംബർ 10 ഞായർ | 09:00 am | തിരുവനന്തപുരം |
| ഡിസംബർ 17 ഞായർ | 02:00 pm | ചെങ്ങന്നൂർ |

## IV
## ബൈബിൾഞായർ

KCBC ബൈബിൾ കമ്മിഷന്റെ ആഹ്വാനമനുസരിച്ച് ബൈബിൾ പാരായണമാസമായി ഡിസംബറും ബൈബിൾഞായറായി ഡിസംബർ 17 ഉം ആചരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ മാസം ബൈബിൾ വായനക്കായി കൂടുതൽ സമയം മാറ്റിവക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഡിസംബർ പതിനേഴിനു ദൈവാലയങ്ങളിൽ ബൈബിൾപ്രതിഷ്ഠയും ബൈബിൾപ്രദക്ഷിണവും നടത്തുന്നത് ഉചിതമായിരിക്കും. അന്നേ ദിവസത്തെ സ്തോത്രക്കാഴ്ച KCBC ബൈബിൾ കമ്മിഷനു നൽകേണ്ട തിനാൽ 2023 ഡിസംബർ 31 നു മുമ്പ് അതിരൂപതാ സാമ്പത്തികകാര്യാ ലയത്തിൽ ഏൽപിക്കേണ്ടതാണ്.

## V
## മൈലാപ്പൂരിലെ അത്ഭുതസ്ലീവായുടെ തിരുനാൾ

ഇന്ത്യയിലെ മാർതോമാനസ്രാണികൾ പുരാതനകാലംമുതൽ വണങ്ങി യിരുന്ന മൈലാപ്പൂരിലെ അത്ഭുതസ്ലീവാ നമ്മുടെ സഭയിൽ പ്രധാനപ്പെട്ട ഒരു ആരാധനാപ്രതീകമാണ്. സീറോമലബാർസഭയുടെ പാരമ്പര്യത്തി ലധിഷ്ഠിതവും വിശ്വാസികളുടെ വണക്കത്തിന് ഏറ്റംയോഗ്യവുമായ അത്ഭുതസ്ലീവായുടെ തിരുനാൾ ഡിസംബർ 18 നു സമുചിതമായി ആച രിക്കേണ്ടതാണ്.

## VI
## ദൈവവിളി സെമിനാർ

അതിരൂപതാ ദൈവവിളി സെമിനാർ ഈ വർഷം ഡിസംബർ 27 ബുധ നാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.45 വരെ നടത്തപ്പെടുന്നു. ആൺകുട്ടികൾക്കു കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിലും പെൺകുട്ടികൾക്കു ചങ്ങനാശ്ശേരി സന്ദേശനിലയത്തിലുമാണ് സെമി നാർ ക്രമീകരിച്ചിരിക്കുന്നത്.

## VII
## അൽമായവചനപ്രഘോഷകർക്കുള്ള പരിശീലനം

ചങ്ങനാശ്ശേരി അതിരൂപതയിലെ അൽമായവചനപ്രഘോഷകർക്കുള്ള പരിശീലനം 2024 ജനുവരി 05, 06 തീയതികളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടക്കുന്നതാണ്. അഭി. പിതാക്കന്മാരും വചന പ്രഘോഷകരും പങ്കെടുക്കുന്ന ഈ പരിശീലനപരിപാടി ജനുവരി 05 രാവിലെ 9 മുതൽ ജനുവരി 06 വൈകുന്നേരം 4 വരെയാണ്. പഴയ കാർഡുള്ളവർക്ക് ഈ പരിശീലനവേളയിൽ അതു പുതുക്കിനൽകുന്ന താണ്. പങ്കെടുക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 750 രൂപയാണ്.

*വിശദവിവരങ്ങൾക്ക്:* റവ. ഫാ. ലൂയിസ് വെള്ളാനിക്കൽ (9447258837)
ശ്രീ. മോൻ ചെത്തിമറ്റം (9495524890)
ശ്രീ. സിബിച്ചൻ ഉപ്പുകുന്നേൽ (9447259334)

## VIII
## അതിരൂപതാ ബൈബിൾ കൺവെൻഷൻ

മഹാജൂബിലിവർഷത്തിൽ ആരംഭിച്ച അതിരൂപതാ ബൈബിൾ കൺവെൻഷൻ രജതജൂബിലിവർഷത്തിലേക്കു പ്രവേശിക്കുകയാണ്. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ 2024 ഫെബ്രുവരി 14 ബുധനാഴ്ച മുതൽ 18 ഞായറാഴ്ചവരെയാണ് (വൈകുന്നേരം 3.30 മുതൽ 8.45 വരെ) കൺവെൻഷൻ. ബഹു. ഡാനിയേൽ പൂവണ്ണത്തിൽ അച്ചനാണ് (തിരുവനന്തപുരം മൗണ്ട് കാർമൽ ധ്യാനകേന്ദ്രം) കൺവെൻഷൻ നയിക്കുന്നത്. പരി. കുർബാനയാണ് പ്രധാനവിഷയം. പ്രസ്തുത ദിവസങ്ങളിൽ ഇടവകധ്യാനമോ, കുടുംബക്കൂട്ടായ്മകളോ, പൊതുപരിപാടികളോ ക്രമീകരിക്കാതെ വൈദികരും സമർപ്പിതരും ദൈവജനവും കൺവെൻഷനിൽ പങ്കെടുക്കാനുള്ള ക്രമീകരണവും അറിയിപ്പും നൽകേണ്ടതാണ്.

## IX
## അതിരൂപതാതല യൂക്കരിസ്റ്റിക് കോൺഗ്രസ് ദിനാചരണം

KCBC പ്രഖ്യാപിച്ചിരിക്കുന്ന കേരളസഭാനവീകരണത്തിന്റെ ഭാഗമായുള്ള അതിരൂപതാതല യൂക്കരിസ്റ്റിക് കോൺഗ്രസ് ദിനാചരണം 2024 ഫെബ്രുവരി 17 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.30 നു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ അതിരൂപതാ ബൈബിൾ കൺവെൻഷൻ വേദിയിൽ നടത്തപ്പെടുന്നു.

അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന ഇടവക-സന്യസ്തവൈദികരും സമർപ്പിതരും പാസ്റ്ററൽ കൗൺസിൽ-ഫൊറോനാ കൗൺസിൽ അംഗങ്ങളും സംഘടനകളുടെ അതിരൂപത-ഫൊറോനാ ഭാരവാഹികളും ഇടവകയിൽനിന്നുള്ള പ്രതിനിധികളും സാധിക്കുന്ന ദൈവജനങ്ങളും പരി. കുർബാനയർപ്പണത്തിൽ പങ്കുചേരേണ്ടതാണ്. ബഹു. വൈദികർ തിരുവസ്ത്രങ്ങൾ കരുതേണ്ടതാണ്.

## X
## തിരുനാളാഘോഷങ്ങൾ

തിരുനാളുകളോടനുബന്ധിച്ച് പള്ളിപ്പരിസരങ്ങളിൽ ശനിയാഴ്ചകളിലും കടമുള്ള ദിവസങ്ങളുടെ തലേദിവസങ്ങളിലും വൈകിട്ട് ആറുമണിക്കുശേഷം നാടകം, ഗാനമേള, കഥാപ്രസംഗം, ഡാൻസ് മുതലായ

കലാപരിപാടികൾ നടത്തുവാൻ പാടില്ല. അതിരൂപതാകച്ചേരിയിൽനിന്ന് ഇതിനുള്ള അനുവാദം നൽകുന്നതല്ല (കച്ചേരിക്കാര്യം നവംബർ 1975, ജനുവരി 1984, ഡിസംബർ 2006).

ഇടവകാംഗങ്ങളുടേതല്ലാതെയുള്ള ഗാനമേളകൾ തിരുനാളുകളോട് അനുബന്ധിച്ച് നടത്തേണ്ടതില്ല. ഇടവകാംഗങ്ങളുടെ കലാപരിപാടികളും ഭക്തിഗാനമേളകളുമാണ് പ്രോത്സാഹിപ്പിക്കേണ്ടത്.

## XI
## കളർ എ ഹോം – ക്രിസ്തുമസ് ധനശേഖരണം

ഈ വർഷത്തെ ക്രിസ്തുമസ് ധനശേഖരണം 'കളർ എ ഹോം' ഭവന നിർമാണപദ്ധതിക്കുവേണ്ടിയുള്ളതാണ്. ആകെ ലഭിക്കുന്ന തുകയുടെ 40 ശതമാനവും തിരുത്തൽവരുത്തിയ കുടുംബവിവര ഫാറങ്ങളും 2024 ജനുവരി 31 നു മുമ്പായി അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.

## XII
## പരിശുദ്ധ കുർബാനനിയോഗം

**2023 നംവബർ 04** ന് അതിരൂപതാകുടുംബത്തിൽനിന്നും നിത്യ സമ്മാനത്തിനു യാത്രയായ കാലായിൽ ബഹു. ജോസഫ് അച്ചനെ നമ്മുടെ പ്രാർത്ഥനയിലോർക്കാം. എല്ലാ വൈദികരും ബഹു. അച്ചനുവേണ്ടി ഒരു വിശുദ്ധ കുർബാന അർപ്പിക്കേണ്ടതാണ്.

■

## 2023 ഡിസംബർ – 2024 ജനുവരിമാസങ്ങളിൽ പൗരോഹിത്യപട്ടം സ്വീകരിക്കുന്ന ബഹു. ശെമ്മാശന്മാർക്ക് അതിരൂപതാകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ

| | | | |
|---|---|---|---|
| **2023 DECEMBER** | | | |
| **26** | 9.15 am | കാവനാട്ട് മാത്യു | സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ, കുടമാളൂർ |
| | 2.15 pm | ചോരേട്ട് ജോസഫ് | സെന്റ് മേരീസ് വെട്ടിമുകൾ |
| **27** | 9.15 am | കളത്തിപ്പറമ്പിൽ സെബാസ്റ്റ്യൻ | മാർത്ത് മറിയം ഫൊറോന, തുരുത്തി |
| | 2.15 pm | മരങ്ങാട്ട് മാത്യു | സെന്റ് ജോസഫ്സ്, ളായിക്കാട് |
| **28** | 9.15 am | വടക്കേറ്റത്ത് മാത്യു | സെന്റ് മൈക്കിൾസ്, തത്തംപള്ളി |
| | 2.15 pm | കട്ടത്തറ യോഹന്നാൻ | സെന്റ് സേവ്യേഴ്സ്, പുതുക്കരി |
| **29** | 9.15 am | അറയ്ക്കത്തറ ആന്റണി | ഹോളി ഫാമിലി, പുല്ലങ്ങടി |
| | 2.15 pm | എതിരേറ്റ് കുടിലിൽ ആന്റണി | സെന്റ് മേരീസ് ബസിലിക്ക, ചമ്പക്കുളം |
| **30** | 9.15 am | പുത്തൻപുരയിൽ മാത്യു | സെന്റ് മേരീസ് ഇത്തിത്താനം |
| | 2.15 pm | മനയത്ത് സെബാസ്റ്റ്യൻ | സെന്റ് സേവ്യേഴ്സ് ഫൊറോന, തൃക്കൊടിത്താനം |
| **31** | 2.15 pm | പുതുപ്പറമ്പിൽ ജോസഫ് | ഹോളി ഫാമിലി, മാന്നില |
| **2024 JANUARY** | | | |
| **01** | 9.15 am | കുറശ്ശേരി ജോസഫ് | ഔർ ലേഡി ഓഫ് ഡോളേഴ്സ്, കൈനടി |
| | 2.15 pm | മുണ്ടുവേലിൽ ജോസഫ് | സെന്റ് ജോർജ് ഫൊറോന, എടത്വാ |
| **02** | 2.15 pm | തറക്കുന്നേൽ ജോൺ | ലൂർദ് ഫൊറോന, തിരുവനന്തപുരം |
| **03** | 9.15 am | മാമ്മൂട്ടിൽ സെബാസ്റ്റ്യൻ | സെന്റ് മേരീസ്, നരിക്കൽ |
| **04** | 9.15 am | കളത്തിവീട്ടിൽ ജേക്കബ് | സെന്റ് ആന്റണീസ് ഫൊറോന, കുറുമ്പനാടം |
| **17** | 9.15 am | ഇലവുംമൂട്ടിൽ സേവ്യർ | അസംപ്ഷൻ, കുറുമ്പനാടം |

**ഈശോ അവരോടു പറഞ്ഞു: 'എന്നെ അനുഗമിക്കുവിൻ; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും' (മർക്കോസ് 1:17)**

# സൗമ്യം, ശാന്തം, ദീപ്തം, ഈ പ്രേഷിതതീർത്ഥാടനം

## മുട്ടത്തുകുന്നേൽ ബഹു. തോമസച്ചൻ



തമിഴ്മക്കളുടെ ഹൃദയങ്ങളെ കീഴടക്കിയ ശാന്തനായ മിഷനറി, മിഷനെ സ്നേഹിച്ച കർമയോഗി, പ്രാർത്ഥനയിൽ ആശ്രയിച്ചുജീവിച്ച ഉത്തമനായ വൈദികൻ, വ്യക്തിബന്ധങ്ങളിൽ നിഷ്ഠപുലർത്തിയ മനുഷ്യൻ, ഹൃദയലാളിത്യം കൈമുതലായുള്ള വ്യക്തിത്വം, കന്യാകുമാരി മിഷൻകോഡിനേറ്റർ, ചെറുതും വലുതുമായ നിരവധി മിഷൻ ഇടവകകളുടെ വികാരി, തക്കലരൂപതയുടെ ആദ്യത്തെ പ്രോട്ടോ സിഞ്ചെല്ലൂസ് എന്നീ നിലകളിലെല്ലാം തന്റെ അജപാലനശുശ്രൂഷയിൽ സ്വയം സമർപ്പിച്ച പ്രിയങ്കരനായ മുട്ടത്തുകുന്നേൽ ബഹു. തോമസച്ചൻ 2023 ഒക്ടോബർ 22 നു നിത്യവിശ്രമത്തിലേക്കു പ്രവേശിച്ചു. കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ സുദീർഘമായ പൗരോഹിത്യവർഷങ്ങൾ മിഷനറിയായി അദ്ധ്വാനിച്ച ഒരുവന്ദ്യവൈദികൻ നമ്മോടു വിടവാങ്ങിയിരിക്കുന്നു.

1930 സെപ്റ്റംബർ 21 നു പൊൻകുന്നത്ത് മുട്ടത്തുകുന്നേൽ മത്തായി - മറിയം ദമ്പതികളുടെ മൂത്തമകനായി തോമാച്ചൻ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം പാറേൽ മൈനർ സെമിനാരിയിൽ ചേർന്നു. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽനിന്നും തത്വശാസ്ത്ര-ദൈവശാസ്ത്രപഠനങ്ങൾ പൂർത്തിയാക്കി 1960 ഡിസംബർ 20 നു ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവിന്റെ കൈവയ്പ്പുശുശ്രൂഷവഴി ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ പുരോഹിതനായി തോമാച്ചൻ അഭിഷിക്തനാക്കപ്പെട്ടു.

ചങ്ങനാശേരി അതിരൂപതയുടെ കന്യാകുമാരിമിഷൻ ആരംഭിച്ചത് അക്കാലത്തായിരുന്നു. നവവൈദികൻ ബഹു. മുട്ടത്തുകുന്നേൽ അച്ചനെ തൽക്കാലത്തേക്ക് ആദ്യമിഷനായ നിദ്രവിളയിലേക്ക് അസിസ്റ്റന്റ് വികാരിയായി മാർ മാത്യു കാവുകാട്ട് പിതാവ് നിയമനംനൽകി അയച്ചു. 1961 ജനുവരി 14 ന് അച്ചൻ നിദ്രവിളയിൽ ചാർജെടുത്തു. അവിടെനിന്നും പടന്താലുംമൂട്, സൂസൈപുരം തുടങ്ങിയ മിഷൻകേന്ദ്രങ്ങളിലേക്കു തന്റെ പ്രവർത്തനം വ്യാപിപ്പിച്ചു. സൈക്കിളിലായിരുന്നു യാത്ര. റോഡുകൾ സഞ്ചാരയോഗ്യമല്ലായിരുന്നു. ദിവസേന എട്ടുകിലോമീറ്റർ അച്ചൻ സൈക്കിളിൽ യാത്ര ചെയ്യുമായിരുന്നു. തുടർന്നു വികാരിയായി നിദ്രവിള, സൂസൈപുരം, പ്ലാങ്കര,

ചേവിള, മാങ്കര, മഞ്ചാലുംമൂട്, കാരോട്, മുക്കൂട്ടുകൽ, മാറപ്പാടി, പടന്താലുംമൂട്, തെറ്റിയോട്, തക്കാളിവിള, വാറുതട്ട് തുടങ്ങിയ ഇടവകകളിൽ ശുശ്രൂഷ നിർവഹിച്ച് അനേകായിരങ്ങൾക്കു മാമോദീസാനൽകി സഭയിൽചേർത്തു. മിഷൻപ്രദേശങ്ങളിലെല്ലാം പലവിധ വികസനപദ്ധതികൾക്കു നേതൃത്വം നൽകി. സഭാകാര്യങ്ങൾ അവരെ പഠിപ്പിച്ചു. ഈശോയുടെ സ്നേഹവും കാരുണ്യവും അനുഭവവേദ്യമാക്കുന്ന ഉപകരണമായി അദ്ദേഹം പ്രവർത്തിച്ചു.

അച്ചൻ തമിഴ്ഭാഷ നന്നായി പഠിച്ച് തമിഴിൽ മനോഹരമായ വചനപ്രഘോഷണം നടത്തി. അച്ചന്റെ തമിഴ്ഭാഷ ലളിതവും സുന്ദരവുമായിരുന്നു. അതിരൂപത ആരംഭിച്ച മിഷൻകേന്ദ്രങ്ങളിലെ ആളുകൾ തീർത്തും പാവപ്പെട്ടവരും വിദ്യാഭ്യാസമില്ലാത്തവരുമായിരുന്നു. ഓലമേഞ്ഞതും ചാണകം മെഴുകിയതുമായ വീടുകളായിരുന്നു അധികവും. വികസനത്തിനു വഴിതെളിച്ചുകൊണ്ട് മിഷൻസ്റ്റേഷനുകളിൽ സ്കൂളുകൾ ആരംഭിച്ചു. ഉന്നതവിദ്യാഭ്യാസത്തിനായി അച്ചൻ പലരെയും സാമ്പത്തികമായി സഹായിച്ചു. ജർമൻകാരനായ ഫാ. സ്റ്റാഡർ വഴി ജർമനിയിൽ നേഴ്സിങ് പഠിക്കുവാനും ജോലി ലഭിക്കുവാനും പലർക്കും സഹായംനൽകി. ഭവനനിർമാണത്തിനായും വിവാഹത്തിനായും വളരെപ്പേരെ സഹായിച്ചു.

കന്യാകുമാരി സോഷ്യൽ സർവീസ് സൊസൈറ്റി തമിഴ്മക്കളുടെ സാമ്പത്തിക, സാമൂഹിക, സാംസ്കാരികമുന്നേറ്റത്തിനു വലിയസംഭാവന ചെയ്യുകയുണ്ടായി. അതിന്റെ പ്രസിഡന്റ് എന്നനിലയിൽ ബഹു. അച്ചന്റെ സേവനം എന്നും അനുസ്മരിക്കപ്പെടും. 1991 ൽ വലിയ വെള്ളപ്പൊക്കമുണ്ടായി വളരെയധികം വീടുകൾ ഒലിച്ചുപോയി. നെതർലന്റിലെ തെരേദേഹോമിന്റെ സഹായത്തോടെ 200 വീടുകൾ നിർമിച്ചു നൽകുവാൻ സൊസൈറ്റി നേതൃത്വം നൽകി. തുടർന്ന് 100 ഭവനങ്ങൾകൂടി വളരെ പാവപ്പെട്ടവർക്കു നിർമിച്ചുനൽകുവാൻ സൊസൈറ്റിക്കു സാധിച്ചു. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെയും ലീജിയൻ ഓഫ് മേരിയുടെയും ആത്മീയ ഉപദേഷ്ടാവായും അദ്ദേഹം ശുശ്രൂഷ ചെയ്തു. വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പല പ്രൊജക്റ്റുകൾവഴി വിദേശത്തുനിന്നും സ്വദേശത്തുനിന്നും ഫണ്ട് സമാഹരിച്ച് പാവപ്പെട്ടവർക്കു വിദ്യാഭ്യാസത്തിനും ഭവനനിർമാണത്തിനും സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതിനും സഹായിക്കുകയുണ്ടായി.

സൺഡേസ്കൂൾ പുസ്തകങ്ങളും തിരുക്കർമങ്ങളുടെ പുസ്തകങ്ങളും തമിഴിലേക്കു പരിഭാഷപ്പെടുത്താൻ കഠിനാധ്വാനം ചെയ്തു. ചരിത്രം പഠിക്കുവാൻ വളരെ തൽപരനായിരുന്നു. കന്യാകുമാരിമിഷന്റെയും തുടർന്നു തക്കലരൂപതയുടെയും ചരിത്രം അച്ചനു കൃത്യമായി അറിയാമായിരുന്നു. അതു മറ്റുള്ളവർക്കു പറഞ്ഞുകൊടുക്കുവാനും അദ്ദേഹം വളരെ വിദഗ്ധനായിരുന്നു. ഡിസ്ട്രിക്ട് വികാരി, മിഷൻ കോഡിനേറ്റർ എന്നീനിലകളിൽ അവിടെയുള്ള വൈദികരെയും സന്യസ്തരെയും ഒന്നിപ്പിച്ചുനിർത്തി മിഷന്റെ വളർച്ചയ്ക്കു

വേണ്ടി പ്രവർത്തിച്ചു. തക്കലരൂപതയുടെ അടിസ്ഥാനമൊരുക്കുവാൻ അദ്ദേഹത്തിലൂടെ ദൈവം വഴിയൊരുക്കി. തക്കലരൂപതയുടെ ആദ്യത്തെ പ്രോട്ടോസിഞ്ചെല്ലൂസായി ബഹു. തോമസച്ചൻ നിയമിതനായി.

2004 ൽ റിട്ടയർ ചെയ്യുന്നതുവരെ ആ പദവിയിൽ ശുശ്രൂഷചെയ്തു. റിട്ടയർ ചെയ്തശേഷം ഇത്തിത്താനത്തെ സെന്റ് ജോസഫ്സ് വൈദികമന്ദിരത്തിലായിരുന്നു താമസം. കേരളത്തിനുപുറത്ത് മിഷൻപ്രവർത്തനം നടത്തിയവർക്കായി ചെറുപുഷ്പ മിഷൻലീഗ് ഏർപ്പെടുത്തിയ ഫാ. മാലിപ്പറമ്പിൽ സ്മാരക മിഷൻ അവാർഡ് ആദ്യമായി ലഭിച്ചതു ബഹു. തോമസച്ചനായിരുന്നു.

കന്യാകുമാരിമിഷനിലും തക്കലരൂപതയിലുമായി 43 വർഷങ്ങൾ മിഷനറിയായി സേവനം ചെയ്ത തോമസച്ചൻ അനേകായിരങ്ങളെ കർത്താവിനായി നേടി. വൈദികമന്ദിരത്തിലെ അന്തേവാസിയായി രോഗസഹജമായ വേദനകളിലും ശാന്തനായി ജീവിച്ചു. ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്തങ്ങളെല്ലാം നന്നായി നിറവേറ്റി ഒക്ടോബർ 22 ന് അച്ചൻ സ്വർഗത്തിലേക്കു യാത്രയായി.

അച്ചന്റെ സഹോദരൻ റൊസേറിയൻ സന്യാസസമൂഹാംഗമായിരുന്ന ഫാ. എഫ്രേം മുട്ടത്തുകുന്നേൽ എട്ടുവർഷം മുമ്പ് നിര്യാതനായി.

ബഹു. തോമസച്ചന്റെ മൃതസംസ്കാരശുശ്രൂഷ ഒക്ടോബർ 26 വ്യാഴാഴ്ച പൊൻകുന്നം ഹോളി ഫാമിലി ഫൊറോനാ പള്ളിയിൽ അഭി. മാർ ജോസഫ് പെരുന്തോട്ടം, അഭി. മാർ ജോർജ് രാജേന്ദ്രൻ എന്നീ പിതാക്കന്മാരുടെ കാർമികത്വത്തിൽ നടത്തപ്പെട്ടു. തക്കലരൂപതയിൽനിന്നു വളരെയധികം വൈദികരും സന്യസ്തരും വിശ്വാസികളും സംസ്കാരകർമങ്ങളിൽ പങ്കെടുക്കുകയുണ്ടായി.

കന്യാകുമാരി മിഷനുവേണ്ടി ഉഴിഞ്ഞുവച്ച ആ ജീവിതം ഒരുതീർത്ഥാടനം തന്നെയായിരുന്നു. അനേകർക്കു പ്രിയങ്കരനായിരുന്ന തോമസച്ചനെ ഈശോ മഹത്വത്തിന്റെ കിരീടമണിയിക്കട്ടെ.

**ഫാ. കുര്യൻ പുത്തൻപുര**

■

# ദൈവവിളികളെ വളർത്തിയ
## കാലായിൽ ബഹു. ജോസഫ് അച്ചൻ



തൊണ്ണൂറ്റിയഞ്ചു വർഷകാലം ഈ ലോകത്തിൽ ജീവിച്ച് ദൈവത്തിന്റെ മഹോന്നതദാനമായ പൗരോഹിത്യ ശുശ്രൂഷയിലൂടെ ദൈവത്തെ മഹത്വപ്പെടുത്തി സഭാ ശുശ്രൂഷയിലൂടെ ദൈവജനത്തിനു ശുശ്രൂഷചെയ്തു തന്റെ പിതാവിന്റെ ഭവനത്തിലേക്കു യാത്രയായ കാലായിൽ ബഹു. ജോസഫ് അച്ചന്റെ ആത്മാവിനു നിത്യ ശാന്തി നേരുന്നു. കുറുമ്പനാടം കാലായിൽ ആന്റണി – മറിയം ദമ്പതികളുടെ മകനായി 1929 ഏപ്രിൽ 28 നു ജോസഫ് അച്ചൻ ജനിച്ചു. പാറേൽ, ആലുവ സെമിനാരികളിൽ തന്റെ വൈദികപഠനം പൂർത്തിയാക്കി 1959 മാർച്ച് 14 നു മാർ മാത്യു കാവുകാട്ട് പിതാവിൽനിന്നും പൗരോഹിത്യപട്ടം സ്വീകരിച്ചു.

കുറുമ്പനാടം അസംപ്ഷൻ ഇടവകാംഗമായിരുന്ന ബഹു. അച്ചൻ അവിഭക്ത ചങ്ങനാശേരിഅതിരൂപതയുടെ വിവിധമേഖലകളിൽ ചെയ്ത ശുശ്രൂഷകൾ അദേഹത്തിന്റെ അജപാലനവൈഭവം വെളിപ്പെടുത്തുന്നതും പുതുതലമുറക്കു പഠനവിഷയവുമാണെന്നു നിസംശയം പറയാൻസാധിക്കും. കാഞ്ഞിരപ്പള്ളിരൂപതയിലെ മണിപ്പുഴമിഷൻ പ്രദേശത്ത് ആരംഭിച്ച തന്റെ അജപാലനശുശ്രൂഷയോടു ജീവിതാവസാനംവരെ നൂറുശതമാനം വിശ്വസ്തത പുലർത്തിയാണ് അച്ചൻ ഈലോകത്തിൽനിന്നു യാത്രയായിരിക്കുന്നത്. വള്ളംചിറ ഇടവകയുടെ പ്രഥമവികാരിയായി തന്റെ അജപാലനശുശ്രൂഷയുടെ മറ്റൊരുമേഖലയിലേക്കു കാലെടുത്തുവെച്ച അച്ചനു പിന്നീട് തന്റെ യാത്രയിൽ ഒരിക്കലും തിരിഞ്ഞുനോക്കേണ്ടിവന്നിട്ടില്ല. മുണ്ടത്താനം, ചെറുവള്ളി, പാറമ്പുഴ, കൂത്രപ്പള്ളി, പൊടിപ്പാറ, മാമ്മൂട്, ഇരവുചിറ, മാന്നില, കൊടിനാട്ടുംകുന്ന്, തുരുത്തി എന്നീ ഇടവകകളിലും അച്ചൻ ശുശ്രൂഷചെയ്തു.

വള്ളംചിറയിലെ ശുശ്രൂഷയിൽ ധാരാളമായി സന്യാസപൗരോഹിത്യ ദൈവവിളികൾക്ക് അദേഹം പ്രേരകശക്തിയായി തീർന്നത് ഇന്നും വള്ളംചിറ ഇടവകയിൽനിന്നുള്ള സന്യസ്തരും വൈദികരും ഓർക്കുന്നകാര്യമാണ്. കാലായിലച്ചൻ പ്രഥമ പരി. കുർബാന നൽകിയ അഭി. മാർ അലക്സ് തോമസ് കാളിയാനിയിൽ പിതാവ് മെത്രാൻശുശ്രൂഷയിലേക്ക് ഉയർത്തപ്പെട്ടത് അഭിമാനമായി അവസാനനിമിഷംവരെ അച്ചൻ മനസ്സിൽ കൊണ്ടുനടന്നതാണ്. അജപാലനശുശ്രൂഷയിൽ അദേഹത്തിന്റെ തനതായ വ്യത്യസ്തശൈലികൾ ദൂരെനിന്നു നോക്കികാണുക അത്ഭുതത്തോടെ മാത്രമാണ്. അസംഭവ്യമെന്നു

കരുതുന്നതൊക്കെ തന്റെ തനതായ ശൈലിയിൽ സംഭവ്യമാക്കിത്തീർക്കുന്ന അച്ചന്റെ അജപാലനരീതി വിസ്മരിക്കുവാൻ സാധിക്കില്ല.

മേലധികാരികളോടുള്ള തന്റെ വിധേയത്വം ജോസഫച്ചന്റെ ജീവിതത്തിൽനിന്നും മാറ്റിനിർത്തുവാൻ സാധിക്കുന്ന കാര്യമേയായിരുന്നില്ല. അവർ എന്തുപറഞ്ഞാലും അതു തനിക്ക് ഇഷ്ടമില്ലാത്തതാണെങ്കിൽകൂടെയും അനുസരിക്കുവാനുള്ള ഒരു വലിയമനസ് അച്ചന്റെ സവിശേഷതതന്നെയായിരുന്നു. സഹവൈദികരോടുള്ള ബന്ധം എന്നും നിലനിർത്തുവാൻ താൽപര്യം കാണിച്ചിരുന്നു. ജീവിതത്തിലെ സംഭവങ്ങളെ ആഘോഷമാക്കിയ ഒരുപുരോഹിതനായിരുന്നു കാലായിലച്ചൻ. അച്ചന്റെ പൗരോഹിത്യസ്വീകരണത്തിന്റെ സുവർണ ജൂബിലിയാഘോഷത്തിനു സഹായിക്കുവാനുള്ള ഭാഗ്യം തുരുത്തിയിലെ കൊച്ചച്ചൻ എന്നനിലയിൽ എനിക്കു ലഭിക്കുകയുണ്ടായി. താൻ ശുശ്രൂഷ ചെയ്ത ഇടവകകളിൽ പോയിവിളിക്കുകയും വ്യക്തിപരമായി ഓരോരുത്തരെയും ക്ഷണിക്കുകയുമൊക്കെ ചെയ്യുന്നതു കണ്ടപ്പോൾ അദ്ദേഹത്തിന്റെ തന്റെ ജനവുമായുള്ള വ്യക്തിബന്ധത്തിന്റെ ആഴം മനസ്സിലാക്കുവാൻ എനിക്കു സാധിച്ചു. മരിക്കുന്ന നിമിഷംവരെയും ഈ ബന്ധം ഫോൺ വിളികളിലൂടെയും സന്ദർശനത്തിലൂടെയും നിലനിർത്തുവാൻ ശ്രദ്ധിച്ചിരുന്നു. അച്ചന്റെ മനസിൽ എപ്പോഴും സൂക്ഷിച്ചിരുന്ന ജീവിതമാർഗമായിരുന്നു തന്റെ അമ്മച്ചി പറഞ്ഞുകൊടുത്ത കുറെ നല്ലകാര്യങ്ങൾ. ഓരോ സാഹചര്യങ്ങൾ വരുമ്പോൾ അമ്മച്ചി ഇങ്ങനെ പറയുമായിരുന്നുയെന്നു പറഞ്ഞുകൊണ്ട് ആ ഓർമ നിലനിർത്തുകയും തന്റെ ജീവിതത്തെ അതിനനുസരിച്ചു ക്രമപ്പെടുത്തുകയും ചെയ്തിരുന്നു. സ്വന്തം ഇടവകാംഗമായായിരുന്ന അഭി. പവ്വത്തിൽ പിതാവിനോടുള്ള ആത്മബന്ധം എന്നും സൂക്ഷിച്ചിരുന്നു. സീറോമലബാർസഭയിലെ ഒരുമേലധ്യക്ഷൻ എന്നനിലയിലുള്ള പിതാവിന്റെ വളർച്ചയിൽ തന്റെ സാന്നിധ്യമുണ്ടായിരുന്നുവെന്നത് അച്ചന്റെ വലിയസന്തോഷമായിരുന്നു. ഈശോസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ട പവ്വത്തിൽ പിതാവിനെ ചങ്ങനാശ്ശേരിയിലേക്കു കൊണ്ടുവന്നതു തന്റെ പ്രേരണയാണെന്നുള്ളത് അച്ചന്റെ അഭിമാനമായിരുന്നു.

ഞാൻ കുറുമ്പനാടം അസംപ്ഷൻ പള്ളിയിൽ വികാരിയായി ശുശ്രൂഷയാരംഭിച്ചപ്പോൾ മുതൽ അച്ചൻ കാണുമ്പോഴൊക്കെ പറയുമായിരുന്നു 'തന്റെ അവസാന ശുശ്രൂഷകൾ നടത്തിയതിനു ശേഷമേ പോകാവൂ' എന്ന്. തന്റെ അവസാനത്തെ ആഗ്രഹവും സാധിച്ചതിനു ശേഷമാണ് അച്ചൻ ഇപ്പോൾ പിതൃസന്നിധിയിലായിരിക്കുന്നത്.

മാതാപിതാക്കളിൽനിന്നും ലഭിച്ച നന്മയുടെ മാതൃകയും അജപാലനശുശ്രൂഷയിലൂടെ ആർജിച്ചെടുത്ത അത്മബലവും വ്യക്തിബന്ധത്തിലൂടെ നേടിയെടുത്ത അജപാലനവഴിയും കൂദാശാർപ്പണത്തിലൂടെ നേടിയെടുത്ത പൗരോഹിത്യബലവും അച്ചന്റെ ജീവിതത്തിന്റെ തേജസ് ഉയർത്തുന്നു. കുറവുകളെ സദാ പരിഹരിക്കുന്ന കർത്താവ് തന്റെ പുരോഹിതദാസന്റെമേൽ കരുണയായിരിക്കട്ടെയെന്നു നമുക്കു പ്രാർത്ഥിക്കാം.

ബഹു. ജോസഫ് കാലായിൽ അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾ അഭി. മാർ ജോസഫ് പെരുന്തോട്ടം, അഭി. മാർ തോമസ് തറയിൽ എന്നീ പിതാക്കന്മാരുടെ കാർമികത്വത്തിൽ 2023 നവംബർ 9 വ്യാഴാഴ്ച കുറുമ്പനാടം അസംപ്ഷൻ പള്ളിയിൽ നടത്തപ്പെട്ടു. ഈശോമിശിഹാ രണ്ടാം ആഗമനത്തിൽ വിധിക്കാനായി വരുമ്പോൾ തന്റെ പുരോഹിതദാസനായ ബഹു. കാലായിൽ ജോസഫ് അച്ചനെയും കൂടെനിർത്തും എന്നപ്രത്യാശയിൽ അച്ചന്റെ ആത്മാവിനു നിത്യശാന്തി നേരുന്നു.

**ഫാ. ഫിലിപ്പ് ഏറത്തേടം**

■

# ഉത്ഥിതനോടൊപ്പം



**സി. ആലീസ് അമല തറപ്പേൽ CMC**



**സി. പയസ് പുതുപ്പള്ളിമറ്റം CMC**



**സി. ചെറുപുഷ്പം ആലഞ്ചേരി SABS**



**സി. സോഫിയ കിഴക്കേടത്ത് MLF**



**സി. മേരി ജെമ്മ ആമ്പശ്ശേരിൽ MLF**

**"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു."** *(2 തിമോ. 4:7)*

# അതിരൂപതാ വൈദികസമ്മേളന റിപ്പോർട്ട്

ചങ്ങനാശ്ശേരി അതിരൂപതാവൈദികരുടെ ഈവർഷത്തെ രണ്ടാം വൈദിക സമ്മേളനം 2023 നവംബർ 21 ചൊവ്വാഴ്ച ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയുടെ പാരിഷ് ഹാളിൽ സംഘടിപ്പിച്ചു. മാർ തോമാശ്ലീഹായുടെ ഭാരതപ്രവേശനത്തിന്റെ അനുസ്മരണദിനമായ അന്നേദിവസം രാവിലെ അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവിന്റെ കാർമികത്വത്തിൽ മെത്രാപ്പോലീത്തൻപള്ളിയിൽ നടന്ന മൂറോൻകൂദാശയെ തുടർന്ന് ഒന്നാം വൈദികസമ്മേളനത്തിനുശേഷം അതിരൂപതാകുടുംബത്തിൽനിന്നും നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട വൈദികർ, സമർപ്പിതർ, അൽമായസഹോദരർ എന്നിവരെ അനുസ്മരിച്ച് അഭി. പിതാവ് ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അതിനുശേഷം, 11.15 ന് ആരംഭിച്ച പ്രസ്തുത സമ്മേളനത്തിലേക്ക് അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവ് എല്ലാവരെയും സ്വാഗതം ചെയ്തു. തദവസരത്തിൽ, വൈദികസമൂഹത്തിന്റെ കൂട്ടായ്മയുടെ പ്രതീകമാണ് മൂറോൻകൂദാശയിൽ പങ്കെടുക്കുന്ന വൈദികരെന്നും അതിരൂപതാകുടുംബത്തിനുവേണ്ടി സ്വയംസമർപ്പിച്ച വൈദികരുടെ കൂട്ടായ്മ ആത്മീയവളർച്ചയുടെ കൂട്ടായ്മയാകണമെന്നും അഭി. പിതാവ് ഓർമിപ്പിച്ചു. അതേതുടർന്ന്, കഴിഞ്ഞ വൈദികസമ്മേളനത്തിനുശേഷം അതിരൂപതയിൽ നടന്ന വിവിധ അജപാലനപ്രവർത്തനങ്ങളുടെ റിപ്പോർട്ട് സംക്ഷിപ്തരൂപത്തിൽ ഓഡിയോ – വിഷ്വലായി MAC TV അവതരിപ്പിച്ചു.

അഭി. മാർ തോമസ് തറയിൽപിതാവ് തന്റെ സന്ദേശത്തിൽ, ഒക്ടോബർമാസം റോമിൽ നടന്ന പതിനാറാമത് Ordinary General Assembly of the Synod of Bishops ന്റെ ആദ്യസെഷനുശേഷം A SYNODAL CHURCH IN MISSION എന്നപേരിൽ പ്രസിദ്ധീകരിച്ച സിന്തെസിസ് റിപ്പോർട്ടിന്റെ പ്രസക്തഭാഗങ്ങൾ പങ്കുവച്ചു. പൗരോഹിത്യശുശ്രൂഷ എപ്പോഴും സേവനമാണെന്നും മറിച്ച് അതൊരു പ്രത്യേക ആനുകൂല്യമല്ലെന്നും; അജപാലനശുശ്രൂഷയിൽ തീരുമാനങ്ങളെടുക്കുമ്പോൾ കൂടുതൽ പങ്കാളിത്തവും പ്രവർത്തനശൈലിയിൽ കൂടുതൽ സുതാര്യതയുമുണ്ടാകണമെന്നും അഭി. തറയിൽപിതാവ് ഓർമിപ്പിച്ചു.

തുടർന്ന്, അതിരൂപതയ്ക്കുവേണ്ടി ഡിസംബർ, ജനുവരിമാസങ്ങളിൽ ശുശ്രൂഷാപൗരോഹിത്യം സ്വീകരിക്കുന്ന മ്ശംശാനാമാർ തങ്ങളുടെ തിരുപ്പട്ടശുശ്രൂഷയിലേയ്ക്കു വൈദികസമൂഹത്തെ ക്ഷണിച്ചു. അതിനുശേഷം, പൗരോഹിത്യസ്വീകരണത്തിന്റെ സുവർണ, രജതജൂബിലിയിലേക്കു പ്രവേശിക്കുന്ന വൈദികർക്കും നവവൈദികൻ കാമിച്ചേരി ബഹു. ജോസഫച്ചനും അനുമോദനങ്ങളും; പൂനാ പേപ്പൽ സെമിനാരിയിൽനിന്നു ബൈബിളിൽ മൂന്നാമത്തെ ഡോക്ടറേറ്റ് നേടിയ വള്ളിയാനിപ്പുറം ബഹു. തോമസച്ചൻ, അമേരിക്കയിൽനിന്നു മനഃശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ ഈറ്റക്കകുന്നേൽ ബഹു. തോമസച്ചൻ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽനിന്നു MA സിനിമ – ടെലിവിഷനിൽ മൂന്നാംറാങ്ക് നേടിയ മൂന്നുപറയിൽ ബഹു. വർഗീസച്ചൻ എന്നിവർക്ക് അഭിനന്ദനങ്ങളും അഭി. പെരുന്തോട്ടംപിതാവ് അറിയിച്ചു.

തുടർന്ന് അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവ് വൈദികർക്കു നൽകിയ പൊതുനിർദേശങ്ങളിൽ സിനഡാലിറ്റിയുടെ പ്രതിഫലനമായ പൊതുയോഗവും പ്രതിനിധിയോഗവും കുടുംബക്കൂട്ടായ്മകളും കൂടുതൽ ഊർജസ്വലമാക്കണമെന്നും യുവജനങ്ങളെ സഭയോടും ഇടവകയോടും ചേർത്തുനിർത്തുന്നതിൽ ശ്രദ്ധിക്കണമെന്നും വൈദികാർത്ഥികളുടെ പരിശീലനത്തിനു സാമ്പത്തികമായി സഹായിക്കാൻ കഴിവുള്ളവരെ ഇടവകയിൽനിന്നുതന്നെ കണ്ടെത്തണമെന്നും തിരുപ്പട്ടശുശ്രൂഷയ്ക്ക് അനാവശ്യമായ ആഡംബരങ്ങൾ ഒഴിവാക്കി മിതത്വംപാലിക്കണമെന്നും അഞ്ചാമത് അതിരൂപതാ അസംബ്ലിയുടെ കണ്ടെത്തലുകൾ അജപാലനശുശ്രൂഷയിൽ പ്രാവർത്തികമാക്കണമെന്നും ഇടവകയിലെ നിർമാണപ്രവർത്തനങ്ങൾ അതിരൂപതാകച്ചേരിയുടെയും സർക്കാരിന്റെയും മുൻകൂട്ടിയുള്ള അനുവാദം ലഭിച്ചശേഷം മാത്രമേ ആരംഭിക്കാൻ പാടുള്ളൂവെന്നും ഓർമിപ്പിച്ചു.

അതിരൂപതയുടെ തീർത്ഥാടനകേന്ദ്രമായി ആലപ്പുഴ-പഴവങ്ങാടി മാർ സ്ലീവാ ഫൊറോനാപള്ളിയെ പ്രഖ്യാപിക്കുന്ന കാര്യവും കേരളസഭാനവീകരണത്തിന്റെ ഭാഗമായുള്ള വി. കുർബാന വർഷാചരണത്തിന്റെ അതിരൂപതാതലത്തിലുള്ള സമാപനം അതിരൂപതാ ബൈബിൾകൺവെൻഷനോടനുബന്ധിച്ച് 2024 ഫെബ്രുവരി 17 ശനിയാഴ്ച അതിരൂപതയിലെ എല്ലാ വൈദികരും ഒന്നുചേർന്ന് അർപ്പിക്കുന്ന പരി. കുർബാനയോടെയായിരിക്കുമെന്നും സമ്മേളനമധ്യേ അഭി. പെരുന്തോട്ടംപിതാവ് യോഗാംഗങ്ങളെ അറിയിച്ചു. തദവസരത്തിൽ അഭി. പെരുന്തോട്ടംപിതാവ്, മറ്റത്തിൽ ബഹു. ജോസഫച്ചന്റെ ഡോക്ടറൽ തീസിസ് "The Eparchial Bishop and Organization of Liturgical Life in Eastern Code" എന്ന പുസ്തകവും അതിരൂപതാ ലിറ്റർജിക്കൽ അപ്പോസ്തലേറ്റ് പ്രസിദ്ധീകരിക്കുന്ന 2023-2024 ലെ ആരാധനാവത്സരകലണ്ടറും പ്രകാശനം ചെയ്തു.

അതിനുശേഷം നടന്ന ചർച്ചയിൽ അജപാലനശുശ്രൂഷ ഫലദായകമാക്കുവാൻ സഹായകമായ വിവിധകാര്യങ്ങൾ ബഹു. വൈദികർ പങ്കുവച്ചു. തുടർന്ന്, പൗരോഹിത്യസ്വീകരണത്തിന്റെ സുവർണജൂബിലിയിലേക്കു പ്രവേശിക്കുന്ന അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവിനും രജതജൂബിലിയിലേയ്ക്കു പ്രവേശിക്കുന്ന അഭി. മാർ തോമസ് തറയിൽപിതാവിനും ആശംസകളും വൈദികസമ്മേളനത്തിൽ പങ്കെടുത്തവർക്കു നന്ദിയുമർപ്പിച്ച് അതിരൂപതാ സിഞ്ചെള്ളൂസ് വാണിയപ്പുരക്കൽ പെ. ബഹു. ജോസഫച്ചൻ സംസാരിച്ചു. ഉച്ചകഴിഞ്ഞ് 1.30 നു സമാപിച്ച വൈദികസമ്മേളനത്തിന് അതിരൂപതാ സിഞ്ചെള്ളിമാരായ വാണിയപ്പുരക്കൽ പെ. ബഹു. ജോസഫച്ചൻ, പാലക്കൽ പെ. ബഹു. ജയിംസച്ചൻ, താനമാവുങ്കൽ പെ. ബഹു. വർഗീസച്ചൻ, അതിരൂപതാ ചാൻസലർ ആലഞ്ചേരി പെ. ബഹു. ഐസക്കച്ചൻ, അതിരൂപതാ പ്രൊക്കുറേറ്റർ കാരിക്കൊമ്പിൽ പെ. ബഹു. ചെറിയാനച്ചൻ എന്നിവർ നേതൃത്വം നൽകി.

**ഫാ. ജോർജ് പുതുമനമൂഴിയിൽ**
(അതിരൂപതാ വൈസ് ചാൻസലർ)

■

# സന്ദേശനിലയം

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

നിത്യജീവനിലേയ്ക്കുള്ള നമ്മുടെ യാത്രയിൽ അണഞ്ഞതും മങ്ങിപ്പോയതുമായ നന്മയുടെയും അനുകമ്പയുടെയും പ്രകാശങ്ങൾ ദീപ്തമാക്കുവാൻ പുതിയൊരു ആരാധനാക്രമവത്സരത്തിലേയ്ക്കു തിരുസഭാമാതാവ് നമ്മെ ക്ഷണിക്കുന്നു. രക്ഷകനായ ഈശോമിശിഹായുടെ പിറവിത്തിരുനാൾ ആനന്ദത്തോടും പ്രാർത്ഥനയോടുംകൂടെ വരവേൽക്കാം. ഈശോമിശിഹായോടൊപ്പം ജീവനിൽ പ്രവേശിക്കുവാൻ ഉപവാസത്തോടും പ്രാർത്ഥനയോടും ഉപവിപ്രവൃത്തികളോടുംകൂടെ പരിശ്രമിക്കാം. 'ഇതാ കർത്താവിന്റെ ദാസി' *(ലൂക്കാ 1:38)* എന്ന് ഏറ്റുപറഞ്ഞ പരി. മറിയത്തെപ്പോലെ സകലരുടെയും നന്മക്കായി ദൈവത്തിനു സ്വയം സമർപ്പണംചെയ്യാം. പരി. മറിയത്തിന്റെ അമലോത്ഭവതിരുനാളിന്റെയും കർത്താവീശോമിശിഹായുടെ പിറവിത്തിരുനാളിന്റെയും മംഗളങ്ങൾ സ്നേഹത്തോടെ ആശംസിച്ചുകൊണ്ട്

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ഹെൻട്രി കോയിൽപറമ്പിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
*(അസിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**മംഗളവാർത്തക്കാലം**

**2023 ഡിസംബർ**

01 വെള്ളി : ഇരുപത്തഞ്ച് നോമ്പാരംഭം
02 ശനി : വി. ഫ്രാൻസിസ് സേവ്യർ, CLT Class
03 ഞായർ : മംഗളവാർത്ത ഒന്നാം ഞായർ ക്ലാസ്സ് – 27
08 വെള്ളി : **പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ** (ഓഫീസ് അവധി)
09 ശനി : CLT Class
10 ഞായർ : മംഗളവാർത്ത രണ്ടാം ഞായർ ക്ലാസ്സ് – 28
16 ശനി : CLT Class
17 ഞായർ : മംഗളവാർത്ത മൂന്നാം ഞായർ ക്ലാസ്സ് – 29
18 തിങ്കൾ : **മൈലാപ്പൂരിലെ അത്ഭുതസ്ലീവാ**
24 ഞായർ : മംഗളവാർത്ത നാലാം ഞായർ ക്ലാസ്സ് – 30
25 തിങ്കൾ : **ക്രിസ്തുമസ്** (ഓഫീസ് അവധി)
28 വ്യാഴം : കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം)
29 വെള്ളി : **അതിരൂപതാ ബൈബിൾ കലോത്സവം**
30 ശനി : **അതിരൂപതാ ബൈബിൾ കലോത്സവം**

**പിറവിക്കാലം**

31 ഞായർ : പിറവിക്കാലം ഒന്നാം ഞായർ ക്ലാസ്സ് – 31

**2024 ജനുവരി**

03 ബുധൻ : വി. കുര്യാക്കോസ് ഏലിയാസ് ചാവറ

**ദനഹാക്കാലം**

06 ശനി : **ദനഹാത്തിരുനാൾ** (കടമുള്ള ദിവസം)

07 ഞായർ : ദനഹാക്കാലം ഒന്നാം ഞായർ ക്ലാസ്സ് – 32

## മതാധ്യാപകരുടെ ഫൊറോനാതല ഏകദിന സെമിനാർ

മതാധ്യാപകർക്കായി ഫൊറോനാതലത്തിൽ നടത്തപ്പെടുന്ന കുർബാനാനുഭവ സെമിനാർ വിജയകരമായി പൂർത്തീകരിച്ച് ഡിസംബർ മധ്യത്തോടെ സമാപിക്കുകയാണ്. ഇതുവരെയും സെമിനാറിൽ പങ്കെടുക്കുവാൻ സാധിക്കാതെപോയ അധ്യാപകർക്ക് ഇനി നടത്തപ്പെടുന്നവയിൽ സംബന്ധിക്കുവാൻ അവസരമുണ്ടെന്ന് ഓർമിപ്പിക്കുന്നു.

| | | |
|---|---|---|
| ഡിസംബർ 02 ശനി | – | തുരുത്തി |
| ഡിസംബർ 09 ശനി | – | കോട്ടയം |
| ഡിസംബർ 16 ശനി | – | മണിമല |

## അതിരൂപതാ ബൈബിൾ കലോത്സവം

ഈവർഷത്തെ അതിരൂപതാ ബൈബിൾ കലോത്സവം **ഡിസംബർ 29, 30** തീയതികളിൽ ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തപ്പെടുന്നു. ഡിസംബർ 29 വെള്ളിയാഴ്ച രാവിലെ 8.00 മണിക്കു രജിസ്ട്രേഷനോടെ കലാമത്സരങ്ങൾ ആരംഭിക്കുകയും ഡിസംബർ 30 ശനിയാഴ്ച വൈകുന്നേരം സമാപിക്കുകയും ചെയ്യും. വിജയികൾക്കുള്ള സമ്മാനങ്ങൾ മത്സരദിവസം വൈകുന്നേരം നൽകുന്നതാണ്. എല്ലാവരുടെയും പ്രാർത്ഥനകളും സഹകരണവും കലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനുണ്ടാകുമല്ലോ.

## സി. ആർ. റ്റി. സന്ദർശനം

ഈവർഷത്തെ ഫൊറോനാതലത്തിലുള്ള CRT സന്ദർശനം സുഗമമായി തുടരുന്നു. സന്ദർശനറിപ്പോർട്ട് കഴിവതുംവേഗം പൂർത്തീകരിച്ച് സന്ദേശനിലയത്തിൽ നൽകുവാനും ഡിസംബർമാസത്തോടെ സന്ദർശനം പൂർത്തീകരിക്കുവാനും ശ്രദ്ധിക്കുമല്ലോ.

## അതിരൂപതാ മതാധ്യാപക കൺവെൻഷൻ

മൂന്നുവർഷത്തിലൊരിക്കൽ നടത്തപ്പെടുന്ന അതിരൂപതാ മതാധ്യാപക കൺവെൻഷൻ **2024 ജനുവരി 26** നു ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജ് ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്നു. അതിരൂപതയിലെ മതാധ്യാപകരുടെ പങ്കാളിത്തമുണ്ടാകേണ്ടതാണ്. മികച്ച അധ്യാപകർക്കുള്ള നടയ്ക്കൽ പുരസ്കാര ജേതാക്കളെയും മതാധ്യാപനമേഖലയിൽ 25, 50 വർഷങ്ങൾ പൂർത്തി

യാക്കിയവരെയും തദവസരത്തിൽ ആദരിക്കുന്നതാണ്. ജൂബിലിയേറിയൻസിന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും വികാരിയച്ചന്റെ സാക്ഷ്യപത്രവും സന്ദേശ നിലയം ഓഫീസിൽ **ഡിസംബർ മുപ്പത്തിയൊന്നിനകം** എത്തിക്കുമല്ലോ.

## നടയ്ക്കൽ പുരസ്കാരം

മതബോധനരംഗത്തു മാതൃകാപരമായ സേവനം കാഴ്ചവയ്ക്കുന്ന ഒരു സിസ്റ്റർ, ഒരധ്യാപിക, ഒരധ്യാപകൻ എന്നിവർക്കാണ് നടയ്ക്കൽ പുരസ്കാരം നൽകുന്നത്. ഇതിന് അർഹരായവരെ നാമനിർദേശം നൽകുന്നതിലേയ്ക്കു വൈദികരുടെ / സൺഡേസ്കൂൾ അധ്യാപകരുടെ പ്രത്യേക ശ്രദ്ധക്ഷണി ക്കുന്നു. മാനദണ്ഡങ്ങളും മാർഗനിർദേശത്തിനുള്ള ഫോമും സന്ദേശനിലയം വെബ്സൈറ്റിലും വാട്സ്ആപ്പ് ഗ്രൂപ്പുകളിലും ലഭ്യമാണ്. നാമനിർദേശം സ്വീകരിക്കുന്ന **അവസാനതീയതി ഡിസംബർ 31**.

## SMCC പ്രതിഭാശിൽപശാലയിൽ അതിരൂപതാതലത്തിൽ തിരഞ്ഞെടുക്കപ്പെട്ടവർ

### ആൺകുട്ടികൾ

| | | |
|---|---|---|
| ക്രിസ്റ്റോ ആന്റണി | - | സെന്റ് സേവ്യേഴ്സ് സൺഡേസ്കൂൾ, തൃക്കൊടിത്താനം |
| റെന്നി ബെന്നിച്ചൻ | - | ലിറ്റിൽ ഫ്ളവർ സൺഡേസ്കൂൾ, മാടപ്പള്ളി |

### പെൺകുട്ടികൾ

| | | |
|---|---|---|
| അലീന അന്ന സണ്ണി | - | സെന്റ് മേരീസ് മെത്രാപ്പോലീത്തൻ സൺഡേസ്കൂൾ, ചങ്ങനാശ്ശേരി |
| ലിവ്യ എലിസബത്ത് വില്ലി | - | സെന്റ് മേരീസ് സൺഡേസ്കൂൾ, പുളിക്കൽകവല |

## നന്ദിയും സ്വാഗതവും

അമ്പൂരി ഫൊറോനാ സെക്രട്ടറിയായി സ്തുത്യർഹസേവനം ചെയ്ത സി. എലൈസ് SH നു സന്ദേശനിലയം-മിഷൻലീഗ് കുടുംബത്തിന്റെ നന്ദി.

അമ്പൂരി ഫൊറോനാ സെക്രട്ടറിയായി നിയമിതയായിരിക്കുന്ന സി. എൽസിലിറ്റ് SH നു സന്ദേശനിലയം-മിഷൻലീഗ് കുടുംബത്തിലേക്കു ഹൃദ്യമായ സ്വാഗതം.

## ആദരാഞ്ജലികൾ

പങ്ങട സൺഡേസ്കൂൾ ഹെഡ്മിസ്ട്രസ് വെളിയത്ത് ലിസി ജോർജിന്റെ മാതാവിന്റെയും വെട്ടിത്തുരുത്ത് സൺഡേസ്കൂൾ അധ്യാപിക ജിജി ദേവസ്യ യുടെ മാതാവിന്റെയും ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ സൺഡേസ്കൂൾ അധ്യാപിക സി. മരിയറ്റ് കളത്തിപ്പറമ്പിൽ SABS ന്റെ പിതാവിന്റെയും നിര്യാണ ത്തിൽ സന്ദേശനിലയം-മിഷൻലീഗ് കുടുംബം അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

■

# ചെറുപുഷ്പ മിഷൻലീഗ് (CML)

സ്നേഹംനിറഞ്ഞ കുഞ്ഞുമിഷനറിമാരേ,

സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ദൂതുമായി വീണ്ടുമൊരു ക്രിസ്തുമസ് കാലംകൂടി സമാഗതമായിരിക്കുന്നു. അതിരൂപതയിൽനിന്നു ലഭിച്ചിരിക്കുന്ന 'ഉണ്ണീശോയുടെ സ്വന്തം' എന്ന സുകൃതകലണ്ടറിന്റെ സഹായത്തോടെ സുകൃതങ്ങൾ അഭ്യസിച്ചും ഇരുപത്തിയഞ്ചുനോമ്പെടുത്തും അനുരഞ്ജനകൂദാശ സ്വീകരിച്ചും 25 ദിവസം പരി. കുർബാനയിൽ പങ്കെടുത്തും ക്രിസ്തുമസിനായി ഒരുങ്ങാം. സമാഗതമാകുന്ന പരി. കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാളിന്റെയും കർത്താവീശോമിശിഹായുടെ ജനനത്തിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവം ആശംസിച്ചുകൊണ്ട്

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ഹെൻട്രി കോയിൽപറമ്പിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
*(അസിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**2023 ഡിസംബർ**

01 വെള്ളി : 25 നോമ്പാരംഭം, **'ഉണ്ണിയെത്തേടി'** ആരംഭം

02 ശനി : വി. ഫ്രാൻസിസ് സേവ്യർ

08 വെള്ളി : **പരി. കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ** (ഓഫീസ് അവധി)

18 തിങ്കൾ : **മൈലാപ്പൂരിലെ അത്ഭുതസ്ലീവാ**

25 തിങ്കൾ : **പിറവിത്തിരുനാൾ** (ഓഫീസ് അവധി)

**2024 ജനുവരി**

03 ബുധൻ : വി. കുര്യാക്കോസ് ഏലിയാസ് ചാവറ, സന്യസ്തർക്കുവേണ്ടി പ്രാർത്ഥിക്കാം

06 ശനി : **ദനഹാത്തിരുനാൾ**

13 ശനി : **അതിരൂപതാതല മിഷൻ എലൈവ്, എക്ലേസിയ ക്വിസ്, മിഷൻ ആന്തം മത്സരങ്ങൾ**

### എക്ലേസിയ ക്വിസ്, മിഷൻ ആന്തം, മിഷൻ എലൈവ് മത്സരങ്ങൾ

**2024 ജനുവരി 13** നു നടക്കുന്ന എക്ലേസിയ ക്വിസ്, മിഷൻ ആന്തം, മിഷൻ എലൈവ് മത്സരങ്ങൾക്കായി മേഖലാതലത്തിൽ മത്സരം നടത്തി ഒന്നാം സ്ഥാനത്തിന് അർഹതനേടുന്ന ടീമിന്റെ പേരുവിവരങ്ങൾ **ഡിസംബർ 31 നു മുമ്പായി** അതിരൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. മിഷൻ എലൈവ് വിഷയം 'സഭയുടെ ചെറിയപതിപ്പായ നമ്മുടെ കുടുംബങ്ങൾ ഇന്നു നേരിടുന്ന

വെല്ലുവിളികളും അവയ്ക്കുള്ള പരിഹാരമാർഗങ്ങളും' എന്നതാണ്. (വിശദ വിവരങ്ങൾക്കു മാർഗരേഖ 32-35 പേജുകൾ കാണുക). ഓരോ ഗ്രൂപ്പിനും രജിസ്ട്രേഷൻ ഫീസ് 150 രൂപ. ഉച്ചഭക്ഷണം ആവശ്യമുള്ളവർ ജനുവരി 5 നു മുമ്പായി അറിയിക്കേണ്ടതാണ്. ഉച്ചഭക്ഷണത്തിന് 100 രൂപ. മേഖലകളുടെ സഹകരണം പ്രതീക്ഷിക്കുന്നു.

## ക്രിസ്കാർഡ് മത്സരം

ഉണ്ണീശോയ്ക്ക് ഒരുകാർഡ് നിർമിച്ച് ക്രിസ്തുമസ്നാളുകൾ വർണാഭ മാക്കാം. ഡിസംബർ 20 നു മുമ്പ് ശാഖകളിൽ ക്രിസ്കാർഡ് മത്സരം നടത്തി ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ച കാർഡുകൾ **ഡിസംബർ 31 നു മുമ്പായി** അതിരൂപതാ ഓഫീസിൽ നൽകാൻ ശ്രദ്ധിക്കുമല്ലോ (വിശദവിവരങ്ങൾക്കു മാർഗരേഖ 33-34 പേജുകൾ കാണുക).

## ഇരുപത്തിയഞ്ച് നോമ്പുകാലത്തു ചെയ്യാവുന്ന ഉപവിപ്രവൃത്തികൾ

1. ചുറ്റുമുള്ള രോഗികളും അനാഥരും വിവിധതരത്തിൽ ദുഃഖമനുഭവിക്കുന്ന വരുമായ കൂട്ടുകാരെ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കു കയും ചെയ്യുക.
2. 'ഉണ്ണീശോയുടെ സ്വന്തം' എന്ന ബുക്ക്ലെറ്റിലെ പ്രവർത്തനങ്ങൾ ഓരോ ദിവസവും ചെയ്യുക.
3. കുട്ടികളിൽനിന്നും ക്ലാസ് അടിസ്ഥാനത്തിൽ ഓരോ ആഴ്ചയും പരിത്യാഗ പ്രവർത്തികൾ വഴി മിച്ചംവച്ച തുക സമാഹരിച്ചു ലഭിക്കുന്ന തുകയുടെ 50% ഇടവകയുടെ ശാഖാപ്രവർത്തനങ്ങൾക്കും ബാക്കി 50% ഫിയാത്ത് മിഷനെ സഹായിക്കാനുമായി അതിരൂപതാ മിഷൻലീഗ് ഓഫീസിലും **2024 ജനുവരി 31 നു മുമ്പായി** ഏൽപിക്കുവാൻ ശ്രദ്ധിക്കുക.
4. ബൈബിൾനിർമാണത്തിൽ സഹകാരികളാകാൻ ഉപയോഗിച്ച നോട്ടു ബുക്കുകൾ, പത്രം, പേപ്പറുകൾ എന്നിവ കുഞ്ഞുമിഷനറിമാരുടെ നേതൃ ത്വത്തിൽ ഡിസംബർ-ജനുവരിമാസങ്ങളിൽ ശേഖരിച്ച് ശാഖാതലത്തിൽ സൂക്ഷിക്കുക. ഭാരവാഹികൾ അതിനുള്ള നിർദേശങ്ങളും പേപ്പർ സംഭരണ ത്തിനുള്ള ക്രമീകരണങ്ങളും ചെയ്യുക. ഇടവകയിൽനിന്നും അതു സംഭ രിച്ച് ഫിയാത്ത് മിഷനു നൽകാനുള്ള ക്രമീകരണങ്ങൾ അതിരൂപതാ ഓഫീസ് ചെയ്യുന്നതാണ്.

## ശാഖ-മേഖല-അതിരൂപതാതല തെരഞ്ഞെടുപ്പ്

സംഘടനയെ ഈശോയുടെ ചൈതന്യത്തിൽ വളർത്താൻ കഴിയുന്ന നേതൃത്വത്തെ ശാഖ-മേഖലാതലങ്ങളിൽ തെരഞ്ഞെടുക്കേണ്ടതാണ്. ശാഖ-മേഖല-അതിരൂപതാതലങ്ങളിൽ കുട്ടികളുടെ ഭാരവാഹികളുടെ പ്രവർത്തന കാലാവധി ഒരുവർഷമായി നിജപ്പെടുത്തിയിട്ടുള്ളതാണ്. 2024-2025 പ്രവർത്തന വർഷത്തേയ്ക്കുള്ള ശാഖാതല ഭാരവാഹികളെ 2024 ജനുവരിമാസത്തിലും

2024–2025 പ്രവർത്തനവർഷത്തേയ്ക്കുള്ള മേഖലാതല ഭാരവാഹികളെ 2024 ഫെബ്രുവരിമാസത്തിലും തെരഞ്ഞെടുത്ത് മേഖലാഭാരവാഹികളുടെ പൂർണ്ണമായ ലിസ്റ്റ് **2024 മാർച്ച് 15 നു മുമ്പ്** അതിരൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**ദൈവവിളി സെമിനാർ**

ദൈവവിളി കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി അതിരൂപതാ ദൈവവിളി സെമിനാർ **ഡിസംബർ 27 ബുധനാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ** നടത്തപ്പെടുന്നു. ആൺകുട്ടികൾക്കു കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിലും പെൺകുട്ടികൾക്കു ചങ്ങനാശ്ശേരി സന്ദേശനിലയത്തിലുമാണ് സെമിനാർ ക്രമീകരിച്ചിരിക്കുന്നത്. വൈദിക സന്യസ്ത ദൈവവിളികളോട് ആഭിമുഖ്യമുള്ള 8 മുതൽ 12 വരെ ക്ലാസുകളിലും ഡിഗ്രി കോഴ്സുകളും പഠിക്കുന്നവരെ പ്രസ്തുത സെമിനാറിനു പറഞ്ഞ് അയയ്ക്കണമെന്നു താത്പര്യപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 150 രൂപയാണ്. നൽകപ്പെടുന്ന ഗൂഗിൾഫോംവഴി **ഡിസംബർ പതിനെട്ടിനകം** പങ്കെടുക്കുന്നവരുടെ വിവരങ്ങൾ അറിയിക്കുന്നത് വേണ്ടക്രമീകരണങ്ങൾ ചെയ്യുന്നതിനു സഹായകരമായിരിക്കും.

■

## അഭിനന്ദനങ്ങൾ

പുനെ ജ്ഞാനദീപ തിയളോജിക്കൽ
ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും
Righteousness of God in St. Paul's Letter to the
Romans - A Rhetorical and Exegetical study of
Romans 3:21-31 എന്ന വിഷയത്തിൽ
മൂന്നാമത്തെ ഡോക്ടറേറ്റ് നേടിയ
**വള്ളിയാനിപ്പുറം ബഹു. തോമസ് അച്ചന്**

**അതിരൂപതാകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ**



# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

മംഗളവാർത്തക്കാലത്തിലേക്കു നാം പ്രവേശിക്കുകയാണ്. ഹൃദയങ്ങളെ കൃപാവരങ്ങളാൽ നിറയ്ക്കുന്നതിനായി പരിശ്രമിക്കാം. കുടുംബക്കൂട്ടായ്മ മഹാസംഗമമായ **ഹെസദ് 2023** വിജയകരമാക്കിത്തീർത്ത എല്ലാവർക്കും പ്രത്യേകിച്ച് വികാരിയച്ചന്മാർ, ഫൊറോനാ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, കുടുംബക്കൂട്ടായ്മയുടെ കമ്മിറ്റിയംഗങ്ങൾ എന്നിവർക്കു നന്ദിയറിയിക്കുന്നു. ഏകവർഷ ബൈബിൾ കോഴ്സിന്റെ പുതിയബാച്ച് ഡിസംബർ 26 ചൊവ്വാഴ്ച തുടങ്ങുന്നതാണ്. 50 ക്ലാസുകളിലായി വി. ഗ്രന്ഥപഠനം ക്രമീകരിച്ചിരിക്കുന്ന ഈകോഴ്സിലേക്കു ക്ഷണിക്കുന്നു. ഒരുവർഷംകൊണ്ട് സമ്പൂർണബൈബിൾ എഴുതി പൂർത്തിയാക്കുന്ന ബൈബിൾ കൈയെഴുത്ത് ഡിസംബർ 24 ഞായ റാഴ്ച ആരംഭിക്കും. സമ്പൂർണ ബൈബിൾ വായിക്കാനും എഴുതാനും ലഭിക്കുന്ന ഈ അവസരം ഏവരും പ്രയോജനപ്പെടുത്തുമല്ലോ. ചേരാനാഗ്രഹിക്കുന്നവർ ഗൂഗിൾഫോം പൂരിപ്പിച്ച് അയക്കേണ്ടതാണ്. നൂറുമേനി സീസൺ II ഉദ്ഘാടനം ചെയ്യപ്പെട്ടു. ഈവർഷം ഇടവകയിലെ എല്ലാ വിഭാഗങ്ങളിൽനിന്നുള്ളവരുടെയും പങ്കാളിത്തം മുന്നിൽ കണ്ടുകൊണ്ടാണ് ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നത്. 2023 ലെ ലോഗോസ് സെമിഫൈനൽമത്സരത്തിൽ നമ്മുടെ അതിരൂപത യിൽനിന്നും വൽസമ്മ സ്കറിയ അമ്പലത്തട്ടിൽ, രേഖ ജോസഫ് ഓണംകുളം എന്നിവർ ഫൈനൽ മത്സരത്തിലേക്കും ഷേർളിക്കുട്ടി ആന്റണിയും കുടുംബവും ലോഗോസ് ഫാമിലി മത്സരത്തിലേക്കും തിരഞ്ഞെടുക്കപ്പെട്ടു. ഫൈനൽമത്സര ത്തിൽ വൽസമ്മ സ്കറിയ അമ്പലത്തട്ടിൽ എഫ് വിഭാഗത്തിൽ രണ്ടാംസ്ഥാനം കരസ്ഥമാക്കി. എല്ലാവർക്കും പ്രത്യേക അഭിനന്ദനങ്ങൾ.

പ്രാർത്ഥനകൾ നേരുന്നു,

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

### കുടുംബക്കൂട്ടായ്മ മഹാസംഗമം 'ഹെസദ് 2023'

മൂന്നുവർഷത്തിലൊരിക്കൽ അഭി. പിതാക്കന്മാർ വിളിച്ചുകൂട്ടുന്ന **ഹെസദ് 2023** നവംബർ 11 ന് എസ്. ബി. കോളേജ് കാവുകാട്ട് ഹാളിൽ നടത്തപ്പെട്ടു.

രാവിലെ 8.30 നു ജപമാലപ്രാർത്ഥനയോടെ ആരംഭിച്ചു. അതിരൂപതാ ഡയറക്ടർ ജോർജ് മാന്തരുത്തിലച്ചൻ സ്വാഗതം ആശംസിച്ചു. ദീപിക സർക്കു ലേഷൻ ജനറൽ മാനേജർ ഫാ. സ്കറിയ പുന്നമറ്റം *സമുദായബോധം* എന്ന വിഷയം ആസ്പദമാക്കി സംസാരിച്ചു. മാർ തോമസ് തറയിൽപിതാവ് അധ്യക്ഷ

പ്രസംഗം നടത്തി. ഹെസദ് മഹാസംഗമത്തിന്റയും നൂറുമേനി സീസൺ II ന്റെയും ഉദ്ഘാടനകർമ്മം മാർ ജോസഫ് പെരുന്തോട്ടംപിതാവ് നിർവഹിച്ചു.

നൂറുമേനി സീസൺ II ആമുഖപ്രഭാഷണം സണ്ണി തോമസ് ഇടിമണ്ണിക്കലും (നൂറുമേനി ചെയർമാൻ) നൂറുമേനി പുസ്തകപരിചയപ്പെടുത്തൽ പ്രൊഫ. ഡോ. പി.സി. അനിയൻകുഞ്ഞും നടത്തി. നൂറുമേനി പുസ്തകപ്രകാശനം സാംസൺ മാത്യു വലിയപറമ്പിലിനും ഫാ. സിറിയക് കോട്ടയിൽ രചിച്ച *പരിശുദ്ധ കുർബാനയും പരിശുദ്ധ ദാമ്പത്യവും* എന്ന പുസ്തകത്തിന്റെ പ്രകാശനം ഡോ. റൂബിൾ രാജിനും നൽകി മാർ ജോസഫ് പെരുന്തോട്ടംപിതാവ് നിർവ ഹിച്ചു. ദീപിക തീവ്രപ്രചരണം അതിരൂപതാതല ഉദ്ഘാടനം മാർ തോമസ് തറയിൽപിതാവ് DFC അതിരൂപതാ പ്രസിഡന്റ് ആന്റണി തോമസ് മലയിലിനു നൽകിക്കൊണ്ട് നിർവഹിക്കുകയുണ്ടായി.

തുടർന്ന് വയനാട് അനുഗ്രഹ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. മാത്യു വയലാ മണ്ണിൽ CST കൺവൻഷൻ പ്രസംഗം നടത്തി. അതിരൂപതാ ജനറൽ കൺവീനർ ജോബ് ആന്റണി നന്ദിയർപ്പിച്ചു. പ്രാർത്ഥനയോടെ സമ്മേളനം സമാപിച്ചു. 18 ഫൊറോനകളിൽനിന്നായി അയ്യായിരത്തോളം കുടുംബക്കൂട്ടായ്മ ലീഡേഴ്സ് സംഗമത്തിൽ പങ്കുചേർന്നു.

**നൂറുമേനി സീസൺ II**

നൂറുമേനി സീസൺ II ന്റെ ഔദ്യോഗികമായ ഉദ്ഘാടനം നവംബർ 11 ശനിയാഴ്ച ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജ് കാവുകാട്ട് ഹാളിൽ അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് നിർവഹിച്ചു. കഴിഞ്ഞവർഷത്തേതു പോലെ വ്യക്തിഗതമായും കുടുംബമായുമാണ് നൂറുമേനിമത്സരം. വിവിധ കാറ്റഗറികളിലായാണ് ഇപ്രാവശ്യത്തെ വ്യക്തിഗതമത്സരം. എല്ലാ പ്രായവിഭാഗ ത്തിൽപ്പെട്ടവരും മത്സരിക്കുന്നതിനാണ് ഇപ്രകാരമൊരു ക്രമീകരണം ചെയ് തിരിക്കുന്നത്. ഉത്സാഹത്തോടെ ഈ വചനമനഃപാഠമത്സരത്തിൽ പങ്കുചേരാം. മുഴുവൻ സൺഡേസ്കൂൾ കുട്ടികളെയും വചനപഠനത്തിന്റെ ഭാഗമാക്കുകയാണ് ഈവർഷത്തെ ലക്ഷ്യം. അതിനു മതാധ്യാപകരുടെ സഹകരണം അഭ്യർത്ഥി ക്കുന്നു. നിരവധി സമ്മാനങ്ങൾ നിങ്ങൾക്കായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്.

**ഏകവർഷ ബൈബിൾ കോഴ്സ് – ഏകവർഷ ബൈബിൾ കൈയെഴുത്ത്**

എല്ലാവർഷവും നടത്തിവരുന്ന ഏകവർഷ ബൈബിൾ കോഴ്സും ഏകവർഷ ബൈബിൾ കൈയെഴുത്തും ഡിസംബർമാസം ആരംഭിക്കുകയാണ്. ഇതിനായി തയ്യാറാക്കി നൽകുന്ന ഗൂഗിൾഫോം പൂരിപ്പിച്ച് നിങ്ങളുടെ പ്രവേശനം ഉറപ്പാ ക്കേണ്ടതാണ്. ബൈബിൾ കോഴ്സിന് ഒരുവർഷത്തേക്ക് 500 രൂപയാണ് ഫീസ്. വിശദവിവരങ്ങൾക്ക്: 7306208356, 9961369380

**ലോഗോസ് ക്വിസ് 2023**

ലോഗോസ് ക്വിസ് 2023 സർട്ടിഫിക്കറ്റുകൾ ഡിസംബർ 01 മുതൽ ഓഫീ സിൽനിന്നും വാങ്ങാവുന്നതാണ്. കഴിഞ്ഞവർഷത്തെ സർട്ടിഫിക്കറ്റുകൾ ഇനിയും വാങ്ങിയിട്ടില്ലാത്തവർ അതുകൂടി വാങ്ങണമെന്ന് ഓർമിപ്പിക്കുന്നു.

## ലോഗോസ് 2023 റാങ്ക് ഹോൾഡേഴ്സ്

**എ കാറ്റഗറി**

ഒന്നാം റാങ്ക് ഐനോവ ജോൺസൺ ചാത്തനാട് പുത്തൻപുരയ്ക്കൽ കൊല്ലാട്
രണ്ടാം റാങ്ക് മരീറ്റ എലിസബത്ത് ബാബു പെരുമ്പ്രയിൽ ആർപ്പൂക്കര
മൂന്നാം റാങ്ക് ആൻമേരി പ്രിൻസ് മാറാട്ടുകുളം തിരുമല
നാലാം റാങ്ക്

ആരോൺ ജോർജ് മാമ്പറച്ചിറ അറുനൂറ്റംപാടം
സാറ ജോർട്ടിൻ വരാപ്പള്ളി സെന്റ് റീത്താസ് കണ്ണാടി
ജ്യോതിസ് ജോമോൻ പതിനഞ്ചിൽ സെന്റ് തോമസ് ആശ്രമം കാവാലം
എയ്സൺ ബാബു ഹോളി ഫാമിലി മുടിയൂർക്കര
മിലൻ ഡൊമിനിക് ചെറുകാട്ടിൽ സെന്റ് മേരീസ് വെട്ടിമുകൾ
റ്റാനിയ ജെയ്സ് സ്രാമ്പിക്കൽ ഫാത്തിമാപുരം
നോയൽ ജേക്കബ് ജോസഫ് ഫാത്തിമാപുരം

അഞ്ചാം റാങ്ക്

ജൂലിയ മേരി ജിമ്മി വലിയപറമ്പിൽ ഐക്കരച്ചിറ
എഡ്വിൻ സന്തോഷ് മരങ്ങാട്ടിക്കാല സെന്റ് മേരീസ് വെട്ടിമുകൾ
എയ്ഞ്ചൽ ലിജു കണിച്ചേരിൽ സെന്റ് ജോർജ് മുട്ടാർ ഓൾഡ്
ജെയിൻ ജോഷി മാത്യു കളത്തിൽ സെന്റ് ഗ്രിഗറീസ് വെളിയനാട്
ജോസഫ് അലക്സ് റ്റോണി ബോസ്കോ യോഗവീട് സെന്റ് ജോർജ് മുഹമ്മ
അനീറ്റ ജോഷി പൂത്തരച്ചിറ വടക്കേ അമിച്ചകരി
എലീഷ അന്ന സിറിയക് ഫാത്തിമാമാതാ ഫാത്തിമാപുരം
റെബേക്ക ജോസ് ചാക്കോ അട്ടിച്ചിറ മാടപ്പള്ളി
സ്റ്റീവ് സാജൻ കോലേട്ട് തൃക്കൊടിത്താനം
നോയൽ ജോസഫ് പലവീട് ആറാട്ടുവഴി
ഇവ മരിയ ജോബിൻ മാളിയേക്കൽ ചെറുവാണ്ടൂർ
റോസ് മരിയ ജോബി മാളിയേക്കൽ ചെറുവാണ്ടൂർ
സാറ അന്ന ജൂവൽ മാറാട്ടുകളം സെന്റ് മേരീസ് പാറേൽ
ആഗ്നസ് മേരി ലിയോണി കരിയിൽ
ആൻ എൽസ തോമസ് ഷാരോൺ കുറ്റിക്കാട്ട് കുടമാളൂർ

**ബി കാറ്റഗറി**

ഒന്നാം റാങ്ക് ജോയൽ ജോമോൻ പതിനഞ്ചിൽ സെന്റ് തോമസ് ആശ്രമം കാവാലം
രണ്ടാം റാങ്ക് ആൻ മരിയ വിൽഫ്രഡ് നേടിയകാലായിൽ ക്രിസ്തുരാജ് ഏറ്റുമാനൂർ
മൂന്നാം റാങ്ക് അലീഷ സിബി കരിങ്ങോട്ടിൽ സെന്റ് തോമസ് പുന്നത്തുറ
നാലാം റാങ്ക്

ജാൻവി ആന്റണി മറ്റപ്പറമ്പിൽ സേക്രഡ് ഹാർട്ട് ചെത്തിപ്പുഴ
നേഹ അന്ന ജോസഫ് പുളിമൂട്ടിൽ ഫാത്തിമാമാതാ ഫാത്തിമാപുരം
ഏബൽ ബിനോയി കോട്ടയ്ക്കുപുറം
ആൻമേരി ജോസി മേപ്രത്ത് സെന്റ് മേരീസ് വായ്പൂർ ഓൾഡ്

ആന്റണി ജോഫിൻ തെക്കത്ത് സെന്റ് മേരീസ് മുണ്ടുപാലം
സോന കുഞ്ഞുമോൻ ആറ്റുകടവിൽ ഹോളി ഫാമിലി കരിയിൽ
ജോണി ജേക്കബ് വട്ടംകണ്ടം സെന്റ് ജോസഫ്സ് ശ്രീകാര്യം

അഞ്ചാം റാങ്ക്

പെർമിൻ ട്രീസ രാജു വെമ്പേനി സെന്റ് മേരീസ് വെട്ടിമുകൾ
ജെർലിൻ ആന്റണി മണവാളൻ ഫാത്തിമാപുരം
സിയോണ ഫ്രാൻസിസ് പുത്തൻപറമ്പിൽ സെന്റ് തോമസ് നാലുകോടി
ദിയ ഡൊമിനിക് കാട്ടുപള്ളി സെന്റ് തോമസ് പുന്നത്തുറ
അൻസ സുനീഷ് പാറക്കുളത്തിൽ കോട്ടയ്ക്കുപുറം
അന്ന അജിൻ കൊച്ചുപറമ്പിൽ ഏറ്റുമാനൂർ
ഇസ്ര റോസ് പീറ്റർ കാഞ്ഞുപ്പറമ്പിൽ പാറമ്പുഴ
റ്റെസ ജോർട്ടിൻ വരാപ്പള്ളി സെന്റ് റീത്താസ് കണ്ണാടി
എയ്ഞ്ചൽ മേരി തോമസ് ഷാരോൺ കുറ്റിക്കാട്ട് സെന്റ് മേരീസ് കുടമാളൂർ
അലീന ജോസഫ് തെള്ളിയിൽ സെന്റ് തോമസ് നാലുകോടി
ക്രിസ്റ്റോ ഫിൽസൺ മാളിയേക്കൽ പള്ളിക്കൂട്ടുമ്മ
റോസ് ജോജി എം. ജെ. മഠത്തിപറമ്പിൽ തുരുത്തി
സ്റ്റെഫി സോജി തുണ്ടിയിൽ സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ചങ്ങനാശ്ശേരി
ജിയോ ജോസ് എട്ടിൽ ഹോളി ഫാമിലി തിരുമല
ഷോൺ വി. സെന്റ് സെബാസ്റ്റ്യൻസ് ചാഞ്ഞോടി

## <u>സി കാറ്റഗറി</u>

ഒന്നാം റാങ്ക് ജിസ ജോർജ് കൂരിക്കാട്ട് ചമ്പക്കര
രണ്ടാം റാങ്ക് സി. കൃപ മരിയ വിദ്യാഭവൻ ഇത്തിത്താനം
മൂന്നാം റാങ്ക് മേരി സുവർണ കണിയാംപ്ലാക്കൽ അരുവിക്കുഴി
നാലാം റാങ്ക്

സ്നേഹ ജെം മാത്യു നഞ്ഞിലത്ത് പോങ്ങുമ്മൂട്
മെറ്റിൽഡ ബേബിച്ചൻ ചാക്കപള്ളി നെടുമൺ
റൊണാൾഡ് പെറ്റ്സൺ ചെമ്പകശ്ശേരി നെടുമൺ
രേഷ്മ മേരി സരുൺ കാഞ്ഞുപറമ്പിൽ നസ്രത്ത്
സി. ലോവേന സെന്റ് തോമസ് പായിപ്പാട്
എൽഡ ആൻഡ് സിബി പാറപ്പള്ളി കായൽപുറം
അലീന ജയ്മോൻ തിരുത്തഗരി ആർപ്പൂക്കര

അഞ്ചാം റാങ്ക്

അനുഷ ടോമിച്ചൻ ചെരുപറമ്പിൽ മാമ്മൂട്
ഡെല്ല അന്ന ജോർജ് നിലവന്തറ മൈലാടി
സി. ആൽഫി അന്ന എഫ്.സി. കോൺവെന്റ് കുടമാളൂർ
അഞ്ജു കുട്ടാറ സെന്റ് ജോസഫ് കുച്ചപ്പുറം
അഖിൽ എസ്. രവീന്ദ്രൻ കുട്ടാറ സെന്റ് ജോസഫ് കുച്ചപ്പുറം
ആൻസി വർഗീസ് സെന്റ് ജോസഫ് കുച്ചപ്പുറം

രേഷ്മ എസ്. എം. അനഘാ ഭവൻ സെന്റ് ജോസഫ് കുച്ചപ്പുറം
അക്സ റോയി തെക്കേടത്ത് കല്ലൂപ്പാറ
മഹേഷ് എം. എസ്., എം. എസ്. ഭവൻ കുച്ചപ്പുറം
വിജി സി. കമുകിൻകൊട്ടുകോണം കുച്ചപ്പുറം
തെരേസ എസ്. ജോസഫ് മതിച്ചിപ്പറമ്പിൽ പാറേൽ
അഞ്ജന സിബി കാഞ്ഞിരിക്കംതടത്തിൽ ഏറ്റുമാനൂർ
വിജില ബിന്ദു വാളികോട് കുച്ചപ്പുറം
സൗമ്യ ഒ. ആർ. കുന്നുവിള പുത്തൻവീട് കുച്ചപ്പുറം
സി. ഹെലന SH പുതുപ്പള്ളി

**ഡി കാറ്റഗറി**

ഒന്നാം റാങ്ക് രേഖ ജോസ് ഓണംകുളം സെന്റ് മേരീസ് അതിരമ്പുഴ
രണ്ടാം റാങ്ക് നീതി ആന്റൺ കൈലാത്ത് സെന്റ് ആന്റണീസ് കുറുമ്പനാടം
മൂന്നാം റാങ്ക് ട്രീസ മാത്യു തെക്കത്ത് മുണ്ടുപാലം
നാലാം റാങ്ക്

സി. സിസി മരിയ പാറപ്പള്ളി എടത്വാ
അശ്വതി സണ്ണി മുണ്ടിയാങ്കൽ കല്ലൂപ്പാറ പുതുശ്ശേരി
സി. ഫിൽസി SABS, തുരുത്തി
ലിൻസി ജോസഫ് കരക്കെത്തുംകുഴി മങ്കൊമ്പ്
ആൻസി സക്കറിയ നടുവിലേടം ആറുമാനൂർ
സി. ലിറ്റിൽ തെരേസ SD ചങ്ങനാശേരി
ബിൻസി ബാബു തടമുറിയിൽ ചേപ്പുംപാറ

അഞ്ചാം റാങ്ക്

ഷേർളികുട്ടി ആന്റണി പതിനഞ്ചിൽ സെന്റ് തോമസ് ആശ്രമം കാവാലം
സിനി ടോം മാഞ്ഞാമറ്റം തേക്കുപാറ
സോണിയ ജോൺസൺ ചാത്തനാട് പുത്തൻപുരയ്ക്കൽ കൊല്ലാട്
ഫ്രാൻസിസ് ജോർജ് മണലാടി വൈശ്യംഭാഗം
സിനി ജയിംസ് പാലത്തിങ്കൽ പൊടിപ്പാറ
സിയ ഡെന്നിസ് മങ്കുഴി സെന്റ് ആന്റണീസ് പറാൽ
ലിൻസി റോജു കൈക്കാരകോട്ടയിൽ മുഹമ്മ
സി. റ്റീന സാൻതോം കോൺവെന്റ് എടത്വാ
ജോൺസി ജോൺ പാലയ്ക്കൽ മണ്ണാർകുന്ന്
ടിറ്റിമോൾ മാത്യു അട്ടിച്ചിറയിൽ പുന്നമട
റിൻസിമോൾ വി. ആർ. സാം കോട്ടേജ് വെങ്ങാനൂർ വിഴിഞ്ഞം
ലിസി വാളംപറമ്പിൽ കുമരകം നവനസ്രത്ത്
സിനി എം. ജോസ് പ്ലാന്തോട്ടത്തിൽ കുന്നന്താനം
ഷീജ റോബിൻ പണ്ടനാട്ട് മുടിയൂർക്കര
സാറാമ്മ തോമസ് തറയിൽ കൈനടി

## ഇ കാറ്റഗറി

ഒന്നാം റാങ്ക് ജെസ്സി ജോസ് കുഴിംതൊട്ടിയിൽ തിരുവല്ലം
രണ്ടാം റാങ്ക് തോമസുകുട്ടി ജോസ് വള്ളുവന്തറ പുന്നപ്ര
മൂന്നാം റാങ്ക് റ്റെസി ബെൻസിഗർ പൂവാട്ടിൽ ലൂർദ് തിരുവനന്തപുരം
നാലാം റാങ്ക്

ലിസി വിക്ടർ പള്ളത്ത് കുമാരനല്ലൂർ
റാണി ലൂയിസ് മൂലയിൽ വടക്കേക്കര
ഗ്രെയ്സിക്കുട്ടി കെ.എ. പുത്തൻപുരയ്ക്കൽ പോങ്ങുംമൂട്
സാലി റോയി വടക്കേമുറി ലൂർദ് തിരുവനന്തപുരം
ലിസമ്മ തോമസ് മുക്കാടൻ കേശവദാസപുരം
എൽസി ജോണി കുളങ്ങരമുറിയിൽ മുടിയൂർക്കര
ശാന്തിമോൾ മാത്യു കാരാട്ടില്ലം ആറുമാനൂർ

അഞ്ചാം റാങ്ക്

ആൻസി ജോർജ് മലത്തടം അയർക്കുന്നം
മിനിമോൾ ജോസഫ് കൈതത്തറ വെരൂർ
ഡെയ്സി തോമസ് മുണ്ടിയാനിക്കൽ അരുവിക്കുഴി
ഷൈനി റെന്നി ചേപ്പില പള്ളിക്കൂട്ടുമ്മ
ബീന മോനിച്ചൻ സെന്റ് ജോർജ് തോട്ടക്കാട്
ഷീന സിബി കുളത്തുങ്കൽ വട്ടിയൂർക്കാവ്
ത്രേസ്യാമ്മ ജോർജ് കൂരിക്കാട് ചമ്പക്കര
ലീന ജോയൻ പന്തംപ്ലാക്കൽ ചേപ്പുംപാറ
ഷിജി വർഗീസ് മാവേലിക്കര
സിൽവി ജോസഫ് കൊച്ചുപുരയ്ക്കൽ ചെറുവാണ്ടൂർ
ആൻസി ആൻറണി കണ്ണമ്പാടം നാൽപ്പാത്തിമല
ജോൺ തോമസ് കണ്ടങ്കരി പുന്നപ്ര
ജോണി ജോസഫ് വലിയമലയിൽ വെട്ടിമുകൾ
മേഴ്സി തോമസ് പരുവപ്പറമ്പിൽ ചമ്പക്കര
ഷെറിൻ സോവിച്ചൻ ചേനാട്ടശ്ശേരി തിരുവല്ല

## എഫ് കാറ്റഗറി

ഒന്നാം റാങ്ക് വൽസമ്മ സ്കറിയ അമ്പലത്തട്ടിൽ തോട്ടക്കാട്
രണ്ടാം റാങ്ക് ലിസി തോമസ് കുരിശുംമൂട്ടിൽ പൊങ്ങുംമൂട്
മൂന്നാം റാങ്ക് ക്ലെയർ ജോസഫ് മൂലശ്ശേരി പുന്നപ്ര
നാലാം റാങ്ക്

മറിയമ്മ ജോസഫ് മാടപ്പാട്ട് വായ്പൂർ
സി. ജെൻസി CHF തിരുമല
മേരി സെബാസ്റ്റ്യൻ കുഴിമുല്ലോരം കട്ടച്ചിറ
ജെയിനമ്മ റ്റോം ചാക്കോപ്പാടം വെരൂർ
റോസമ്മ തോമസ് കോലേട്ട് തൃക്കൊടിത്താനം

***ശേഷം പേജ് 63 ൽ.....»***

# ഫാമിലി അപ്പോസ്തലേറ്റ്

മിശിഹായിൽ പ്രിയമുള്ളവരേ,

പുതിയ ആരാധനാവത്സരകാലത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണ്. മംഗളവാർത്തക്കാലം സദ്വാർത്തകളുടെ വിശിഷ്ടകാലമാണ്. 'നിങ്ങൾക്കായി ഒരുരക്ഷകൻ പിറന്നിരിക്കുന്നു' എന്നതു ലോകം ശ്രവിച്ച മനോഹരമായ സദ്വാർത്തയാണ്. മറ്റുള്ളവർക്ക് ആത്മീയവും മാനസികവുമായ ഉന്മേഷവും ഉണർവും പ്രതീക്ഷയും നൽകുന്ന നല്ലവാർത്തകൾ പങ്കുവയ്ക്കാൻ നമുക്കു സാധിക്കുമ്പോൾ അത് അനുഗ്രഹപ്രദമായ ഒരനുഭവമാകും.

പിതൃവേദിയുടെ റൂബിജൂബിലി സമാപനമായി. സന്ദേശയാത്രകൾ പൂർത്തിയായി; കുടുംബസംഗമങ്ങൾ മനോഹരമായി ക്രമീകരിക്കപ്പെട്ടു. ഇതിനായി അത്യധ്വാനം ചെയ്ത എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ഡിസംബർ മൂന്നിനു നടക്കുന്ന റൂബിജൂബിലി പേടകപ്രയാണ വാഹനറാലിയും സമാപന ദിവസമായ ഡിസംബർ 9 നുള്ള റൂബിജൂബിലിറാലിയും പിതൃമഹാസമ്മേളനവും തങ്ങളുടെ പിതൃത്വത്തെ അഭിമാനബോധത്തോടെ നെഞ്ചിലേറ്റുന്ന പിതാക്കന്മാരുടെ മഹത്തായ പ്രഘോഷണദിനങ്ങളാക്കി മാറ്റാൻ ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. 'സാഭിമാനം സഭയോടൊത്ത്' എന്ന സന്ദേശം ഹൃദയത്തിലേറ്റു വാങ്ങി മാതൃവേദിയും പിതൃവേദിയും സാക്ഷ്യവീഥിയിൽ മുന്നേറട്ടെ!

സ്നേഹപൂർവം,

**ഫാ. ജോസഫ് ഇരുപ്പക്കാട്ട്**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

## റിപ്പോർട്ട്

**മാതൃവേദി-പിതൃവേദി അതിരൂപതാ കലോത്സവം**

അതിരൂപതാ അവതരണമത്സരങ്ങളും ക്രിസ്മത്സരവും നവംബർ 11 രണ്ടാംശനിയാഴ്ച എസ്. ബി. ഹയർ സെക്കൻഡറി സ്കൂളിൽ നടത്തപ്പെട്ടു. കലോത്സവത്തിന്റെ ലോഗോ അതിരൂപതാ സിഞ്ചെള്ളൂസ് പെരിയ ബഹു. ജോസഫ് വാണിയപ്പുരക്കലച്ചൻ പ്രകാശനം ചെയ്തു. അഭി. മാർ തോമസ് തറയിൽപിതാവ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ സിഞ്ചെള്ളൂസ് പെരിയ ബഹു. ജയിംസ് പാലക്കലച്ചനും ജോബ് വല്ലയിൽ അച്ചനും സമ്മാനദാനം നിർവഹിച്ചു. മത്സരക്രമീകരണങ്ങളോടു സഹകരിച്ച ഫൊറോനാസമിതിക്കും മാതൃവേദി-പിതൃവേദി പ്രവർത്തകർക്കും നേതൃത്വം നൽകിയ അതിരൂപതാ ആനിമേഷൻ ടീമംഗങ്ങൾക്കും നന്ദി.

**മാതൃവേദി-പിതൃവേദി ഓവറോൾ**

1 - ആലപ്പുഴ ഫൊറോന

2 - കുറുമ്പനാടം ഫൊറോന

3 - ചങ്ങനാശ്ശേരി ഫൊറോന

**പിതൃവേദി ഓവറോൾ**

1 – കുറുമ്പനാടം ഫൊറോന

2 – ആലപ്പുഴ ഫൊറോന

3 – പുളിങ്കുന്ന് ഫൊറോന

**മാതൃവേദി ഓവറോൾ**

1 – ആലപ്പുഴ ഫൊറോന

2 – തൃക്കൊടിത്താനം ഫൊറോന

3 – ചമ്പക്കുളം ഫൊറോന

**പിതൃവേദി റൂബിജൂബിലി സന്ദേശയാത്ര**

നവംബർ 04 ശനിയാഴ്ച ചങ്ങനാശ്ശേരി, നവംബർ 12 ഞായറാഴ്ച കുറുമ്പനാടം, നവംബർ 18 ശനിയാഴ്ച നെടുങ്കുന്നം ഫൊറോനകളിൽ സന്ദേശയാത്ര നടത്തപ്പെട്ടു.

**കുടുംബസംഗമങ്ങൾ**

നവംബർ 05 ഞായറാഴ്ച ചങ്ങനാശ്ശേരി, നവംബർ 12 ഞായറാഴ്ച എടത്വാ, നവംബർ 19 ഞായറാഴ്ച കുറുമ്പനാടം ഫൊറോനകളിൽ കുടുംബസംഗമം നടത്തപ്പെട്ടു. അഭി. മാർ ജോസഫ് പെരുന്തോട്ടം, അഭി. മാർ തോമസ് തറയിൽ, അഭി. മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ എന്നിവർ മുഖ്യാതിഥികളായി സംഗമങ്ങളിൽ പങ്കുചേർന്നു.

**ജീവകാരുണ്യ മാസാചരണം**

നവംബർ ജീവകാരുണ്യമാസമായി ആചരിച്ചു. സാമ്പത്തികമോ, സാധനങ്ങളോ, സേവനങ്ങളോ നൽകി വ്യക്തികളെയും പ്രസ്ഥാനങ്ങളെയും സഹായിച്ചു. അതിരൂപതാ ആനിമേഷൻ ടീമിന്റെ നേതൃത്വത്തിൽ നവംബർ 24 വെള്ളിയാഴ്ച ചങ്ങനാശേരി പാറേൽപള്ളിക്കു സമീപമുള്ള SH ചാരിറ്റിഹോം സന്ദർശിച്ച് ജീവകാരുണ്യസഹായം നൽകി.

**ഫൊറോനാ ഡയറക്ടർമാരുടെയും ആനിമേറ്റർമാരുടെയും പ്രസിഡന്റുമാരുടെയും മീറ്റിങ്**

നവംബർ 15 ബുധനാഴ്ച വൈകുന്നേരം 9 മണിക്കു ഫൊറോനാ ഡയറക്ടർ–ആനിമേറ്റർ എന്നിവരുടെയും നവംബർ 17 വെള്ളിയാഴ്ച വൈകുന്നേരം 9 മണിക്കു ഫൊറോനാ പ്രസിഡന്റുമാരുടെയും ഓൺലൈൻ മീറ്റിങ് ക്രമീകരിച്ചു. അതിരൂപതാ ആനിമേഷൻ ടീമംഗങ്ങൾ രണ്ടുമീറ്റിങ്ങുകളിലും പങ്കെടുത്തു. പിതൃവേദി റൂബിജൂബിലിസമാപനത്തെക്കുറിച്ചുള്ള ചർച്ചകൾ നടത്തി.

**പിതൃവേദി റൂബിജൂബിലി സംഘാടകസമിതിയുടെ മീറ്റിങ്**

നവംബർ 24 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 നു ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ പിതൃവേദി റൂബിജൂബിലി സംഘാടകസമിതിയുടെ മീറ്റിങ് നടത്തപ്പെട്ടു. അതിരൂപതാ ആനിമേഷൻ ടീമംഗങ്ങൾ, ഫൊറോനാ പ്രസിഡന്റുമാർ, മുൻഭാരവാഹികൾ എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു. റൂബിജൂബിലിയുടെ

ഡിസംബർ 3-ാം തീയതിയിലെ പേടകപ്രയാണ സമാപനം, ഡിസംബർ 4-ാം തീയതിലെ ജന്മദിനാഘോഷം, ഡിസംബർ 9-ാം തീയതിയിലെ പിതൃമഹാ സമ്മേളനവും റാലിയും എന്നിവ ചർച്ചാവിഷയങ്ങളായി.

## ഡിസംബർമാസത്തിൽ ഓർമിക്കാൻ

### പിതൃവേദി റൂബിജൂബിലി സന്ദേശയാത്ര

ഡിസംബർ 02 - മണിമല ഫൊറോന

### മാതൃവേദി - പിതൃവേദി കുടുംബസംഗമങ്ങൾ

ഡിസംബർ 03 - മണിമല ഫൊറോന

### പിതൃവേദി റൂബിജൂബിലി പേടകപ്രയാണവും വാഹനറാലിയും

ജൂലൈമാസം അമ്പൂരിഫൊറോനയിൽ ആരംഭംകുറിച്ച പിതൃവേദി സന്ദേശ യാത്രയ്ക്കു സമാപനംകുറിച്ചുകൊണ്ട് മണിമല സെന്റ് ബേസിൽ പള്ളിയിൽ നിന്നും ആരംഭിച്ച് ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളി യിലേക്കു **ഡിസംബർ 03 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്കു** പിതൃവേദി റൂബിജൂബിലി പേടകപ്രയാണ വാഹനറാലി നടത്തപ്പെടുന്നു. നിശ്ചയിക്കപ്പെട്ടി രിക്കുന്നയിടങ്ങളിൽ വിവിധഫൊറോനകൾ വാഹനറാലിയിലെ പേടകത്തിനു സ്വീകരണം നൽകാൻ ശ്രദ്ധിക്കുമല്ലോ.

**സ്വീകരണം നൽകേണ്ട സ്ഥലങ്ങൾ**

| | |
|---|---|
| സെന്റ് ബേസിൽ പള്ളി | മണിമല ഫൊറോന |
| നെടുങ്കുന്നം ജംഗ്ഷൻ | നെടുങ്കുന്നം ഫൊറോന |
| പെരുമ്പനച്ചി | കുറുമ്പനാടം ഫൊറോന |
| തെങ്ങണ | അതിരമ്പുഴ, കോട്ടയം, കുടമാളൂർ ഫൊറോനകൾ |
| വെരൂർ | ചങ്ങനാശ്ശേരി, തൃക്കൊടിത്താനം ഫൊറോനകൾ |
| റെയിൽവേ ബൈപാസ് സിഗ്നൽ | ആലപ്പുഴ, ചമ്പക്കുളം, എടത്വാ, പുളിങ്കുന്ന്, മുഹമ്മ, തുരുത്തി, ചെങ്ങന്നൂർ ഫൊറോനകൾ |
| അരമനപ്പടി | അമ്പൂരി, കൊല്ലം, തിരുവനന്തപുരം ഫൊറോനകൾ, അതിരൂപതാസമിതി |

### പിതൃവേദി ജന്മദിനം

**ഡിസംബർ 04** നു ചങ്ങനാശ്ശേരി അരമനയിലുള്ള മാർ ജോസഫ് പവ്വത്തിൽ ലിറ്റർജിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഹാളിൽ പിതൃവേദി ജന്മദിനാഘോഷങ്ങൾ ക്രമീകരിക്കുന്നു. യൂണിറ്റുകളിൽ പതാക ഉയർത്തി പിതൃവേദിആന്തം ആല പിക്കുകയും റൂബിജൂബിലിയുമായി ബന്ധപ്പെട്ട് ഉചിതമായ പ്രോഗ്രാമുകൾ ക്രമീകരിക്കുകയും ചെയ്യുമല്ലോ.

### പിതൃമഹാസംഗമം

പിതൃവേദി റൂബിജൂബിലി സമാപനത്തോടനുബന്ധിച്ച് **ഡിസംബർ 09 ശനി**

**യാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന്** അതിരൂപതാകേന്ദ്രത്തിൽനിന്നും പിതൃവേദിയുടെ നേതൃത്വത്തിൽ റാലിയായി ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയാങ്കണത്തിലേക്ക് എത്തുകയും ഓഡിറ്റോറിയത്തിൽ സമാപന സമ്മേളനം നടത്തപ്പെടുകയും ചെയ്യുന്നു. 18 ഫൊറോനകളിൽനിന്നും പരമാവധി പിതൃവേദിയംഗങ്ങൾ സമാപനറാലിയിലും സമ്മേളനത്തിലും പങ്കെടുക്കുമല്ലോ.

### യൂണിറ്റ്-ഫൊറോനാ വാർഷികങ്ങൾ

കഴിഞ്ഞ ഒരുവർഷത്തെ വിലയിരുത്തലും സമ്മാനദാനങ്ങളും ഉൾപ്പെടുത്തി യൂണിറ്റ്-ഫൊറോനാ വാർഷികങ്ങൾ ഡിസംബർമാസത്തിൽ ക്രമീകരിക്കുമല്ലോ.

### പ്രോലൈഫ് സെൽ

**ഡിസംബർ 22 നു രാവിലെ 9.30 മുതൽ 1 മണിവരെ** പാറേൽ സെന്റ് മേരീസ് പള്ളിയിൽ അതിരൂപതാതല പ്രോലൈഫ് പ്രാർഥനയും സംഗമവും നടത്തപ്പെടുന്നു. പ്രോലൈഫ് പ്രവർത്തകരും മാതൃവേദി-പിതൃവേദി അംഗങ്ങളും ഇതിൽ പങ്കെടുത്ത് ജീവന്റെ സംരക്ഷണത്തിനുവേണ്ടി പ്രാർഥിക്കുമല്ലോ.

### കുടുംബജ്യോതി മാസിക

കുടുംബജ്യോതി മാസികയുടെ ഈവർഷത്തെ വരിസംഖ്യ ഇനിയും അടക്കാനുള്ളവർ ഈമാസംതന്നെ അതിരൂപതാ ഓഫീസിൽ എത്തിച്ചുനൽകേണ്ടതാണ്. വരുന്നവർഷത്തിലേക്കു കൂടുതൽ കുടുംബജ്യോതി വരിക്കാരെ കണ്ടെത്താൻ മാതൃവേദി-പിതൃവേദി പ്രവർത്തകർ ശ്രദ്ധിക്കുമല്ലോ. 2024 ലെ വരിക്കാരുടെ എണ്ണം **ഡിസംബർ 20 നു മുമ്പായി** ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ അറിയിക്കേണ്ടതാണ്.

## വിവാഹ ഒരുക്കധ്യാനം

| മാസം | തീയതി | സ്ഥലം |
|---|---|---|
| ഡിസംബർ | 09, 10, 11 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 18, 19, 20 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 26, 27, 28 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| ജനുവരി | 08, 09, 10 | ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ |
| | 15, 16, 17 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 22, 23, 24 | ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ |
| | 29, 30, 31 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |

**കൂടുതൽ വിവരങ്ങൾക്ക്: 0481 2424476, 9447016240**
**വിളിക്കേണ്ട സമയം: 10 am - 05 pm**

■

# യുവദീപ്തി - SMYM

## തുരുത്തി ഫൊറോനാക്യാമ്പ് - മെസ്സിസ്സ് 2K23

തുരുത്തിഫൊറോനയുടെ 2023 പ്രവർത്തനവർഷത്തെ പ്രാർത്ഥന-പഠന-പരിശീലനക്യാമ്പ് 'മെസ്സിസ് 2K23' ഒക്ടോബർ 27, 28, 29 തീയതികളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തി. ഫൊറോനാ പ്രസിഡന്റ് ഡെറിക് സെബാസ്റ്റ്യന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. ജോസഫ് പുരയ്ക്കൽ ആമുഖപ്രസംഗം നടത്തി. ഡെപ്യൂട്ടി പ്രസിഡന്റ് റോസിലിൻ ജോർജ്, ഫൊറോനാ ജനറൽ സെക്രട്ടറി ഡെന്നി തോമസ്, സിൻഡിക്കേറ്റ് അംഗങ്ങളായ അജയ് വർഗീസ്, ലിറ്റി കെ. പുളിക്കൽ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. ഫാ. ആന്റണി ആനക്കല്ലുങ്കൽ, സാജൻ പാപ്പച്ചൻ, ലാലിച്ചൻ മറ്റത്തിൽ, സിജു ആലഞ്ചേരി എന്നിവർ ക്ലാസുകൾ നയിച്ചു. റീജന്റ് ബ്രദർ ആൽബി ചേന്നാട്ടുശ്ശേരി, ലൂസി ഫിലിപ്പോസ്, മെരീറ്റ ജോസഫ് എന്നിവർ ക്യാമ്പിനു നേതൃത്വംനൽകി.

## അമ്പൂരി ഫൊറോനാക്യാമ്പ് - മെസ്സിസ്സ് 2K23

അമ്പൂരിഫൊറോനയുടെ പ്രാർത്ഥന-പഠന-പരിശീലനക്യാമ്പ് 'മെസ്സിസ് 2K23' ഒക്ടോബർ 28 ശനിയാഴ്ച അമ്പൂരി സെൻട്രൽ യൂണിറ്റിൽ നടത്തി. ഫൊറോനാ പ്രസിഡന്റ് സാജോമോന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ജോസ്ന എൽ. ആർ., അനീറ്റ സിന്റോ, അലക്സ് തോമസ്, ലിന്റ ജോർജ് എന്നിവർ പ്രസംഗിച്ചു. ഫാ. ആന്റണി ആനക്കല്ലുങ്കൽ, ജോയൽ ജോൺ റോയി, രേഷ്മ ദേവസ്യ, ക്രിസ്റ്റി കെ. കുഞ്ഞുമോൻ, ജിയ വിൽസൻ എന്നിവർ ക്ലാസുകൾ നയിച്ചു.

## പുളിങ്കുന്ന് ഫൊറോനാക്യാമ്പ് - മെസ്സിസ്സ് 2K23

പുളിങ്കുന്ന്ഫൊറോനയുടെ പ്രാർത്ഥന-പഠന-പരിശീലനക്യാമ്പ് 'മെസ്സിസ് 2K23' നവംബർ 10, 11, 12 തീയതികളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. തോമസ് മണിയൻചിറ മാർഗനിർദേശപ്രസംഗം നടത്തി. ഫൊറോനാ ഭാരവാഹികളായ റിച്ച റ്റോജി, ബിൻസൺ തോമസ്, മിലൻ ജോസഫ് ജോബ്, ബെൻ ജോസഫ് ബിനു എന്നിവർ പ്രസംഗിച്ചു. ഫാ. ആന്റണി ആനക്കല്ലുങ്കൽ, സാജൻ പാപ്പച്ചൻ, ഡീക്കൻ ജേക്കബ് കളത്തിവീട്ടിൽ, ലിജോ തോമസ് എന്നിവർ ക്ലാസുകൾനയിച്ചു.

## ചമ്പക്കുളം ഫൊറോനാക്യാമ്പ് - മെസ്സിസ്സ് 2K23

ചമ്പക്കുളം ഫൊറോന യുവദീപ്തിയുടെ ഏകദിനക്യാമ്പ് 'മെസ്സിസ് 2K23' നവംബർ 12 ഞായറാഴ്ച ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കയിൽ നടത്തി. ഫാ. ആന്റണി ആനക്കല്ലുങ്കൽ, ഡീക്കൻ ജേക്കബ് കളത്തിവീട്ടിൽ, രേഷ്മ ദേവസ്യ, ക്രിസ്റ്റി കെ. കുഞ്ഞുമോൻ എന്നിവർ ക്ലാസുകൾനയിച്ചു.

### യൂത്ത് ട്രെയിനിങ് പ്രോഗ്രാം – YTP

യുവദീപ്തി–SMYM ന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന യൂത്ത് ട്രെയിനിങ് പ്രോഗ്രാമിന്റെ ക്ലാസ് നവംബർ 11 നു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തി.

### ചെങ്ങന്നൂർ ഫൊറോനാക്യാമ്പ് – മെസ്സിസ്സ് 2K23

ചെങ്ങന്നൂർഫൊറോനയുടെ ഏകദിനക്യാമ്പ് 'മെസ്സിസ് 2K23' നവംബർ 19 ഞായറാഴ്ച ചെങ്ങന്നൂർ മാർത്ത് മറിയം ഫൊറോനാപള്ളിയിൽ നടത്തി. ഫൊറോനാ വികാരി ഫാ. ജോസഫ് പുത്തൻപറമ്പിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സി. ഫിലോ, അലീന മരിയ ഫിലിപ്പ്, ഐശ്വര്യ റോയ്, സന എലിസബത്ത് സെബാസ്റ്റ്യൻ, സോന ബിജു, ഗ്ലാഡ്സൺ എന്നിവർ പ്രസംഗിച്ചു. ഫൊറോനാ ഡയറക്ടർ ഫാ. ജോസഫ് പുത്തൻപറമ്പിൽ ആമുഖപ്രസംഗം നടത്തി. ഫാ. ആന്റണി ആനക്കല്ലുങ്കൽ, റീജന്റ് ബ്രദർ ആൽബി ചേന്നാട്ടുശ്ശേരി, രേഷ്മ ദേവസ്യ എന്നിവർ ക്ലാസുകൾ നയിച്ചു.

### വാർഷികസെനറ്റ്

ഈവർഷത്തെ വാർഷികസെനറ്റ് നവംബർ 26 നു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തി.

## ഡിസംബർമാസത്തിലെ പ്രവർത്തനപരിപാടികൾ

### യുവദീപ്തി ജന്മദിനാഘോഷം

യുവദീപ്തി–SMYM രൂപംകൊണ്ട ദിനമായ **ഡിസംബർ 03** നു യൂണിറ്റുകളിൽ ജന്മദിനാഘോഷപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. അന്നേദിവസം യൂണിറ്റുകളിൽ പതാക ഉയർത്തുകയും മധുരപലഹാരവിതരണം നടത്തുകയും ചെയ്യണം. ഇതോടനുബന്ധിച്ച് യൂണിറ്റുകളിൽനിന്നുള്ള ഫൊറോന, അതിരൂപത മുൻകാല ഭാരവാഹികളെ ആദരിക്കുകയും സമ്മേളനം സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്.

### യൂണിറ്റ് ഇലക്ഷനുകൾ

2023–24 വർഷത്തേക്കുള്ള യൂണിറ്റ് ഭാരവാഹികളെ തെരഞ്ഞെടുക്കുവാനുള്ള ഇലക്ഷനുകൾ **ഡിസംബർ 03, 09, 10, 17** തീയതികളിലായി നിശ്ചയിച്ചിരിക്കുന്നു.

**ജോർജ് സെബാസ്റ്റ്യൻ തയ്യിൽ**
*(പ്രസിഡന്റ്)*

**ഫാ. ആന്റണി ആനക്കല്ലുങ്കൽ**
*(ഡയറക്ടർ)*

■

# കെ.സി.എസ്.എൽ.

ഈശോമിശിഹായിൽ സ്നേഹിക്കപ്പെടുന്ന കെ.സി.എസ്.എൽ. കുടുംബാംഗങ്ങളേ,

ഏവർക്കും ക്രിസ്തുമസ് – പുതുവത്സരാശംസകൾ നേരുന്നു. KCSL ന്റെ എല്ലാ പ്രവർത്തനങ്ങളും നന്നായി മുന്നോട്ടുപോകുന്നു.

KCSL സംസ്ഥാനതല രാജത്വതിരുനാൾ നവംബർ ഇരുപത്തിനാലാം തീയതി ചങ്ങനാശ്ശേരി സെന്റ് ജോസഫ്സ് GHSS ൽ നടത്തപ്പെട്ടു. സീറോമലങ്കര മാവേലിക്കര രൂപതാദ്ധ്യക്ഷൻ അഭി. ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഉദ്ഘാടനം ചെയ്തു. KCSL സംസ്ഥാനഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, അതിരൂപതാ കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് കറുകയിൽ എന്നിവരുടെ സാന്നിധ്യത്തിൽ സമ്മേളനം നടത്തപ്പെട്ടു.

**ഡിസംബർ 01** KCSL DAY ആയി ആചരിക്കുന്നു. **ഡിസംബർ 02** നു വാഴപ്പള്ളി സെന്റ് തേരേസാസ് ഹയർ സെക്കൻഡറി സ്കൂളിൽ അതിരൂപതാതലത്തിലുള്ള കലോത്സവങ്ങൾ നടത്തപ്പെടുന്നതാണ്. എല്ലാവരുടെയും സാന്നിധ്യം പ്രത്യേകം പ്രതീക്ഷിക്കുന്നു. നമ്മുടെ സംഘടനയുടെ ആഭിമുഖ്യത്തിൽ കരോൾ ഗാന മത്സരങ്ങളും നക്ഷത്ര നിർമാണമത്സരങ്ങളും നടത്തപ്പെടുന്നുണ്ട്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

പിറവിത്തിരുനാളിന് ഒരുക്കമായി നോമ്പെടുത്തു പ്രാർത്ഥിക്കാം. ഇൻസ്റ്റഗ്രാമിലൂടെ എല്ലാദിവസവും വചനം പങ്കുവയ്ക്കാം. റീൽസ്കാഴ്ച കുറച്ച് എല്ലാദിവസവും പള്ളിയിൽ പോവുകയും ഈശോയെ സ്വീകരിക്കാൻ നന്നായി ഒരുങ്ങുകയും ചെയ്യാം. മൊബൈൽ ഫോണിലും സോഷ്യൽ മീഡിയയിലും സമയം കളയാതിരിക്കാൻ ശ്രദ്ധിക്കണം.

KCSL സംഘടനയുടെ പ്രവർത്തനങ്ങൾ സജീവമായി നടത്തുവാൻ പ്രയത്നിക്കുന്ന എല്ലാ പ്രധാനാധ്യാപകർക്കും അധ്യാപകർക്കും ആനിമേറ്റേഴ്സിനും നന്ദിപറഞ്ഞുകൊണ്ടും തുടർന്നും നിങ്ങളെല്ലാവരുടെയും സാന്നിധ്യസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ടും

സ്നേഹപൂർവം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
*(ഡയറക്ടർ)*

# CARP
## (DEPARTMENT OF COMMUNITY AWARENESS AND RIGHTS' PROTECTION)

### ഡിസംബർമാസത്തിൽ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ

1. കേരള PSC, വിവിധഡിപ്പാർട്ടുമെന്റുകളിലെ LD Clerk തസ്തികളിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുകയാണ്. നാൽപതിനായിരത്തിൽപരം വേക്കൻസികൾ ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. **അപേക്ഷിക്കേണ്ട അവസാന തീയതി 2024 ജനുവരി 01**. 18-36 വയസിനിടയിലുള്ള പത്താംക്ലാസ് പാസായവർക്ക് അപേക്ഷിക്കാം. ഇപ്രകാരമുള്ളവർ PSCയുടെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുകയും പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കുകയും ചെയ്യുമല്ലോ. EWS സംവരണത്തിന് അർഹരായവർ (കുടുംബവാർഷികവരുമാനം നാലു ലക്ഷം രൂപവരെ, കൈവശഭൂമി പഞ്ചായത്തുകളിൽ 2.5 ഏക്കറും മുനിസിപ്പാലിറ്റിയിൽ 20 സെന്റും വരെ) തങ്ങളുടെ പ്രൊഫൈലിൽ EWS കാറ്റഗറി എന്ന് അടയാളപ്പെടുത്തുകയും വില്ലേജ് ഓഫീസിൽനിന്നും EWS സർട്ടിഫിക്കറ്റ് വാങ്ങിവയ്ക്കുകയും ചെയ്യേണ്ടതാണ്. ഇടവകകളും സംഘടനകളും ഇക്കാര്യം പ്രചരിപ്പിക്കുന്നതിനു ശ്രദ്ധിക്കുമല്ലോ.

2. SSLC, +2 എന്നിവയിൽ ഫുൾ A+, ഡിഗ്രി 80% പി ജി 75% മാർക്കുകൾ എന്നിവ നേടിയ സർക്കാർ/എയ്ഡഡ് സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് 10000/15000 രൂപ നൽകുന്ന പ്രൊഫ. ജോസഫ് മുണ്ടശേരി സ്കോളർഷിപ്പിനു **ഡിസംബർ 18 വരെ അക്ഷയ / ഓൺലൈൻ വഴി അപേക്ഷിക്കാം**. BPL, APL വിഭാഗക്കാർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**ബേബി വട്ടക്കര** (9142121717)
**ടോം ജോസഫ്** (9447207700)
**ബിനു കുര്യാക്കോസ്** (7306513917)
*(കോഡിനേറ്റേഴ്സ്)*

**ഫാ. ജയിംസ് കൊക്കാവയലിൽ**
*(ഡയറക്ടർ)*
6238214912

# ചാസ്

## (CHANGANACHERRY SOCIAL SERVICE SOCIETY)

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽനിന്നും ആശംസകൾ !!!**

''അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു'' *(യോഹ. 3:16)*. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പ്രത്യാശയുടെയും സമാധാനത്തിന്റെയും ഓർമപുതുക്കി വീണ്ടുമൊരു ക്രിസ്തുമസ് കാലംകൂടി വരവായി. സകല ജനത്തിനുംവേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്തയാണ് ഈശോമിശിഹായുടെ ജനനം. ഒപ്പം ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനവും.

ലോകംമുഴുവൻ ക്രിസ്തുമസിനെ വരവേൽക്കാൻ സന്തോഷത്തോടെ കാത്തിരിക്കുന്ന ഈവേളയിലും സങ്കടക്കയത്തിൽപെട്ട് നട്ടംതിരിയുന്ന ഒരു സമൂഹത്തെ നമുക്കുചുറ്റും കാണാം. അതു മറ്റാരുമല്ല നമുക്ക് അന്നംനൽകുന്ന കർഷകസമൂഹമാണ്. തുടർച്ചയായി ഉണ്ടാകുന്ന കർഷക ആത്മഹത്യകളെക്കുറിച്ചാണ് അടുത്തനാളുകളിൽ നാം കേട്ടുകൊണ്ടിരിക്കുന്നത്. നാട്ടാരെ തീറ്റിപോറ്റാൻ ആയുസിന്റെ ഏറിയ പങ്കും കഷ്ടപ്പെട്ട പാവം കർഷകൻ അവസാനനാളുകളിൽ മാനസികപിരിമുറുക്കം സഹിക്കാനാവാതെ ആത്മഹത്യക്കുമുതിരുന്നതു പരിഷ്കൃതസമൂഹത്തിനു ഭൂഷണമല്ല. ദൈവത്തിന്റെ സ്വന്തംനാട് കർഷകന്റെ ശവപ്പറമ്പായി മാറാൻ അനുവദിക്കരുത്. ദൈവം ഈലോകത്തിനു പ്രദാനംചെയ്ത സന്തോഷവും സമാധാനവും അതിന്റെ പൂർണതയിൽ അനുഭവവേദ്യമാകുവാൻ കർഷകർക്ക് ഇടവരണം. ദൈവപുത്രനു ജന്മംനൽകി, രക്ഷാകരസംഭവങ്ങൾക്കു സാക്ഷ്യംവഹിച്ച വിശുദ്ധനാട് ഇന്നു സംഘർഷഭരിതമാണ്. ലോകത്തിൽ എല്ലായിടത്തും സമാധാനം സ്ഥാപിതമാകുവാൻ പ്രാർത്ഥിക്കാം. വിണ്ണിലെ സന്തോഷവും സമാധാനവും മാനവഹൃദയങ്ങളിൽ നിറയുവാൻ ഈ ക്രിസ്തുമസ്കാലം ഇടയാക്കട്ടെ. ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും മംഗളാശംസകൾ നേരുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
**ഫാ. ജോർജ് തൈച്ചേരിൽ**
*(അസിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. തോമസ് കുളത്തുങ്കൽ**
*(ഡയറക്ടർ)*

## അറിയിപ്പ്

ചാസ് പ്രാദേശികയൂണിറ്റുകളുടെ 2024-27 കാലയളവിലേയ്ക്കുള്ള ഭരണസമിതിയുടെ തെരഞ്ഞെടുപ്പ് **2024 ജനുവരി 13 നും മാർച്ച് 17 നും ഇടയിൽ** പൂർത്തീകരിച്ച് 2024 ഏപ്രിൽ 01 ന് ഉത്തരവാദിത്തം ഏറ്റെടുക്കത്തക്കവിധത്തിൽ ക്രമീകരിക്കണമെന്ന് ഓർമിപ്പിക്കുന്നു. തെരഞ്ഞെടുപ്പ് സംബന്ധിച്ച മാർഗനിർദേശങ്ങളടങ്ങിയ സർക്കുലർ മേഖലാ കോഡിനേറ്റർ മുഖാന്തിരം യൂണിറ്റുക

ളിൽ എത്തിക്കുന്നതാണ്. പുതിയ ഭരണസമിതിയുടെ ലിസ്റ്റ് **2024 മാർച്ച് 31 നു മുമ്പ്** ചാസ് കേന്ദ്രഓഫീസിൽ എത്തിക്കേണ്ടതാണ്.

## കേന്ദ്രവാർത്തകൾ

### SAFP ക്ലസ്റ്റർ മീറ്റിങ്

സേവ് എ ഫാമിലി പ്ലാൻ പദ്ധതിയിലുൾപ്പെട്ട കുടുംബങ്ങളുടെ 2023-24 വർഷക്കാലത്തേക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനു നവംബർ 02, 07, 15 തീയതികളിൽ പുളിങ്കുന്ന്, മാടപ്പള്ളി, ചങ്ങനാശ്ശേരി പ്രദേശങ്ങളിൽ ക്ലസ്റ്റർ മീറ്റിങ് സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ ആശംസയർപ്പിച്ചു. SAFP കോഡിനേറ്റർ നിവ്യ ജോസഫ് പദ്ധതി നിർവഹണത്തിന് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകി. മേഖലാ കോഡിനേറ്റർ സിജി ബിജുമോൻ നേതൃത്വം നൽകി.

### അർദ്ധവാർഷിക ഓഡിറ്റിങ്

ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് കോമേഴ്സ് വകുപ്പുമായി സഹകരിച്ച് ചാസിന്റെ 43 പ്രാദേശികയൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെ 2023-24 സാമ്പത്തികവർഷത്തിലെ അർദ്ധവാർഷിക ഓഡിറ്റിങ് നവംബർ 13 മുതൽ 17 വരെ തീയതികളിൽ നടത്തി. 101 വിദ്യാർത്ഥിനികളോടൊപ്പം ചാസ് മേഖലാ കോഡിനേറ്റർമാരും പ്രാദേശിക യൂണിറ്റ് ഭാരവാഹികളും സഹകാരികളായി. നവംബർ 13 നു സംഘടിപ്പിച്ച ഓറിയന്റേഷൻ പ്രോഗ്രാമിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ജോബി മാത്യു, MCP ഓഡിറ്റർ കെ.സി. ജോർജ്, മേഖലാ കോഡിനേറ്റർമാരായ ബിനു ജോസഫ്, ബേബി ജോസഫ് എന്നിവർ മാർഗനിർദേശങ്ങൾ നൽകി.

### വിദ്യാർത്ഥിസംഗമം

ചങ്ങനാശ്ശേരി എസ്. ബി. കോളേജിലെ ഡിഗ്രിവിദ്യാർത്ഥികളുടെ പഠനത്തിന്റെ ഭാഗമായി സാമൂഹ്യാവബോധവും പ്രായോഗികപരിജ്ഞാനവും നൽകുന്നതിനു നവംബർ 13 നു കാവുകാട്ട് ഹാളിൽ സംഘടിപ്പിച്ച വിദ്യാർത്ഥിസംഗമത്തിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ജോബി മാത്യു എന്നിവർ പങ്കെടുത്ത് ചാസിന്റെ പ്രവർത്തനമേഖലകളെപ്പറ്റി വിശദീകരിച്ചു.

### കെയർ എ ഫാമിലി പ്രോഗ്രാം-പുതിയ കുടുംബങ്ങളെ തെരഞ്ഞെടുത്തു

കെയർ എ ഫാമിലി പ്രോഗ്രാമിൽ കൊല്ലംമേഖലയിലെ മീൻകുളം, ഫിൽഗിരി എന്നീ യൂണിറ്റുകളിൽനിന്നും 5 കുടുംബങ്ങളെ തെരഞ്ഞെടുത്തു. പ്രൊജക്റ്റ് കോഡിനേറ്റർ സി. ആൽഫി DSJ, മേഖലാ കോഡിനേറ്റർ ബേബി ജോസഫ്, ഭാരവാഹികളായ ഫ്രാൻസിസ് പള്ളിപ്പുറം, ജോണി മൂങ്ങനാനിൽ എന്നിവർ ഭവനങ്ങൾ സന്ദർശിച്ച് പദ്ധതിവിശദീകരണവും മാർഗനിർദേശങ്ങളും നൽകി.

## ചാസ് സാമൂഹ്യസുരക്ഷാ സഹായപദ്ധതി

ചാസിന്റെ സാമൂഹ്യസുരക്ഷാ സഹായപദ്ധതികൾവഴി നവംബർമാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ.

**1) SHG മരണാനന്തരസഹായം** (ഒരുകുടുംബത്തിന് 10,000/- രൂപ വീതം 2 കുടുംബങ്ങൾക്ക് 20,000/- രൂപ അനുവദിച്ചു)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 652. സരോജനിയമ്മ | സ്നേഹദീപം | ഡാലുമുഖം | അമ്പൂരി |
| 653. ബിജു സി. ആന്റണി | നവധാര | മുട്ടാർ ഓൾഡ് | എടത്വാ |

**2) മ്യൂചൽ ബനഫിറ്റ് സ്കീം – MBS** (ഒരു കുടുംബത്തിന് 10,000/- രൂപ വീതം 16 കുടുംബങ്ങൾക്ക് 1,60,000/- രൂപ മരണാനന്തരസഹായം അനുവദിച്ചു)

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 938. ജോൺ തോമസ് മനയത്തുശ്ശേരിയിൽ | പായിപ്പാട് | തൃക്കൊടിത്താനം |
| 939. സീതാലക്ഷ്മി ലക്ഷ്മിഭവൻ | വെട്ടിമുകൾ | അതിരമ്പുഴ |
| 940. മേരി മാത്യു പുതുപ്പറമ്പിൽ | ഏറ്റുമാനൂർ | അതിരമ്പുഴ |
| 941. കുഞ്ഞമ്മ ജോർജ് പള്ളിപ്പറമ്പിൽ | നാൽപ്പാത്തിമല | അതിരമ്പുഴ |
| 942. ജിനോഷ് ജോർജ് കോച്ചേരി | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 943. സിന്ധു ബാബു ഇരുപതിൽചിറ | കിഴക്കേ മിത്രക്കരി | എടത്വാ |
| 944. അന്നമ്മ ചാക്കോ മാടപ്പുരയ്ക്കൽ | തായങ്കരി | എടത്വാ |
| 945. രാഘവൻ പാലപ്പറമ്പിൽചിറ | തായങ്കരി | എടത്വാ |
| 946. പി.വി. ജോസഫ് പുത്തൻപുരയ്ക്കൽ | ആറാട്ടുവഴി | ആലപ്പുഴ |
| 947. എൻ. ജെ. മറിയം രാജ്ഭവൻ | മായം | അമ്പൂരി |
| 948. അന്നമ്മ ദേവസ്യ കുളമിരിക്കുംകാല | മുടിയൂർക്കര | കുടമാളൂർ |
| 949. സിറിയക് ജോർജ് കളത്തിപ്പറമ്പിൽ | കിളിരൂർ | കുടമാളൂർ |
| 950. ആലീസ് റോയി കന്നിട്ടച്ചിറ | പുളിങ്കുന്ന് | പുളിങ്കുന്ന് |
| 951. ത്രേസ്യാമ്മ വർക്കി വെള്ളങ്കോട്ടിൽ | നാൽപ്പാത്തിമല | അതിരമ്പുഴ |
| 952. ഷീജമ്മ ബിജു വേലിക്കളംവീട് | ചങ്ങങ്കരി | എടത്വാ |
| 953. ജെൻസി സുബിൻ കുളത്തുങ്കൽ | ഇരവുചിറ | കുറുമ്പനാടം |

## മേഖലാവാർത്തകൾ

### സ്വാശ്രയ സംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 26.10.2023 | ഏറ്റുമാനൂർ | ഹോളിമാ | 13 |
| 28.10.2023 | രാമങ്കരി | പൗളിൻസ് | 13 |

| | | | |
|---|---|---|---|
| 01.11.2023 | മായം | അൽഫോൻസാ | 10 |
| 08.11.2023 | ഫാത്തിമാപുരം | ഹെവാനിയ | 20 |
| 15.11.2023 | നാലുകോടി | ശാലോം | 11 |
| 22.11.2023 | ഫിൽഗിരി | ചൈതന്യ | 15 |

### തയ്യൽപരിശീലനം

പൊടിപ്പാറ യൂണിറ്റിൽ ഒക്ടോബർ 22 നു തയ്യൽപരിശീലനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ഐസക് മുണ്ടുനടക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഭാരവാഹികളായ രാജു ജോസഫ്, ജോബ് സേവ്യർ, മേഖലാ കോഡിനേറ്റർ സിജി ബിജുമോൻ എന്നിവർ ആശംസകളർപ്പിച്ചു. 17 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.

### സ്വാശ്രയസംഘസംഗമവും സൺഡേമാർക്കറ്റ് ഉദ്ഘാടനവും

തത്തംപള്ളി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സ്വാശ്രയസംഘസംഗമവും സൺഡേ മാർക്കറ്റ് ഉദ്ഘാടനവും ഒക്ടോബർ 28 ശനിയാഴ്ച 2 മണിക്കു സംഘടിപ്പിച്ചു. ഫാ. ജോസഫ് പുതുപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. സി. റെയ്മേരി SABS, വാർഡ് കൗൺസിലർ കൊച്ചുത്രേസ്യ, ജോസഫ് ജയിംസ് കാലായിൽ, മേഖലാ കോഡിനേറ്റർ ഡി. ജോസഫ്, തൊമ്മി ജോസഫ് തട്ടുങ്കൽ, കെ. ജെ. ജോസഫ് കളത്തിൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് *കുടുംബജീവിതത്തിൽ സ്വാശ്രയസംഘങ്ങളുടെ പ്രസക്തി* എന്ന വിഷയത്തിൽ ആലപ്പുഴ-പഴവങ്ങാടി മാർ സ്ലീവാ ഫൊറോനാപള്ളി വികാരി ഫാ. സിറിയക് കോട്ടയിൽ സെമിനാർ നയിച്ചു.

### SHG വാർഷികം

ഏറ്റുമാനൂർ യൂണിറ്റിൽ പ്രവർത്തിക്കുന്ന 'സെന്റ് ജോൺസ്' സ്വാശ്രയസംഘത്തിന്റെ ഇരുപത്തിയഞ്ചാമത് വാർഷികം നവംബർ 4 നു നടത്തി. പ്രസിഡന്റ് സോളി ഷാജി അദ്ധ്യക്ഷതവഹിച്ചു. അതിരമ്പുഴ പഞ്ചായത്ത് പ്രസിഡന്റ് സജി തടത്തിൽ ഉദ്ഘാടനം നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ മുഖ്യപ്രഭാഷണവും യൂണിറ്റ് ഡയറക്ടർ ഫാ. ജോസ് മുകളേൽ അനുഗ്രഹസന്ദേശവും നൽകി. ചാസ് അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ, ഫാ. ജേക്കബ് ചക്കാത്ര, മേഖലാ കോഡിനേറ്റർ സജി ഷാജി എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

### മേഖലാസമ്മേളനം

പുളിങ്കുന്ന് മേഖലാ സമിതിയോഗം നവംബർ 10 നു സെന്റ് മേരീസ് ഫൊറോനാപള്ളി പാരിഷ് ഹാളിൽ സംഘടിപ്പിച്ചു. മേഖലാ പ്രസിഡന്റ് ലാലിച്ചൻ മരിയാലയം അദ്ധ്യക്ഷതവഹിച്ചു. ഫൊറോനാപള്ളി വികാരി ഫാ. ടോം പുത്തൻകളം ഉദ്ഘാടനം നിർവഹിച്ചു. തുടർന്നു യൂണിറ്റുതല പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി. സമ്മേളനത്തിൽ മുൻ മേഖലാ കോഡിനേറ്റർ ബൈജു

സി. സേവ്യറിനു യാത്രയയപ്പ് നൽകി. രാമങ്കരി യൂണിറ്റ് സെക്രട്ടറി ടോമിച്ചൻ ചേന്നാട്ടുശ്ശേരി, പുളിങ്കുന്ന് യൂണിറ്റ് പ്രസിഡന്റ് ഫ്രാൻസിസ്, മേഖലാ വൈസ് പ്രസിഡന്റ് ബ്രിന്റ ചാക്കോ എന്നിവർ പ്രസംഗിച്ചു.

### SHG വാർഷികവും കുടുംബസംഗമവും

പങ്ങട യൂണിറ്റിൽ പ്രവർത്തിക്കുന്ന 'ആദർശ്' SHG യുടെ പതിനൊന്നാമത് വാർഷികവും കുടുംബസംഗമവും നവംബർ 19 നു സംഘം പ്രസിഡന്റ് സോജി തോമസിന്റെ അദ്ധ്യക്ഷതയിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് കുഴിയടിയിൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് പ്രസിഡന്റ് സി. ജെ. മാത്യു, കോഡിനേറ്റർ ടോം സി. തയ്യിൽ, കെ. കെ. തോമസ്, ജെറീഷ് ജോസ്, കെ. എ. ജോസഫ് എന്നിവർ പ്രസംഗിച്ചു. സെക്രട്ടറി അനിൽകുമാർ പി. ബി. റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. കൂരോപ്പട പഞ്ചായത്തിലെ മികച്ച ജൈവകർഷക അനി സോജിയെ ചടങ്ങിൽ ആദരിച്ചു.

## SLCA കേരള

### SLCA - IRCA സന്ദർശനം

കേന്ദ്ര സാമൂഹ്യനീതിശക്തീകരണ മന്ത്രാലയത്തിന്റെ കീഴിൽ കോട്ടയം, എറണാകുളം, തൃശൂർ ജില്ലകളിൽ പ്രവർത്തിക്കുന്ന 5 ഡി-അഡിക്ഷൻ സെന്ററുകളിൽ SLCA ടീമംഗങ്ങളായ ഫാ. ജിജു വർഗീസ്, റ്റി. എം. മാത്യു തച്ചിലേട്ട്, കാർമൽ ജോബി മാത്യു എന്നിവർ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും നിർദേശങ്ങൾ നൽകുകയും ചെയ്തു.

| ***തീയതി*** | ***സെന്റർ*** |
|---|---|
| 13.11.23 | ജവഹർ IRCA തലയോലപ്പറമ്പ്, കോട്ടയം |
| 14.11.23 | യൂണിറ്റി IRCA പെരുമ്പാവൂർ; MMM IRCA കോലഞ്ചേരി, എറണാകുളം |
| 16.11.23 | ഡിവൈൻ IRCA മുരിങ്ങൂർ; സാൻജോ സദൻ IRCA, തൃശൂർ |

### ത്രിദിന പരിശീലനപരിപാടി

SLCA കേരളയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ വിവിധ IRCA കളിൽ പ്രവർത്തിക്കുന്ന നേഴ്സുമാർക്കും പിയർ എജ്യുകേറ്റർമാർക്കും വാർഡ് ബോയ്സിനുമായി ത്രിദിന കപ്പാസിറ്റി ബിൽഡിങ് പരിശീലനപരിപാടി സംഘടിപ്പിച്ചു. നവംബർ 20, 21, 22 തീയതികളിൽ ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച പരിപാടിയുടെ ഉദ്ഘാടനം ഫാ. ജയിംസ് കൊക്കാവയലിൽ നിർവഹിച്ചു. പാലാ ADARRT IRCA ഡയറക്ടർ എൻ. എം. സെബാസ്റ്റ്യൻ, രാമപുരം BVM ഹോളി ക്രോസ് കോളേജ് അസി. പ്രൊഫസർ ബ്രിസ്റ്റോ മാത്യു, കോഴിക്കോട് ഗവ. നേഴ്സിങ് കോളേജ് അസി. പ്രൊഫസർ സലിം റ്റി. കെ., റ്റി. എം. മാത്യു തച്ചിലേട്ട് എന്നിവർ വിവിധവിഷയങ്ങളെ അധികരിച്ച് ക്ലാസ് നയിച്ചു. SLCA കോഡിനേറ്റർ ഫാ. ജിജു വർഗീസ് സമാപനസന്ദേശം നൽകി. കാർമൽ ജോബി മാത്യു, ട്രീസ മാത്യു എന്നിവർ നേതൃത്വം നൽകി.

■

# ചാസ്-ഖാദി ഗ്രാമവ്യവസായമേഖല

ഖാദി ഗ്രാമവ്യവസായ കമ്മിഷന്റെ അംഗീകാരത്തോടെ 1986 മുതൽ മല്ല പ്പള്ളിയിൽ പ്രവർത്തിക്കുന്ന ചാസ്-ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിലും വിവിധ എക്സ്റ്റൻഷൻ സെന്ററുകളിലുമായി താഴെപ്പറയുന്ന തൊഴിൽപരിശീ ലനങ്ങൾ ഇപ്പോൾ നടന്നുവരുന്നു.

1. സെമി ഓട്ടോമാറ്റിക്ക് തറിയിൽ ഖാദി നെയ്ത്തുപരിശീലനം (20.07.2023 - 19.01.2024) 8 പേർക്ക്
2. ഫ്രെയിം ലൂമിൽ നെയ്ത്തുപരിശീലനം (02.10.2023 - 31.03.2024) 20 പേർക്ക്
3. കാർപ്പെന്ററി പരിശീലനം (11.09.2023 - 10.03.2024) 10 പേർക്ക് മാമ്മൂട് ചാസ് ഫർണിച്ചർ കേന്ദ്രത്തിൽ
4. തയ്യൽപരിശീലനം (സെന്റ് ജോസഫ്സ് കോൺവെന്റ്, വേഴപ്ര 01.09.2023 - 30.11.2023)18 പേർക്ക്
5. തയ്യൽ പരിശീലനം - (ലിറ്റിൽ ഫ്ളവർ കോൺവെന്റ്, തൃക്കൊടിത്താനം 01.09.2023 - 30.11.2023) 16 പേർക്ക്
6. റെഡിമെയ്ഡ് ഗാർമെന്റ്സ് (സെന്റ് ജോൺസ് മാർത്തോമ്മാ ചർച്ച്, തല വടി 05.10.2023 - 04.01.2024) 27 പേർക്ക്

## നവംബർമാസത്തിൽ നടത്തിയ പ്രധാന പ്രോഗ്രാമുകൾ

| | പ്രോഗ്രാം | ആരംഭിച്ച തീയതി | സംഘടിപ്പിച്ച സ്ഥലം | ഉദ്ഘാടകൻ | പങ്കെടുത്ത വരുടെ എണ്ണം |
|---|---|---|---|---|---|
| 1 | **ഖാദി മഹോത്സവം** (3 ദിവസം) ചർക്ക, തറി ഇവയുടെ പ്രവർത്തനവും ഖാദി ഉൽ പന്നങ്ങളുടെ പ്രദർശനം, പദയാത്ര, ഉപന്യാസമത്സരം എന്നിവ നടത്തി സമ്മാനം വിതരണം ചെയ്തു. | 25.10.2023 - 27.10.2023 | സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷൻ, കുരിശുമ്മൂട് ചങ്ങനാശ്ശേരി | Adv. Job Michael MLA | 262 |
| 2 | **പീപ്പിൾ എജ്യുക്കേഷൻ പ്രോഗ്രാം (PEP)**ഖാദി സെമി നാർ, പദയാത്ര, ഉപന്യാസ മത്സരം എന്നിവ നടത്തി സമ്മാനം വിതരണം ചെയ്തു. | 30.10.2023 | BAM കോളേജ്, തുരുത്തിക്കാട് മല്ലപ്പള്ളി | Njanamani Mohan (Member, Mallappally Block Division) | 116 |
| 3 | **വ്യവസായ സംരംഭകത്വ പരിശീലനം** ഏകദിന സെമിനാർ - *ഖാദി ഗ്രാമ വ്യവസായങ്ങളുടെ പ്രസക്തി ആധുനികയുഗ ത്തിൽ* എന്ന വിഷയത്തിൽ ക്ലാസ്സ് സംഘടിപ്പിച്ചു. | 01.11.2023 | സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി | Dr. George K. Alex (Principal) | 248 |

| | | | | | |
|---|---|---|---|---|---|
| 4 | **ബ്യൂട്ടി കെയർ മാനേജുമെന്റ്** (രണ്ടുമാസം) 22 Nos **റെഡി മെയ്ഡ് ഗാർമെന്റ്സ്** നിർമാണം **27 Nos** (മൂന്ന് മാസം) (Classes started on 02.11.2023) | 02.11.2023 | സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി | Rt. Rev. Dr. Abraham Mar Paulos Episcopa | 49 |
| 5 | **പഴവർഗസംസ്കരണ പരിശീലനം** (2 മാസം) 06.11.2023 – 05.01.2024 | 06.11.2023 | സേവാനികേതൻ തിരുഹൃദയ സ്പെഷ്യൽ സ്കൂൾ, പാറേൽ | Sr. Tincy SH (Principal) | 40 |
| 6 | **ഖാദി മഹോത്സവം** (2 ദിവസം) ചർക്ക, തറി ഇവയുടെ പ്രവർത്തനവും ഖാദി ഗ്രാമവ്യവസായ ഉൽപന്നങ്ങളുടെ പ്രദർശനവും വിൽപനയും | 09.11.2023 | സിറ്റാഡെൽ റെസിഡെൻഷ്യൽ പബ്ലിക് സ്കൂൾ, റാന്നി | Fr. Jobin T. James (Principal) | 32 Schools |
| 7 | **വ്യവസായ സംരംഭകത്വ പരിശീലനം** ഏകദിന വ്യവസായ സംരംഭകത്വ പരിശീലനം നടത്തി. | 10.11.2023 | സെന്റ് തോമസ് കോളേജ്, റാന്നി | Dr. Sneha Elsy Jacob (Principal) | 83 |
| 8 | **ബ്യൂട്ടി കെയർ മാനേജുമെന്റ്** (2 മാസം) 13.11.2023 – 12.01.2024 | 13.11.2023 | മീഡിയ വില്ലേജ്, കുരിശുമ്മൂട് | Fr. Dr. Joseph Parackal (Principal) | 21 |
| 9 | **Bee കീപിങ് ഹോബി കോഴ്സ്** (ഒരാഴ്ച) 13.11.2023 – 18.11.2023 | 13.11.2023 | സെന്റ് തോമസ് കോളേജ്, റാന്നി | Dr. R. Aruna Devi, (HOD, Zoology ) | 62 |
| 10 | **Bee കീപ്പിങ് സർട്ടിഫിക്കറ്റ് കോഴ്സ്** (1 മാസം) 20.11.2023 – 19.12.2023 | 20.11.2023 | അഗ്രികൾച്ചറൽ ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് ബാങ്ക് ഓഡിറ്റോറിയം, പൈക | Sajan Thoduka, (Member Khadi Board, Trivandrum) | 40 |

## ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിൽ ഡിസംബറിൽ ആരംഭിക്കുന്ന കോഴ്സുകൾ

| | | | |
|---|---|---|---|
| 1 | Bee Keeping സർട്ടിഫിക്കറ്റ് കോഴ്സ് | 11.12.2023 | ലിറ്റിൽ ഫ്ളവർ കോൺവെന്റ്, തൃക്കൊടിത്താനം |
| 2 | Bee Keeping സർട്ടിഫിക്കറ്റ് കോഴ്സ് | 14.12.2023 | ഗവൺമെന്റ് ആർട്ട്സ് & സയൻസ് കോളേജ്, ഇലന്തൂർ, പത്തനംതിട്ട |
| 3 | ഹാൻഡ് എംബ്രോയിഡറി കോഴ്സ് | 18.12.2023 | ലിറ്റിൽ ഫ്ളവർ കോൺവെന്റ്, തൃക്കൊടിത്താനം |

- **ചാസ് ഖാദി കേക്കുകൾ** - ചങ്ങനാശ്ശേരി അതിരൂപതാ സംരംഭമായ ചാസ് -ഖാദി അമ്മ ഫുഡ്സിൽ ഗുണനിലവാരമുള്ള വിവിധതരം കേക്കുകൾക്ക് ഓർഡർ സ്വീകരിച്ചുതുടങ്ങി.
- **ചാസ് ഫർണിച്ചർ പള്ളിക്കൂട്ടുമ്മ ഷോറൂം നവീകരിച്ചു** - റോഡ് പുനഃരുദ്ധരിച്ചതിനെ തുടർന്നുണ്ടായ കുറവുകൾ പരിഹരിച്ച് നവീകരിച്ച ചാസ് ഫർണിച്ചർ ഷോറൂമിന്റെ വെഞ്ചരിപ്പുകർമം ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ നവംബർ 1 നു നിർവഹിച്ചു.
- **ഖാദിക്കു സ്പെഷ്യൽ റിബേറ്റ്** - ക്രിസ്തുമസ്-പുതുവത്സരം പ്രമാണിച്ച് ഡിസംബർ 13 മുതൽ 2024 ജനുവരി 06 വരെ ഖാദിക്ക് 30% ഗവൺമെന്റ് സ്പെഷ്യൽ റിബേറ്റ് പ്രഖ്യാപിച്ചു. കോട്ടയം ശാസ്ത്രിറോഡിലും ചങ്ങനാശ്ശേരി അരമനപ്പടിയിലുമുള്ള ഖാദിഭവനുകളിൽ ഖാദിവസ്ത്രങ്ങൾക്ക് 30% ഗവ. റിബേറ്റ് ലഭ്യമാണ്.

### അപേക്ഷ ക്ഷണിച്ചു

ചാസ് ഖാദിഗ്രാമോദ്യോഗ് വിദ്യാലയത്തിൽ ഉടൻ ആരംഭിക്കുന്ന താഴെപ്പറയുന്ന കോഴ്സുകളിലേക്ക് 16–50 പ്രായപരിധിയിലുള്ളവരിൽനിന്ന് അപേക്ഷ ക്ഷണിച്ചു.

1. ബീ കീപ്പിംഗ് കോഴ്സ് – 1 മാസം
2. പഴവർഗസംസ്കരണം – 2 മാസം
3. ബേക്കറിപരിശീലനം – 2 മാസം

*വിശദവിവരങ്ങൾക്ക്:* 9447160207

**ഫാ. ജോർജ് പനക്കേഴം**
*(ചാസ്-ഖാദി ഡയറക്ടർ)*

**ഫാ. തോമസ് കുളത്തുങ്കൽ**
*(എക്സിക്യുട്ടിവ് ഡയറക്ടർ)*

**ഫാ. വർഗീസ് നമ്പിമഠം**
*(വൈസ് പ്രിൻസിപ്പൽ, ഖാദി ഗ്രാമോദ്യോഗ് വിദ്യാലയ, മല്ലപ്പള്ളി)*

**ഫാ. ജോർജ് തൈച്ചേരിൽ**
*(അസിസ്റ്റന്റ് ഡയറക്ടർ)*

■

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്കു **2023 ഒക്ടോബർ 21 മുതൽ നവംബർ 20 വരെ** വിവിധ ഇടവക/സംഘടനകളിൽനിന്നും ലഭിച്ച സംഭാവനകൾ

| | ഇടവക / സംഘടന | തുക |
|---|---|---|
| 1 | ലൂർദുമാതാ ചർച്ച് - പായിപ്പാട് | 486000 |
| 2 | സെന്റ് മേരീസ് ചർച്ച് - പാറേൽ | 50000 |

■

*» കുടുംബക്കൂട്ടായ്മ-ബൈബിൾ അപ്പോസ്തലേറ്റ് തുടർച്ച...*

എം. ജെ. ജോസഫ് മഞ്ഞനാട്ടുകാപ്പിൽ മായം
അന്നമ്മ ജോസ് പത്തിൽ ചെറുവാണ്ടൂർ

അഞ്ചാം റാങ്ക്

റോസമ്മ കുര്യൻ മലയിൽ പഴവങ്ങാടി
എലിസബത്ത് റ്റി. ജോൺ വേങ്ങാച്ചൂട്ടിൽ ലൂർദ് തിരുവനന്തപുരം
അന്നക്കുട്ടി ചാക്കപ്പൻ മണിയൻകേരിൽ ലൂർദ് കോട്ടയം
സാലി ജോസ് സ്കറിയ വെട്ടിക്കാട് എറണകരിയിൽ വടവാതൂർ
കെ.ജെ. ജോസഫ് കോട്ടിശ്ശേരിയിൽ പള്ളിക്കുന്ന്
ആന്റണി തോമസ് മലയിൽ വെരൂർ
അന്നമ്മ ജോർജ് പുലിക്കോട്ടുകളത്തിൽ തൃക്കൊടിത്താനം
സി. ലിസ്സി ട്രീസാ FCC ചങ്ങനാശ്ശേരി
അന്നമ്മ ജോസഫ് മരുത്തോലിൽ പാറമ്പുഴ
ലിസി പീറ്റർ ചെറിയതുണ്ടത്തിൽ ചാത്തനാട്
സണ്ണി ആന്റണി മാറാട്ടുകളം പായിപ്പാട്
ആൻസി റ്റോം മൂലയിൽ ഗത്സേമനി വാഴപ്പള്ളി
ജെസ്സി തോമസ് കൈപ്പള്ളി പഴവങ്ങാടി
തോമസ് കടമാട്ട് ചെത്തിപ്പുഴ
ജയിംസ് ദേവസ്യ കറുകപ്പള്ളി

**ലോഗോസ് ക്വിസ് മത്സരത്തിൽ കുടുംബങ്ങൾക്ക് ആനുപാതികമായി ഏറ്റവുംകൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച് സമ്മാനം നേടിയ ഇടവകകൾ**

1. ലൂർദുമാതാ, പായിപ്പാട്
2. മാർ സ്ലീവാ, പൊങ്ങ
3. സേക്രഡ് ഹാർട്ട്, പച്ചക്കാട്

■

# ദീപിക ഫ്രണ്ട്സ് ക്ലബ് (DFC)

ഈശോയിൽ പ്രിയ അച്ചന്മാരേ, സമർപ്പിതരേ, DFC പ്രവർത്തകരേ, കുടുംബ ക്കൂട്ടായ്മ ഭാരവാഹികളേ,

വീണ്ടുമൊരു ക്രിസ്തുമസ് സമാഗമാഗതമാവുന്നു. തിരുപ്പിറവിയുടെ ഓർമ യിലേക്കു ലോകജനത പ്രവേശിക്കുകയാണ്. ലോകത്തിനു മുഴുവൻ സന്തോഷ ത്തിന്റെ സദ്വാർത്തയായി വന്ന രക്ഷകനായ ഈശോയെ ആവേശത്തോടെ, സ്നേഹത്തോടെ സ്വീകരിക്കാം. ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ ഭാരവാഹികൾക്കും പ്രവർത്തകർക്കും അച്ചന്മാർക്കും ആനിമേറ്റർ സിസ്റ്റേഴ്സിനും കൂട്ടായ്മാലീഡേ ഴ്സിനും എല്ലാവർക്കും ക്രിസ്മസിന്റെ മംഗളങ്ങൾനേരുന്നു.

### നേതൃനിര ദീപികയുടെ പൂർണവരിക്കാരാവുക

അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവിന്റെയും അഭി. മാർ തോമസ് തറയിൽ പിതാവിന്റെയും ആഹ്വാനം സ്വീകരിച്ച്, ഇടവകകളിലെ നേതൃത്വനിര യായ പ്രതിനിധിയോഗാംഗങ്ങൾ, കുടുംബക്കൂട്ടായ്മ ലീഡേഴ്സ്, മതാധ്യാപ കർ, സംഘടനാ ഭാരവാഹികൾ, അതിരൂപതാ പാസ്റ്ററൽ കൗൺസിലംഗങ്ങൾ തുടങ്ങിയവർ ദീപികയുടെ വരിക്കാരായി തീരണം. ഇത് ഉറപ്പുവരുത്താനായി ഉടനെതന്നെ നേതൃനിരയുടെ സംഗമം ഇടവകകളിൽ വികാരിയച്ചന്റെ നേതൃ ത്വത്തിൽ വിളിച്ചുകൂട്ടുമല്ലോ. പ്രസ്തുത നേതൃസംഗമത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ദയവായി ഏകോപിപ്പിക്കണം.

### DFC സജീവമാക്കുക

ദീപികയെ സ്നേഹിക്കുന്നവരുടെ കൂട്ടായ്മയായ ദീപിക ഫ്രണ്ട്സ് ക്ലബ് എല്ലാ ഇടവകകളിലും സജീവമാക്കണം. ഇടവകകളിൽ DFC സജീവമല്ലെങ്കിൽ പ്രസ്തുത നേതൃനിരസമ്മേളനത്തിൽ രൂപീകരിക്കുക. ഡിസംബർ മാസംതന്നെ രൂപീകരിക്കണമേ. പുരുഷ - വനിതാ യൂണിറ്റുകൾ ഒന്നിച്ചാണ് പ്രവർത്തിക്കു ന്നതെങ്കിലും രണ്ടുയൂണിറ്റുള്ളത് ദീപിക പ്രവർത്തനങ്ങളെ ഏകോപിക്കുവാൻ ഗുണകരമാണ്. പുരുഷ /വനിതാ ഭാരവാഹികൾ: പ്രസിഡന്റ്, വൈസ് പ്രസി ഡന്റ്, ജനറൽ സെക്രട്ടറി, സെക്രട്ടറി, ട്രഷറർ, സോഷ്യൽ മീഡിയ കോഡിനേ റ്റർ (യുവജനങ്ങൾ) എന്നിങ്ങനെയാണ്. കുടുംബക്കൂട്ടായ്മ ലീഡേഴ്സ് DFC യുടെ കൂട്ടായ്മാ കോഡിനേറ്റേഴ്സ് കൂടിയാണ്.

### ദീപിക തീവ്രപ്രചരണം ഡിസംബർമാസത്തിൽ തുടരുന്നു

നവംബറിൽ ആരംഭിച്ച ദീപിക തീവ്രപ്രചരണം കാര്യക്ഷമമായി നടന്നു വരികയാണ്. അതിൽ വളരെയധികം സന്തോഷിക്കുന്നു. എല്ലാവരെയും അഭി നന്ദിക്കുന്നു. ഡിസംബർമാസവും അതു കൂടുതൽ ഊർജസ്വലതയോടെ തുട രേണ്ടതാണ്.

### പത്ര ഏജന്റുമാരെ ആദരിക്കൽ

ദീപിക തീവ്രപ്രചരണം വിജയിക്കണമെങ്കിൽ പത്ര ഏജന്റുമാരുടെ സഹക രണം കൂടിയേതീരു. DFC ഭാരവാഹികളുടെ നേതൃത്വത്തിൽ ഇടവകയതിർത്തി

യിൽ പത്രം വിതരണം ചെയ്യുന്ന ഏജന്റുമാരെ നേരിൽകണ്ട് അവരുടെ പിന്തുണ ഉറപ്പാക്കണം. നേതൃസംഗമത്തിൽ വികാരിയച്ചനെക്കൊണ്ട് അവരെ ആദരിച്ച് സമ്മാനം നൽകാനായാൽ ഉചിതമായിരിക്കും.

### ഭവനസന്ദർശനങ്ങൾ

പ്രതിനിധിയോഗാംഗങ്ങളുടെയും കുടുംബക്കൂട്ടായ്മാ ലീഡേഴ്സിന്റെയും DFC ഭാരവാഹികളുടെയും നേതൃത്വത്തിൽ എല്ലാഭവനങ്ങളും സന്ദർശിക്കുകയും ദീപികയുടെ ഇന്നത്തെ പ്രസക്തിയും നമ്മുടെ സമുദായബോധത്തിന്റെയും ആവശ്യകത വിശദീകരിക്കുകയും എല്ലാഭവനങ്ങളിലും ദീപിക എത്തിക്കുവാൻ ഉത്സാഹിക്കുകയും ചെയ്യേണ്ടതാണ്. ഭവനസന്ദർശനവിവരം വികാരിയച്ചനെക്കൊണ്ട് പള്ളിയിൽ മുൻകൂട്ടി അറിയിച്ച് എല്ലാവരുടെയും സഹകരണം ഉറപ്പാക്കിയ ശേഷമാവണം ഭവനങ്ങൾ സന്ദർശിക്കാൻ.

### ദീപിക സമ്പൂർണ ഇടവകകൾക്കും കൂട്ടായ്മകൾക്കും സമ്മാനങ്ങൾ

ഇടവകകളിലും കൂട്ടായ്മകളിലും 80 ശതമാനത്തിലധികം കുടുംബങ്ങൾ ദീപിക വരിക്കാരാകുമ്പോൾ പ്രസ്തുത ഇടവകകൂട്ടായ്മകൾക്ക് അഭി. പിതാവ് പ്രത്യേക പുരസ്കാരങ്ങൾ നൽകി ആദരിക്കുന്നതാണ്. കൂട്ടായ്മാലീഡേഴ്സ് എല്ലാവരെയും സഹകരിപ്പിച്ച് ഡിസംബറിൽതന്നെ ഈലക്ഷ്യം നേടിയെടുക്കുമല്ലോ.

### 2024 ദീപിക കലണ്ടർ

2024 ദീപിക കലണ്ടർ പരമാവധി ഭവനങ്ങളിലെത്തിക്കാൻ DFC പ്രവർത്തകർ ഉത്സാഹിക്കണം. DFC ക്ക് ഒരുകോപ്പി മുപ്പതുരൂപയ്ക്കു ലഭിക്കും. നാൽപതു രൂപയാണ് യഥാർത്ഥവില.


**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*
9447432531

**ആന്റണി തോമസ് മലയിൽ**
9446342561

**സണ്ണി പുളിങ്കാലായിൽ**
9539125164

**ആൻസി മാത്യു ചേന്നോത്ത്**
9447390669
*(പ്രസിഡന്റ്സ്)*

**പരിമൾ ആന്റണി അറയ്ക്കത്തറ**
9495393890
*(ജനറൽ സെക്രട്ടറീസ്)*


---

**ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താനാഗ്രഹിക്കുന്നവർ വിളിക്കുക**

**വർഗീസ് ഡൊമിനിക്– 9400390539, കോര സി. – 9495445827, വർക്കി ഇ. വി. – 9349599028, ജോജോ– 9847361030, അനൂപ് സെബാസ്റ്റ്യൻ– 9400751229**

■

# ആതുരശുശ്രൂഷാമേഖല

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

### നവീകരിച്ച ഓർത്തോപീഡിക്സ് & സ്പോർട്സ് മെഡിസിൻ വിഭാഗത്തിന്റെയും ഫിസിയോതെറപ്പി സെന്ററിന്റെയും ഉദ്ഘാടനം

ആശുപത്രിയിൽ അന്തർദേശീയ സൗകര്യങ്ങളോടുകൂടി നവീകരിച്ച ഓർത്തോപീഡിക്സ് & സ്പോർട്സ് മെഡിസിൻ വിഭാഗത്തിന്റെയും ഫിസിയോതെറപ്പി സെന്ററിന്റെയും ഉദ്ഘാടനം ഡോ. ശശി തരൂർ MP നവംബർ 15 നു നിർവഹിച്ചു. അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം അധ്യക്ഷതവഹിച്ച ചടങ്ങിൽ മാർ ജോർജ് കോച്ചേരി, അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് തറയിൽ, അഡ്വ. ജോബ് മൈക്കിൾ MLA എന്നിവർ സന്നിഹിതരായിരുന്നു. ഏറ്റവും മികച്ച സ്പോർട്സ് മെഡിസിൻ സേവനങ്ങൾക്കായി പൂർണമായും അമേരിക്കൻ നിർമിതമായ ചാറ്റനൂഗയുടെ സ്പോർട്സ് മെഡിസിൻ, ഫിസിയോതെറപ്പി ഉപകരണങ്ങളാണ് ക്രമീകരിച്ചിരിക്കുന്നത്. പൂർണസജ്ജമായ ലാമിനാർ ഫ്ളോ ഓപ്പറേഷൻ തിയേറ്ററുകളിൽ സർജറികൾ സുരക്ഷിതമായി ചെയ്യുവാൻ സാധിക്കും. ആയിരത്തിലധികം മുട്ടുമാറ്റി വെയ്ക്കൽ ശസ്ത്രക്രിയകൾ പൂർത്തിയാക്കിയ ആശുപത്രിയിൽ പ്രഗത്ഭരായ 5 അസ്ഥിരോഗ ചികിത്സാവിദഗ്ധരുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്. കൈകാലുകളിലെ വളവും വളർച്ചാക്കുറവും പൂർണതോതിൽ പരിഹരിക്കാൻ സാധിക്കുന്ന ഇല്ലിസാറവ് ചികിത്സയും ഇവിടുത്തെ പ്രത്യേകതയാണ്. ആശുപത്രിയുടെ എഴുപതാംവാർഷികത്തിന്റെ ഭാഗമായി റോട്ടറി ക്ലബുമായി ചേർന്ന് 250 പേർക്കു സൗജന്യമായി കൃത്രിമകാലുകൾ നൽകുന്ന പദ്ധതി നിലവിലുണ്ട്. ആതുരസേവനരംഗത്തെ മികച്ചസേവനത്തിനു ഡോ. തോമസ് സെബാസ്റ്റ്യൻ, ഡോ. മാത്യു കെ. എം. പുതിയിടം, ഡോ. ഷിബു ജോൺ വർക്കി, ഡോ. സാജൻ എം. ജി. എന്നിവരെ ചടങ്ങിൽ ആദരിച്ചു.

### ലോകപ്രമേഹദിനാചരണവും വോക്കത്തോണും

ആശുപത്രിയിലെ ഡിപ്പാർട്ടുമെന്റ് ഓഫ് ഡയബറ്റിക് കെയർ ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ലോകപ്രമേഹദിനത്തോടനുബന്ധിച്ച് വിവിധ സാമൂഹികസാംസ്കാരിക സംഘടനകളുടെയും വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും സഹകരണത്തോടെ ലോകപ്രമേഹദിനാചരണവും വോക്കത്തോണും സംഘടിപ്പിച്ചു. നവംബർ 14 ന് അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കലിന്റെ അധ്യക്ഷതയിൽചേർന്ന ആഘോഷപരിപാടികൾ സിനിമാതാരം പ്രശാന്ത് മുരളി ഉദ്ഘാടനംചെയ്തു. ചങ്ങനാശ്ശേരി സർക്കിൾ ഇൻസ്പെക്ടർ റിച്ചാർഡ് വർഗീസ് ഫ്ളാഗ് ഓഫ് ചെയ്ത വോക്കത്തോൺ രാവിലെ 8.45 നു ചങ്ങനാശ്ശേരി റെയിൽവേ ബൈപ്പാസ് ജംഗ്ഷനിൽ നിന്ന് ആരംഭിച്ച് ചെത്തിപ്പുഴ ആശുപത്രിയിൽ എത്തിച്ചേർന്നു. തുടർന്നുനടന്ന

പ്രമേഹദിനാഘോഷത്തിന്റെ ഭാഗമായി പൊതുസമ്മേളനവും എക്സിബിഷനും സൗജന്യ പ്രമേഹപരിശോധനയും സംഘടിപ്പിച്ചു.

**'അമ്മയ്ക്കൊരുമ്മ'**

മനുഷ്യജീവൻ സംരക്ഷിക്കുകയെന്ന ലക്ഷ്യവുമായി ചങ്ങനാശ്ശേരി കൃപ പ്രോലൈഫിനുവേണ്ടി ഫാ. ലൂയിസ് വെള്ളാനിക്കൽ തയ്യാറാക്കിയ 'അമ്മയ്ക്കൊരുമ്മ' ബ്രോഷറിന്റെ പ്രകാശനം നവംബർ 7 നു അതിരൂപതാ മെത്രാപ്പോലീത്ത അഭി. മാർ ജോസഫ് പെരുന്തോട്ടം ഹോസ്പിറ്റൽ എക്സി. ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്തിനു നൽകി പ്രകാശനംചെയ്തു.

**ലോകപക്ഷാഘാത ദിനാഘോഷം – 'കൂടെയുണ്ട് കരുതലോടെ'**

ആശുപത്രിയുടെ നേതൃത്വത്തിൽ ചെത്തിപ്പുഴ സെന്റ് തോമസ് കോളേജ് ഓഫ് നേഴ്സിങ്ങിന്റെ സഹകരണത്തോടെ ഒക്ടോബർ 30 നു ലോകപക്ഷാഘാതദിനം വിവിധപരിപാടികളോടെ ആഘോഷിച്ചു. നേഴ്സിങ് വിദ്യാർഥികളുടെ ആഭിമുഖ്യത്തിൽ ഫ്ളാഷ് മോബിലൂടെയും സ്കിറ്റിലൂടെയും സ്ട്രോക്കിന്റെ ലക്ഷണങ്ങൾ, പ്രതിരോധമാർഗങ്ങൾ, ചികിത്സ എന്നീമേഖലകളിൽ ബോധവത്കരണം നൽകി. വിദ്യാർഥികൾക്കും രോഗികൾക്കുമായി ഹോസ്പിറ്റൽ ന്യൂറോളജി വിഭാഗം കൺസൾട്ടന്റ് ന്യൂറോളജിസ്റ്റ് ഡോ. സ്വരൂപ് കെ. രാജിന്റെ നേതൃത്വത്തിൽ ക്ലാസ് നയിച്ചു.

**സൗജന്യ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി മെഡിക്കൽ ക്യാമ്പ്**

ഹോസ്പിറ്റൽ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ഒക്ടോബർ 30 മുതൽ നവംബർ 4 വരെ സൗജന്യ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി ക്യാമ്പ് സംഘടിപ്പിച്ചു. ഫാ. സെബാസ്റ്റ്യൻ ചാമക്കാല ഉദ്ഘാടനം ചെയ്തു. OBG വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റുമായ ഡോ. മരിയ ജോർജ്, സീനിയർ കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റ് ഡോ. റോസ് ജോൺ കാട്ടൂർ, സീനിയർ കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റും ലാപറോസ്കോപ്പിക് സർജനുമായ ഡോ. മഞ്ജു എലിസബത്ത് സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി

**റേഡിയോളജി ദിനാചരണം**

രോഗനിർണയത്തിലും ചികിത്സയിലും നിർണായകമായ പങ്കുവഹിക്കുന്ന റേഡിയോഗ്രാഫിക് ഇമേജിങ്ങിനെയും തെറപ്പിയെയുംകുറിച്ച് അവബോധം വളർത്തുകയെന്ന ലക്ഷ്യത്തോടെ ആശുപത്രിയിൽ ലോകറേഡിയോളജിദിനം വിപുലമായ പരിപാടികളോടെ നവംബർ 8 ന് ആഘോഷിച്ചു. ഹോസ്പിറ്റൽ റേഡിയോളജി ആൻഡ് ഇമേജിങ് ഡിപ്പാർട്ടുമെന്റിന്റെയും സെന്റ് തോമസ് കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസിന്റെയും നേതൃത്വത്തിൽ പോസ്റ്റർ പ്രദർശനം, എക്സിബിഷൻ, ഷാഡോ തീയേറ്റർ ഡ്രാമ, വിവിധ കലാകായികപരിപാടികൾ എന്നിവ ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ചു.

### ചുമതലയേറ്റു

ഹോസ്പിറ്റലിൽ Dentistry, Oral and Maxillofacial Surgery വിഭാഗത്തിൽ കൺസൾട്ടന്റ് പെഡോഡോന്റിസ്റ്റായി (ശിശുവിഭാഗം ഡെന്റിസ്റ്റ്) ഡോ. ഐശ്വര്യ ജോബ് സേവനമാരംഭിച്ചു. Pedodontics & Preventive Dentistry യിൽ ബിരുദാനന്തര ബിരുദവും കുട്ടികളുടെ ദന്തചികിത്സാമേഖലയിലെ 9 വർഷത്തെ പരിചയസമ്പത്തും പ്രാഗത്ഭ്യവും കുട്ടികൾക്ക് ഏറ്റവുംമികച്ച ദന്തസംരക്ഷണവും പരിചരണവും ഉറപ്പുനൽകും. ക്രിട്ടിക്കൽ കെയർവിഭാഗത്തിൽ കൺസൾട്ടന്റ് ഇന്റൻസി വിസ്റ്റായി ഡോ. ജൂബി മാത്യു സേവനം തുടങ്ങി.

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. തോമസ് പുതിയിടം**
*(അസോസിയേറ്റ് ഡയറക്ടേഴ്സ്)*

**ഫാ. ജയിംസ് പി. കുന്നത്ത്**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

### സൗജന്യ മെഡിക്കൽക്യാമ്പ്

ആശുപത്രിയുടെയും അറുനൂറ്റംപാടം സെക്രഡ് ഹാർട്ട് ചർച്ച് യുവദീപ്തി –SMYM സംഘടനയുടെയും സംയുക്താഭിമുഖ്യത്തിൽ നവംബർ 05 ഞായറാഴ്ച സൗജന്യ മെഡിക്കൽക്യാമ്പ് നടത്തി. യുവദീപ്തി–SMYM യൂണിറ്റ് പ്രസിഡന്റ് ജോയൽ തോമസ് അധ്യക്ഷതവഹിച്ചു. ഇടവകവികാരി ഫാ. വർഗീസ് കായിത്തറ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഹോസ്പിറ്റൽ CMO ഡോ. കെ. പി. ഹെഗ്ഡെ, ഒഫ്താൽമോളജിവിഭാഗം മേധാവി ഡോ. അനിൽ ദത്ത്, ഓർത്തോപീഡിക്സ് വിഭാഗം സീനിയർ കൺസൾട്ടന്റ് സർജൻ ഡോ. ശിവസുബ്രഹ്മണ്യം, ENT വിഭാഗം ഡോ. മാനസ കൃഷ്ണ എന്നിവർ നേതൃത്വംനൽകി. ആശുപത്രി എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ, നേഴ്സിങ് സൂപ്രണ്ട് സി. സിനി എന്നിവരും മറ്റു സ്റ്റാഫംഗങ്ങളും ക്യാമ്പിൽ പങ്കെടുത്തു. സൗജന്യ മരുന്നുവിതരണവും പ്രമേഹം, യൂറിക് ആസിഡ്, ബ്ലഡ് പ്രഷർ എന്നീ പരിശോധനകളും കണ്ണുകളുടെ ടെസ്റ്റുകളും സൗജന്യമായി ക്രമീകരിച്ചു.

### വേൾഡ് ക്വാളിറ്റി വീക്കിനോട് അനുബന്ധിച്ച് ക്വിസ് കോമ്പറ്റീഷൻ

വേൾഡ് ക്വാളിറ്റി വീക്കിനോട് അനുബന്ധിച്ച് ഹോസ്പിറ്റൽ സ്റ്റാഫിനായി ക്വിസ് കോമ്പറ്റീഷൻ നടത്തപ്പെട്ടു. *REALISING YOUR COMPETITIVE POTENTIAL* എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ക്വിസിൽ വിവിധ ഡിപ്പാർട്ടുമെന്റുകളിൽനിന്നായി സ്റ്റാഫംഗങ്ങൾ പങ്കെടുത്തു. ഡിപ്പാർട്ടുമെന്റ് ഓഫ് ഒ. റ്റി., ഡിപ്പാർട്ടുമെന്റ് ഓഫ് ഫാർമസി, സെന്റ് ജോസഫ് ബ്ലോക്ക് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിൽ വിജയികളായി.

### വേൾഡ് ഡയബറ്റിസ് ഡേ ആചരണം ഇന്ത്യൻ റെയിൽവേയോടൊപ്പം

വേൾഡ് ഡയബറ്റിസ് ഡേയുടെ ഭാഗമായി ആശുപത്രിയുടെ നേതൃത്വത്തിൽ ഇന്ത്യൻ റെയിൽവേ ആലപ്പുഴസ്റ്റേഷനുമായി സഹകരിച്ച് സൗജന്യ

ഡയബറ്റിക് ആൻഡ് ഹെൽത്ത് ടെസ്റ്റുകൾ ക്രമീകരിച്ചു. എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ ഉദ്ഘാടനം ചെയ്തു. സ്റ്റേഷൻമാസ്റ്റർ എം. ജെ. ജയകുമാർ, ഹെൽത്ത് ഇൻസ്പെക്ടർ സിന്ധു, കൊമേർഷ്യൽവിഭാഗം മാനേജർ രാഖി, ഡോ. ടോബിൻ കെ. തോമസ്, ഹോസ്പിറ്റൽ ഡയറ്റീഷ്യൻ ഹിമ, പബ്ലിക് റിലേഷൻസ് ഓഫീസർമാരായ യദു, എബി, മുഫ്ലിഹ എന്നിവർ സംസാരിച്ചു. യാത്രക്കാർ, റെയിൽവേസ്റ്റേഷനുമായി ബന്ധപ്പെട്ട പ്രീപെയ്ഡ് ഓട്ടോ-ടാക്സി ഡ്രൈവർമാർ, വിദേശസഞ്ചാരികൾ, റെയിൽവേജീവനക്കാർ എന്നിവർക്കു പ്രമേഹം, രക്തസമ്മർദം, BMI, യൂറിക് ആസിഡ്, PFT പരിശോധനകൾ സൗജന്യമായി നടത്തി. കൂടാതെ ആശുപത്രിയുടെ ഡയറ്ററി വിഭാഗം മേധാവി ഹിമ വിദ്യാനന്ദൻ *LIFESTYLE AWARENESS* എന്ന വിഷയത്തെ ആസ്പദമാക്കി ഇന്ത്യൻ റെയിൽവേയുടെ ആലപ്പുഴസ്റ്റേഷൻ ജീവനക്കാർക്ക് ഓറിയന്റ്ഷൻ ക്ലാസ്സും ദൈനംദിന ഭക്ഷണക്രമീകരണങ്ങളെകുറിച്ചുള്ള വ്യക്തമായ അവബോധവും നൽകി. ദിനാചരണത്തിന്റെ ഭാഗമായി ആശുപത്രിയുടെ കൺസൾട്ടന്റ് ഫിസിഷ്യൻ & ഡയബറ്റോളജിസ്റ്റ് ഡോ. ഗോവിന്ദ് സജീവൻ *പ്രമേഹത്തിന്റെ അനന്തരഫലങ്ങളും പ്രത്യാഘാതങ്ങളും* എന്നവിഷയത്തിൽ വീഡിയോസന്ദേശം നൽകുകയും ചെയ്തു.

**ശിശുദിനാഘോഷം**

ആശുപത്രിയിൽ ശിശുദിനാഘോഷം സംഘടിപ്പിച്ചു. എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന കുഞ്ഞുങ്ങൾക്കായി പ്രത്യേകപ്രാർത്ഥനകൾ നടത്തുകയും മധുരംനൽകുകയും ചെയ്തു. ഈശിശുദിനത്തിൽ യുദ്ധഭീതിയിൽ കഴിയുന്ന കുഞ്ഞുങ്ങൾക്കായി പ്രാർത്ഥിക്കണമെന്നും സമാധാനപൂർണമായ അന്തരീക്ഷത്തിലായിരിക്കണം നമ്മളുടെ കുഞ്ഞുങ്ങൾ വളർന്നുവരേണ്ടതെന്നും അസി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ ശിശുദിനസന്ദേശത്തിൽ പറഞ്ഞു. പീഡിയാട്രിക് സീനിയർ കൺസൾട്ടന്റ് ഡോ. സുമ മേരി, ഡോ. അസ്മിൻ, ഡോ. ആര്യ എന്നിവർ പങ്കെടുത്തു. കൂടാതെ പീഡിയാട്രിക് ഔട്ട് പേഷ്യന്റ് വിഭാഗത്തിലെത്തിയ കുഞ്ഞുങ്ങൾക്കു മധുരവിതരണം നടത്തുകയും ചെയ്തു.

**ഫാ. ആന്റണി പെരുമ്പള്ളിത്തറ**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യുട്ടീവ് ഡയറക്ടർ)*

■

# എൽഡേഴ്സ് ഫ്രറ്റേണിറ്റി

## ഇടവകതിരുനാളിൽ പ്രായമായവർക്ക് ഒരുദിവസം

ഇടവകതിരുനാൾ ക്രമീകരിക്കുമ്പോൾ ഒരുദിവസം പ്രായമായവരെ ഓർക്കുവാനും ആദരിക്കുവാനും മാറ്റിവക്കുന്നത് ഉചിതമായിരിക്കും. ഒരുദിനം ഇടവകയിലെ രോഗികൾക്കുവേണ്ടിയും മാറ്റിവയ്ക്കണമേ. സമൂഹരോഗീലേപന കൂദാശ നടത്തുന്നതു സമുചിതമാണ്.

## സമൂഹരോഗീലേപനം പ്രോത്സാഹിപ്പിക്കണം

കത്തോലിക്കാസഭയുടെ അൽമായർക്കുള്ള പൊന്തിഫിക്കൽ കൗൺസിൽ 1999 ൽ ജോൺപോൾ മാർപാപ്പായുടെ അംഗീകാരത്തോടെ പ്രസിദ്ധീകരിച്ച 'വാർദ്ധക്യത്തിന്റെ മഹത്വം' എന്ന രേഖയിൽ പ്രായംചെന്നവർക്കുള്ള അജപാലനശുശ്രൂഷയ്ക്കു മാർഗനിർദേശങ്ങൾ നൽകിയിട്ടുണ്ട്. അതിൻപ്രകാരം 'രോഗീലേപനകൂദാശയുടെ പരികർമവും കുർബാന കൊടുക്കലും സവിശേഷമാംവിധം വളർത്തണം. ശരിയായ മതബോധനം നടത്തി സാഹചര്യം അനുവദിക്കുന്നിടത്ത്, രോഗീലേപനകൂദാശ പലരോഗികൾക്കായി ഒന്നിച്ചു നടത്തുന്നതു നന്നായിരിക്കും. ഇടവകകളിലോ, വൃദ്ധർ ഒന്നിച്ചുവസിക്കുന്ന സ്ഥലങ്ങളിലോ അങ്ങനെ ചെയ്യാം' (വാർദ്ധക്യത്തിന്റെ മഹത്ത്വം, അദ്ധ്യായം 5, ഖണ്ഡിക 7).

## ഗ്രേസ്ഫുൾ സീനിയർ സിറ്റിസൺസ് ധ്യാനം – 4

അറുപത് വയസ് കഴിഞ്ഞവർക്കുവേണ്ടി താമസിച്ചുനടത്തുന്ന നാലാമത്തെ ധ്യാനം **2024 ജനുവരി 07 മുതൽ 10 വരെ** കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തുന്നു. വാർദ്ധക്യകാലത്തിന്റെ ശാരീരിക-മാനസിക-ആത്മീയ പ്രശ്നങ്ങളും പ്രതിവിധികളും സംബന്ധിച്ച് വൈദികരും ഡോക്ടർമാരും ക്ലാസ്സെടുക്കുന്നു. വി. കുമ്പസാരം, കൗൺസെലിങ്, സൗഖ്യദായകശുശ്രൂഷകൾ, പ്രായമായവരുടെ അനുഭവങ്ങളുടെ പങ്കുവയ്ക്കൽ, ഉല്ലാസപരിപാടികൾ എന്നിവയുമുണ്ടായിരിക്കുന്നതാണ്.

കഴിഞ്ഞ ഓരോധ്യാനത്തിനും കൂടുതൽ ആളുകൾ താൽപര്യത്തോടെ പങ്കെടുക്കുന്നതായി കാണുന്നു. ധ്യാനത്തിന്റെ കാര്യം പള്ളിയിൽ അറിയിച്ച് പ്രായമായവർ ഇതിൽ പങ്കെടുക്കുവാനുള്ള പ്രോത്സാഹനം നൽകണമെന്നു വികാരിയച്ചന്മാരോട് അഭ്യർത്ഥിക്കുന്നു.

രജിസ്ട്രേഷൻ<br>
താമസം + ഭക്ഷണം } 1000 രൂപ

**ഫോൺ:** 9495107045, 8086399023

NB: പ്രായമായവരുടെ സംഗമങ്ങൾ, രോഗീദിനം ഇടവകയിൽ നടത്തുന്നതിനു ദയവായി വിളിക്കുക: **9495107045**

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ഡയറക്ടർ)*

■

# 13-ാമത് ആരാധനവത്സര മെഗാക്വിസ്

## 2024 ജനുവരി 14 ഞായർ ഉച്ചകഴിഞ്ഞ് 2.30 ന്
## പാറേൽ സെന്റ് മേരീസ് പള്ളിയിൽ

### സിലബസ്

1. ചങ്ങനാശ്ശേരി അതിരൂപതയിൽനിന്നും പ്രസിദ്ധീകരിച്ച 2022 – 2023 ആരാധനാവത്സര വോൾകലണ്ടറിൽ കൊടുത്തിരിക്കുന്ന ഞായറാഴ്ചകളിലെ പുതിയനിയമവായനകൾ (POC) — 50%
2. കലണ്ടറിലെ പൊതുചോദ്യങ്ങൾ – ഐക്കണുകൾ ഉൾപ്പെടെ — 20%
3. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം – വി. കുർബാന എന്ന കൂദാശ (POC പ്രസിദ്ധീകരണം, First published on 03 December 2005, Pages 336 - 360) — 20%
4. റാസാക്രമം — 10%

### സമ്മാനങ്ങൾ

1–ാം സമ്മാനം 7001 രൂപയും എവർറോളിങ് ട്രോഫിയും
2–ാം സമ്മാനം 4001 രൂപയും എവർറോളിങ് ട്രോഫിയും
3–ാം സമ്മാനം 2500 രൂപയും എവർറോളിങ് ട്രോഫിയും
4–ാം സമ്മാനം 1500 രൂപയും എവർറോളിങ് ട്രോഫിയും
5–ാം സമ്മാനം 1001 രൂപയും എവർറോളിങ് ട്രോഫിയും

### നിർദേശങ്ങൾ

1. ഒരുടീമിൽ പരമാവധി മൂന്നുപേർക്കു പങ്കെടുക്കാം (കുട്ടികൾ, യുവജനങ്ങൾ, മുതിർന്നവർ എന്നിവരിൽനിന്നും ഓരോരുത്തർ വീതം) കുട്ടികൾ – പത്താം ക്ലാസ്സുവരെ, യുവജനങ്ങൾ – പ്ലസ് വൺ മുതൽ 30 വയസ്സുവരെ
2. ഒരു ഇടവകയിൽനിന്നും ഒന്നിൽകൂടുതൽ ടീമുകൾക്കു പങ്കെടുക്കാവുന്നതാണ്
3. രജിസ്ട്രേഷൻ 2024 ജനുവരി 05 നു മുമ്പ് നടത്തേണ്ടതാണ്
4. മത്സരത്തിൽ പങ്കെടുക്കാൻ വ്യക്തികളുടെ ഗണംതിരിച്ച് വികാരിയച്ചൻ നൽകുന്ന സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്
5. ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ സഹായത്തോടെയാണ് മത്സരം നടത്തപ്പെടുക

**രജിസ്ട്രേഷൻ ഫീസ് 100 രൂപ**

*അന്വേഷണങ്ങൾക്ക്*

ഫാ. വർക്കി സ്രാമ്പിക്കൽ: 8848313767
ജോസുകുട്ടി കുട്ടംപേരൂർ: 7012799141
മറിയം ജോർജ് പൊട്ടംകുളം: 9495379045

# പ്രവാസി അപ്പോസ്തലേറ്റ്

ഈശോയിൽ ഏറ്റവും സ്നേഹംനിറഞ്ഞ പ്രവാസിസഹോദരങ്ങളേ,

പരി. കന്യകാമാതാവിന്റെ അമലോത്ഭവതിരുനാളിന്റെയും സമാഗതമാകുന്ന പിറവിത്തിരുനാളിന്റെയും പ്രാർത്ഥനാശംസകൾ ഏറ്റവും സ്നേഹത്തോടെ നേരുന്നു. നവംബർ 12 ഞായറാഴ്ച 8 pm നു ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ GCC മീറ്റിങ് നടത്തി. പ്രവാസി അപ്പോസ്തലേറ്റ് എല്ലാരാജ്യങ്ങളിലെയും അംഗങ്ങളെ ഉൾപ്പെടുത്തി ക്രിസ്തുമസ് ആഘോഷം *ജിംഗിൾ ബെൽസ്* എന്നപേരിൽ നടത്താൻ തീരുമാനിച്ചു. മൂന്നിനങ്ങളിലായി ഓൺലൈൻ മത്സരങ്ങളുണ്ട്. **2024 ജനുവരി 06 ശനിയാഴ്ച** അന്താരാഷ്ട്രതലത്തിൽ ക്രിസ്തുമസ്, ന്യൂ ഇയർ, പ്രവാസി ഭാരതീയ ദിവസ് എന്നീ ആഘോഷങ്ങൾ ഓൺലൈനായി നടത്തുന്നതാണ്.

**അനുശോചനം**

പ്രവാസി അപ്പോസ്തലേറ്റ് UAE ചാപ്റ്റർ മുൻ എക്സിക്യൂട്ടീവ് അംഗമായ റോസ് മേരിയുടെ ഭർത്താവ് ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക ഇടവകാംഗം ജോർജ് മുണ്ടയ്ക്കലിന്റെ നിര്യാണത്തിൽ പ്രവാസി അപ്പോസ്തലേറ്റ് അനുശോചനം അറിയിച്ചു.

ഒമാൻ, ബഹറിൻ, യുഎഇ, ഖത്തർ എന്നീ രാജ്യങ്ങളുടെ എക്സിക്യൂട്ടീവ് മീറ്റിങ്ങും കുടുംബസംഗമവും നടത്തി.

**ഫാ. മാത്യു മാറാട്ടുകളം**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽക്കളം**
*(ഡയറക്ടർ)*

**NB: ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ**
**വിളിക്കേണ്ട നമ്പർ 9207470117, 8089920614 (NORKA ഹെൽപ്പ് ഡസ്ക്)**

# കേരള ലേബർ മൂവ്മെന്റ് (KLM)

ഈശോയിൽ പ്രിയപ്പെട്ടവരേ,

ക്രിസ്തുമസിന് ഒരുക്കമായുള്ള 25 നോമ്പിന്റെ പുണ്യദിനങ്ങളിലേക്കു നാം പ്രവേശിക്കുകയാണല്ലോ. ഏകരക്ഷകനായ ഈശോയുടെ ജനനത്തിന്റെ സദ്വാർത്ത നമ്മുടെ ഹൃദയങ്ങളിൽ സ്വീകരിക്കുവാൻ ഒരുങ്ങാം. ആത്മീയതയിൽ വേരുറച്ച് നന്മയുടെ ഫലങ്ങൾ സമൃദ്ധമാക്കപ്പെടുവാൻ നമുക്കുകഴിയട്ടെ.

അസംഘടിത തൊഴിൽമേഖലയിൽപെട്ടവരുടെ ക്ഷേമം ഉറപ്പുവരുത്തുവാൻ തുടങ്ങിയ ക്ഷേമനിധിബോർഡുകളോടു സർക്കാർ കാണിക്കുന്ന അനാസ്ഥയെ പ്രതിഷേധിച്ചുകൊണ്ട് **ഡിസംബർ 10** നു KLM ന്റെ നേതൃത്വത്തിൽ സംയുക്ത ട്രെയ്ഡ് യൂണിയൻ സമ്മേളനം നടത്തപ്പെടുകയാണ്. ഈ പ്രതിഷേധസമ്മേളനത്തിൽ പങ്കെടുത്തു സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടൽ ഈരംഗത്ത് ഉണ്ടാകണമെന്നു ശക്തമായി ആവശ്യപ്പെടാം. പെൻഷൻതുക അതാതുമാസം കൃത്യമായി നൽകാനും തുക വർദ്ധിപ്പിക്കാനും വിവിധ ആനുകൂല്യങ്ങൾ സമയബന്ധിതമായി അർഹതപ്പെട്ടവർക്കു നൽകാനുമുള്ള സർക്കാരിന്റെ കടമയെ പൊതുജനമധ്യത്തിൽ അവതരിപ്പിച്ച് അവകാശങ്ങൾ നേടിയെടുക്കാം.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

## അതിരൂപതാസമിതി മീറ്റിങ്

അതിരൂപതാസമിതി മീറ്റിങ് നവംബർ 19 നു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. ഫൊറോനകളിൽനിന്നായി 24 പേർ പങ്കെടുത്തു. KLM ന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും മുന്നോട്ടുള്ള പ്രവർത്തനങ്ങളെ ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുകയും ചെയ്തു.

## തകഴിയിൽ ആത്മഹത്യചെയ്ത കർഷകന്റെ ഭവനം കെഎൽഎം പ്രതിനിധികൾ സന്ദർശിച്ചു

നെൽകൃഷി ഉപജീവനമാർഗമായി സ്വീകരിച്ച് വർഷങ്ങളായി അതു ചെയ്തുപോന്നിരുന്ന തകഴി കുന്നുമ്മ സ്വദേശി കെ. ജി. പ്രസാദിന്റെ ആത്മഹത്യ നെൽകൃഷിക്കാരോടുള്ള സർക്കാരിന്റെ അവഗണനമൂലമാണെന്ന് KLM ഡയറക്ടർ ഫാ. ജോൺ വടക്കേകളം പ്രസാദിന്റെ ഭവനം സന്ദർശിച്ചശേഷം പറഞ്ഞു.

നെല്ല് എടുക്കുമ്പോൾതന്നെ സപ്ലൈകോ കർഷകന് അതിന്റെ തുകനൽകിയാൽ ഇത്തരം ആത്മഹത്യകൾ ഉണ്ടാകില്ലെന്നും എന്നാൽ ഇക്കാര്യത്തിൽ കർഷകനെ കടക്കാരനാക്കി നെല്ലിന്റെ തുകനൽകുന്ന ഇപ്പോഴത്തെ സർക്കാർ രീതി അശാസ്ത്രീയവും വിചിത്രവുമാണെന്നും അദേഹം പ്രസ്താവിച്ചു.

കെ. ജി. പ്രസാദിന്റെ മരണം സർക്കാർ ഏറ്റെടുത്തുകൊണ്ട് അദേഹത്തിന്റെ മക്കൾക്കു തുടർവിദ്യാഭ്യാസം നടത്തുന്നതിനും കുടുംബത്തിന്റെ കടബാധ്യതകൾ മുഴുവൻ സർക്കാർ വഹിക്കണമെന്നും കർഷകരുടെ നെല്ലിന്റെ വില ഇനിയും നൽകാനുണ്ടെന്നും അടിയന്തിരമായി അതു നൽകണമെന്നും സർക്കാരി

നോടു ഫാ. ജോൺ ആവശ്യപ്പെട്ടു.

KLM സംസ്ഥാനസെക്രട്ടറി സണ്ണി അഞ്ചിൽ, അതിരൂപതാസമിതിയംഗങ്ങളായ ജോളി നാൽപതാംകളം, ജിജിമോൻ എ. വി., ഫൊറോനാ കോഡിനേറ്റർ നിജോ മാത്യു അരശ്ശേരി, സാബു വർഗീസ് ഏറാട്ട്, സാബു കരിക്കമ്പള്ളി, ബിനോമോൻ പഴയമഠം എന്നിവർ ഭവനസന്ദർശനത്തിൽ ഉണ്ടായിരുന്നു.

**യൂണിറ്റുവാർഷികം**

പറാൽ KLM യൂണിറ്റിന്റെ വാർഷികം നവംബർ 19 നു നടത്തപ്പെട്ടു. വികാരി ഫാ. സ്കറിയ പറപ്പള്ളിൽ, ഫൊറോനാ കോഡിനേറ്റർ വിജി സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു.

**പുതിയസംഘങ്ങൾ**

പടഹാരം യൂണിറ്റിൽ സെന്റ് ജോസഫ് SHG രൂപീകരിച്ചു. വികാരി ഫാ. വർഗീസ് പനച്ചിങ്കൽ അദ്ധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു.

എടത്വാ യൂണിറ്റിൽ സെന്റ് തെരേസ, സെന്റ് ഫ്രാൻസിസ് അസ്സീസ്സി എന്നീ SHG കൾ രൂപീകരിച്ചു. വികാരി ഫാ. ഫിലിപ്പ് വൈക്കത്തുകാരൻവീട്ടിൽ അദ്ധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു. ഫൊറോനാ കോഡിനേറ്റർ ജോർജ് കെ. എക്സ്., ജിജിമോൻ എ. വി. എന്നിവർ പങ്കെടുത്തു.

ചെത്തിപ്പുഴ യൂണിറ്റിൽ സെന്റ് ജിയന്ന SHG രൂപീകരിച്ചു. വികാരി ഫാ. തോമസ് കല്ലുകളം CMI അദ്ധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു.

ഫാത്തിമാപുരം യൂണിറ്റിൽ സെന്റ് സെബാസ്റ്റ്യൻ SHG രൂപീകരിച്ചു. വികാരി ഫാ. സേവ്യർ പുത്തൻകളം അദ്ധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു.

**ആദരാഞ്ജലികൾ**

ചങ്ങനാശ്ശേരി സെന്റ് സെബാസ്റ്റ്യൻ സംഘാംഗം തോമസ് വർഗീസ് കണ്ടത്തിപ്പറമ്പിലിന്റെ നിര്യാണത്തിൽ KLM കുടുംബം അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

**മരണാനന്തരസഹായനിധി**

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരന്റെ നോമിനിക്കു മരണാനന്തര സഹായമായ 1, 25,000 രൂപ നവംബർ 04 നു കൈമാറി.

| | പേര് | സംഘം |
|---|---|---|
| 135 | ബിജു കെ. ജോസ് | പുളിങ്കുന്ന് സെന്റ് സെബാസ്റ്റ്യൻ |

■

# കത്തോലിക്കാകോൺഗ്രസ് (AKCC)

പ്രിയ സ്നേഹിതരേ,

**സായാഹ്നസദസ്**

ജസ്റ്റിസ് ജെ. ബി. കോശി കമ്മിഷൻ റിപ്പോർട്ട് അടിയന്തര പ്രാധാന്യംനൽകി പ്രസിദ്ധീകരിക്കുക, സംവരണേതര വിഭാഗങ്ങൾക്കായുള്ള സാമ്പത്തികസംവരണം നടപ്പിലാക്കുന്നതിലെ അപാകതകൾ പരിഹരിക്കുക എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കോട്ടയം ഗാന്ധിസ്ക്വയറിനു സമീപം സമാധാനസദസ്സ് നടത്തി.

സമാധാനസദസ്സിൽ അതിരൂപതാ പ്രസിഡന്റ് അഡ്വ. പി. പി. ജോസഫ് അധ്യക്ഷത വഹിച്ചു. അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ ഉദ്ഘാടനം ചെയ്തു. CARP ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ മുഖ്യപ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ഗ്ലോബൽ ഭാരവാഹികളായ രാജേഷ് ജോൺ, വർഗീസ് ആന്റണി, അതിരൂപതാ ഭാരവാഹികളായ ഷെയ്ൻ ജോസഫ്, ലിസി ജോസ്, ജോർജുകുട്ടി മുക്കത്ത്, ജോയ് പാറപ്പുറം, ബിനു ഡൊമിനിക്, സേവ്യർ തോമസ് കൊണ്ടോടി, കെ. എസ്. ആന്റണി, സെബാസ്റ്റ്യൻ പുല്ലാട്ടുകാല, ജെറിൻ ടി. ജോസ്, ജിനോ ജോസഫ്, മനു വരാപ്പള്ളി, ഫൊറോനാ പ്രസിഡന്റുമാരായ കുഞ്ഞ് കളപ്പുര, പീറ്റർ നാഗപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

**മദർ തെരേസയോടൊപ്പം യൂത്ത്‌വോക്ക്**

കത്തോലിക്കാകോൺഗ്രസ് യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ മദർ *തെരേസയോടൊപ്പം യൂത്ത്‌വോക്ക്* എന്നപേരിൽ കാരുണ്യകേന്ദ്രങ്ങളിലേക്കുള്ള സന്ദർശനം ഒക്ടോബർ 02 നു നടത്തി. രാവിലെ 6:45 ന് ആലപ്പുഴ പുന്നപ്രയിൽ അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ ഉദ്ഘാടനം നിർവഹിച്ചു. അതിരൂപതാ സെക്രട്ടറി റ്റോമിച്ചൻ മേത്തശ്ശേരി അധ്യക്ഷനായിരുന്നു. സെബാസ്റ്റ്യൻ വർഗീസ്, ജിനോ ജോസഫ് എന്നിവർ പ്രസംഗിച്ചു.

ഉച്ചയ്ക്ക് 12 നു പുതുപ്പള്ളി-പൂമറ്റം കാരുണ്യകേന്ദ്രത്തിൽ സന്ദർശനംനടത്തി. അതിരൂപതാ അഡ്വ. പ്രസിഡന്റ് പി. പി. ജോസഫ് അധ്യക്ഷനായിരുന്നു. തിരുവഞ്ചൂർ രാധാകൃഷ്ണൻ MLA ഉദ്ഘാടനം ചെയ്തു. മനു ജെ. വരാപ്പള്ളി, പ്രിൻസ് കുഴിച്ചാലിൽ, രാജേഷ് ജോൺ എന്നിവർ പ്രസംഗിച്ചു.

ഉച്ചകഴിഞ്ഞ് രണ്ടിനു കുന്നന്താനം ദൈവപരിപാലനകേന്ദ്രത്തിൽ സന്ദർശനം നടന്നു. വൈസ് പ്രസിഡന്റ് ഷെയ്ൻ ജോസഫ് അധ്യക്ഷനായിരുന്നു. ആന്റോ ആന്റണി MP ഉദ്ഘാടനം ചെയ്തു. ഷിജി ജോൺസൺ, ബിനു ഡൊമിനിക് എന്നിവർ പ്രസംഗിച്ചു.

കാരുണ്യകേന്ദ്രങ്ങളുടെ ചുമതലക്കാരെ ആദരിക്കുകയും അന്തേവാസികൾക്ക് ആവശ്യമായ ചെറിയസഹായങ്ങൾ നൽകുകയും ചെയ്തു.

വൈകുന്നേരം 6 ന് അതിരൂപതാകേന്ദ്രത്തിൽ കത്തോലിക്കാകോൺഗ്രസ് അതിരൂപതാസമിതിയും യൂത്ത് കൗൺസിലിന്റെ നേതൃത്വവും കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സെക്രട്ടറി ട്രീസ ലിസ് സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ സംയുക്തയോഗം ചേർന്നു. അതിരൂപതാ പ്രസിഡന്റ് പി. പി. ജോസഫ് അധ്യക്ഷ നായിരുന്നു. അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. കത്തോലിക്കാകോൺഗ്രസ് ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചു പറമ്പിൽ, ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല, ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ബാബു വള്ളപ്പുര, കത്തോലിക്കാകോൺഗ്രസ് യൂത്ത് കൗൺസിലിന്റെ ഗ്ലോബൽ കോഡിനേറ്റർമാരായ സിജോ ഇലന്തൂർ, ഷിജോ ഇടയാടി, ജിനോ ജോസഫ് എന്നിവർ പ്രസംഗിച്ചു.

**കത്തോലിക്കാകോൺഗ്രസ് പുരസ്കാരസമർപ്പണം**

ക്രൈസ്തവസമുദായാചാര്യൻ എന്നവിളിപ്പേരിനു സർവഥാ യോഗ്യനായി രിക്കുന്ന മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്ത, ദീർഘകാലം ചങ്ങനാ ശ്ശേരിയുടെ ജനപ്രതിനിധിയായിരുന്ന സി. എഫ്. തോമസ് MLA എന്നിവരുടെ സ്മരണാർത്ഥം കത്തോലിക്കാകോൺഗ്രസ് അതിരൂപതാസമിതി ഏർപ്പെടുത്തിയ പുരസ്കാരങ്ങളുടെ സമർപ്പണം നവംബർ 17 ഉച്ചകഴിഞ്ഞ് 2.30 ന് അതിരൂപതാ കേന്ദ്രത്തിലെ കോൺഫ്രൻസ് ഹാളിൽ നടന്നു. സി. എഫ് തോമസിന്റെ പേരിൽ ഏർപ്പെടുത്തിയിട്ടുള്ള മികച്ച പൊതുപ്രവർത്തകനുള്ള പുരസ്കാരം കേരള സംസ്ഥാന ജലവിഭവവകുപ്പ് മന്ത്രി റോഷി അഗസ്റ്റിനും മാർ ജോസഫ് പവ്വത്തിലിന്റെ പേരിൽ ഏർപ്പെടുത്തിയിട്ടുള്ള മികച്ച സമുദായപ്രവർത്തകനുള്ള പുരസ്കാരം കേരള കാത്തലിക് ഫെഡറേഷൻ പ്രസിഡന്റ് പ്രൊഫ. കെ. എം. ഫ്രാൻസിസിനും സമ്മാനിച്ചു.

അതിരൂപതാ പ്രസിഡന്റ് പി. പി. ജോസഫ് അധ്യക്ഷതവഹിച്ചു. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ അനുഗ്രഹപ്രഭാഷണവും കത്തോ ലിക്കാകോൺഗ്രസ് ഗ്ലോബൽസമിതി പ്രസിഡന്റ് ബിജു പറയനിലം മുഖ്യ പ്രഭാഷണവും നടത്തി.

മണിപ്പൂർ കലാപത്തെ തുടർന്നു പഠനവും മറ്റു സാഹചര്യങ്ങളും നഷ്ടമായ കുട്ടികളുടെ തുടർപഠനത്തിനായി അതിരൂപത വിഭാവനംചെയ്ത സ്കോളർഷി പ്പുകളിലേക്കു കത്തോലിക്കാകോൺഗ്രസ് സ്വരൂപിച്ച സ്കോളർഷിപ്പുകളുടെ സമാഹരണവും സംഘടനയുടെ ആജീവനാന്ത അംഗത്വവിതരണവും സമ്മേ ളനത്തോടനുബന്ധിച്ച് നടന്നു. അഡ്വ. ജോബ് മൈക്കിൾ MLA, അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ, അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല, PRO അഡ്വ. ജോജി ചിറയിൽ, ജന

റൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, വൈസ് പ്രസിഡന്റ് ഷെയ്ൻ ജോസഫ്, ഗ്ലോബൽ ഭാരവാഹികളായ ടെസി ബിജു, രാജേഷ് ജോൺ, വർഗീസ് ആന്റണി എന്നിവർ പ്രസംഗിച്ചു.

**ഡോ. എം. എസ്. സ്വാമിനാഥൻ അനുസ്മരണം**

കാർഷികമേഖലയിൽ സമഗ്രമായ സംഭാവനകൾ നൽകിയ ഡോ. എം. എസ്. സ്വാമിനാഥൻ അനുസ്മരണം നവംബർ 18 ഉച്ചകഴിഞ്ഞ് മൂന്നിനു മങ്കൊമ്പ് പയസ് ടെൻത് പള്ളി പാരിഷ് ഹാളിൽ നടന്നു. അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു.

അതിരൂപതാ പ്രസിഡന്റ് പി. പി. ജോസഫ് അധ്യക്ഷത വഹിച്ചു. അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ, KRRIS ഡയറക്ടർ ഫാ. ഇമ്മാനുവൽ നെല്ലുവേലി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പത്മജ അഭിലാഷ്, ഡോ. സ്വാമിനാഥന്റെ സഹോദരപുത്രൻ നാരായണ കൃഷ്ണസ്വാമി, ഫാ. ജയിംസ് കൊക്കാവയലിൽ, ഫാ. ജോസഫ് ബംഗ്ലാവുപറമ്പിൽ, ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ഭാരവാഹികളായ സി. റ്റി. തോമസ്, ഷെയ്ൻ ജോസഫ്, മിനി ജയിംസ്, യൂത്ത് കൗൺസിൽ ജനറൽ കോഡിനേറ്റർ ജിനോ ജോസഫ്, എബിൻ ആയിരപ്പറ, നൈനാൻ തോമസ്, സെബാസ്റ്റ്യൻ വർഗീസ് ആലപ്പുഴ, സ്വാമിനാഥൻ ഫൗണ്ടേഷൻ ഡെവലപ്മെന്റ് കോഡിനേറ്റർ ജിബിൻ തോമസ്, ജോസി ഡൊമിനിക് എന്നിവർ പ്രസംഗിച്ചു. ഡോ. എം. എസ്. സ്വാമിനാഥൻ സ്മാരക പ്രഥമ കർഷകശ്രേഷ്ഠപുരസ്കാരം ജോർജ് വാച്ചാപറമ്പിലിന് അഭി. മെത്രാപ്പോലീത്ത സമ്മാനിച്ചു. മേഖലയിലെ മികച്ചകർഷകരായ സ്കറിയ ജോസഫ് ചേന്നങ്കര, ഫിലിപ്പ് ജോസഫ് മഠത്തിൽ, തോമസ് ആന്റണി തോപ്പിൽചിറ എന്നിവരെ അനുമോദിച്ചു.

**പ്രതികരണങ്ങൾ**

കാർഷികമേഖലയോടുള്ള സർക്കാരുകളുടെ പ്രതിഷേധാത്മക സമീപനം, സാംസ്കാരികവകുപ്പ് മന്ത്രിയുടെ കർഷകവിരുദ്ധ പ്രസ്താവന, കുട്ടനാട്ടിലെ കർഷക ആത്മഹത്യ എന്നീവിഷയങ്ങളിൽ സംഘടന പ്രതിഷേധിക്കുകയും പ്രതികരണങ്ങൾ നടത്തുകയും ചെയ്തു.

**അതിജീവനയാത്ര**

സർക്കാരുകളുടെ കർഷകവിരുദ്ധ സമീപനങ്ങൾ, വന്യജീവി ആക്രമണം, ജെ. ബി. കോശി കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കത്തോലിക്കാകോൺഗ്രസ് ഗ്ലോബൽസമിതി പ്രസിഡന്റ് അഡ്വ. ബിജു പറയനിലത്തിന്റെ നേതൃത്വത്തിൽ **ഡിസംബർ 11 മുതൽ 22 വരെ** കാസർഗോഡ്നിന്നും തിരുവനന്തപുരത്തേക്ക് അതിജീവനയാത്ര നടത്തും. ഡിസംബർ 20 നു കോട്ടയം, ആലപ്പുഴ, മങ്കൊമ്പ്, ചങ്ങനാശ്ശേരി എന്നീ സ്ഥലങ്ങളിലും ഡിസംബർ 22 ന് അമ്പൂരിയിലും അതിരൂപതാതല സ്വീകരണങ്ങൾ

നൽകും. ഡിസംബർ 22 രാവിലെ 11 നു സെക്രട്ടറിയേറ്റ് മാർച്ചിനോടുകൂടി അതിജീവനയാത്ര സമാപിക്കും.

**അനുശോചനം**

സമുദായനേതാവും കത്തോലിക്കാകോൺഗ്രസിന്റെ മുൻ അതിരൂപതാ വൈസ് പ്രസിഡന്റുമായിരുന്ന ഐസക് കാട്ടുവള്ളി (പൂമറ്റം), നിലവിൽ മുണ്ടത്താനം യൂണിറ്റ് പ്രസിഡന്റായിരുന്ന പി. ടി. ആന്റണി എന്നിവരുടെ ദേഹവിയോഗത്തിൽ അതിരൂപതാസമിതി അനുശോചനം രേഖപ്പെടുത്തി.

**യോഗങ്ങൾ**

ഈകാലയളവിൽ നേരിട്ടുള്ള അഞ്ച് അതിരൂപതാസമിതിയോഗങ്ങളും അതിരൂപതാസമിതിയുടെയും ഫൊറോനാ ഭാരവാഹികളുടെയും ഒരുയോഗവും നടന്നു. ഈസമിതിയുടെ നേതൃത്വത്തിൽ സെപ്റ്റംബർവരെ നടന്ന പരിപാടികളുടെ വരവുചിലവ് കണക്കുകൾ അതിരൂപതാസമിതിയോഗം പാസാക്കി. കൂടാതെ, കാക്കനാട് നടന്ന ഗ്ലോബൽ വർക്കിങ് കമ്മിറ്റിയുടെ യോഗത്തിൽ പ്രതിനിധികൾ പങ്കെടുക്കുകയും ചെയ്തു.

സ്നേഹത്തോടെ സംഘടനക്കുവേണ്ടി,

| | | |
|---|---|---|
| **പി.പി. ജോസഫ്** | **ഫാ. സെബാസ്റ്റ്യൻ ചാമക്കാല** | **ബിജു സെബാസ്റ്റ്യൻ** |
| *(പ്രസിഡന്റ്)* | *(ഡയറക്ടർ)* | *(ജനറൽ സെക്രട്ടറി)* |

■

# ആത്മതാകേന്ദ്രം

## (ARCHDIOCESAN TEMPERANCE MOVEMENT FOR AWARENESS & TREATMENT OF ADDICTS)

ഈശോയിൽ പ്രിയപ്പെട്ടവരേ,

ലോകരക്ഷകനായ ഈശോയുടെ പിറവിയുടെ 25 നോമ്പുദിന ഒരുക്കങ്ങളിലേക്കു നാം പ്രവേശിക്കുകയാണല്ലോ. ഈ ലോകം നന്മതിന്മകളാൽ നിറഞ്ഞിരിക്കുന്നു. ഇതിൽ ഏതുവഴി നമ്മൾ തിരഞ്ഞെടുക്കണമെന്നതു ദൈവം നമുക്കേകിയ സ്വാതന്ത്ര്യമാണ്. മനുഷ്യനെ സകലതിന്മകളിലേക്കും നയിക്കുന്ന ആകർഷണമേറിയ പദാർത്ഥമാണ് മദ്യം ഉൾപ്പെടെയുള്ള വിവിധ ലഹരികൾ. ഇതിന്റെ വശ്യത ശക്തമാണ്, വീഴുന്നവരുടെ എണ്ണം വർദ്ധമാനവും. ഇവിടെയാണ് നോമ്പും പരിത്യാഗപ്രവർത്തികളും ഉൾപ്പെടുന്ന നിയന്ത്രണത്തിന്റെ അതിർവരമ്പുകളുടെ പ്രസക്തി. ലഹരിയുടെ കെണിയിൽനിന്നു വിമുക്തി പ്രാപിക്കാൻ ഈനോമ്പുകാലം സഹായകരമാകട്ടെ! ദൈവം അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

### സപ്പോർട്ട് എ ചൈൽഡ് പദ്ധതി

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലുള്ള സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിലെ ഈപദ്ധതിയിലെ അംഗങ്ങൾക്കു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നവംബർ 28 ശനിയാഴ്ച രാവിലെ പ്രാർത്ഥനയോടുകൂടി സമ്മേളനം ആരംഭിച്ചു. ബോധവത്ക്കരണ ക്ലാസ്സ്, സാമൂഹ്യസംരംഭകത്വ പദ്ധതികളെക്കുറിച്ച് പരിചയപ്പെടുത്തൽ, കുട്ടികളുടെയും മുതിർന്നവരുടെയും കൾച്ചറൽ പ്രോഗ്രാമുകൾ എന്നിവയും ഉച്ചഭക്ഷണവും 100050 രൂപയുടെ ധനസഹായവും നൽകി. സമ്മേളനത്തിൽ ഡയറക്ടർ ഫാ. ജോൺ വടക്കേകളം സന്ദേശവും സണ്ണി മാത്യു, ട്രീസ മാത്യു എന്നിവർ നേതൃത്വവും നല്കി.

### സ്റ്റുഡന്റ്സ് എഗൈൻസ്റ്റ് നാർക്കോട്ടിക്ക് (SAN) പ്രോഗ്രാം

അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂളിലെ ഏഴാംക്ലാസ്സ് വിദ്യാർത്ഥികൾക്കു *ലഹരിക്കെതിരായി ഉണരുന്ന കൗമാരം* എന്ന വിഷയത്തെക്കുറിച്ച് റ്റി.എം. മാത്യു, റോബിൻ ജോസഫ് എന്നിവർ ക്ലാസ്സ് എടുത്തു.

### ഹോമിയോ ചികിത്സാപദ്ധതി

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന സ്ഥലങ്ങ

ളിലും ദിവസങ്ങളിലുമായി നൽകിവരുന്നു. വിദഗ്ധ ഡോക്ടേഴ്സിന്റെയും കൗൺസിലേഴ്സിന്റെയും സേവനം ലഭ്യമാണ്.

ചൊവ്വ - (ആലപ്പുഴ) തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി

ബുധൻ - (കോട്ടയം) തോട്ടക്കാട് സെന്റ് ജോർജ് ചർച്ച്

വ്യാഴം - (കോട്ടയം) അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാപള്ളി

വെള്ളി - (കോട്ടയം) ചങ്ങനാശേരി, പാസ്റ്ററൽ സെന്റർ

**ലഹരിവിമുക്തവിശുദ്ധീകരണധ്യാനം**

ലഹരിവിമുക്തി ആഗ്രഹിക്കുന്നവർക്കു പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ **ഡിസംബർ 10 മുതൽ 15 വരെ** ലഹരിവിമുക്ത കുടുംബവിശുദ്ധീകരണധ്യാനം നടത്തപ്പെടുന്നു. ഡിസംബർ 10-ാം തീയതി വൈകിട്ട് 5 മണിക്ക് ആരംഭിച്ച് 15-ാം തീയതി രാവിലെ 10 മണിക്കു ധ്യാനം അവസാനിക്കുന്നു. താമസിച്ചുള്ള ഈധ്യാനത്തിനു ഫീസ് ഉണ്ടായിരിക്കുന്നതല്ല. പ്രഗത്ഭരായ ഡോക്ടേഴ്സ്, സൈക്കോളജിസ്റ്റ് എന്നിവരുടെ പ്രത്യേക ക്ലാസ്സ്, കൗൺസെലിങ് എന്നിവ ലഭ്യമാണ്. മേൽവിലാസവും ഫോൺനമ്പരും താഴെച്ചേർക്കുന്നു.

LSDP പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം
0469 2693413, 2690414, 9495193406

■

# ദളിത് കത്തോലിക്കാ മഹാജന സഭ (DCMS)

ദളിതുക്രൈസ്തവരുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നവംബർ 28 നു DCMS സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റിലേക്കു മാർച്ച് നടത്തി.

## പ്രസ്താവന

ബഹുമാനപ്പെട്ട അച്ചാ / സുഹൃത്തേ,

മഹത്തായ ഒരുഭരണഘടന നിലനിൽക്കുന്ന ഈരാജ്യത്ത് ദളിതുക്രൈസ്തവരുടെ ഭരണഘടനാനീതി നിഷേധിക്കപ്പെട്ടിട്ട് 73 വർഷങ്ങൾ കഴിഞ്ഞു. ക്രിസ്തുമതം സ്വീകരിച്ച ഇന്ത്യയിലെ ദളിതുക്രൈസ്തവരുടെ സാമാന്യനീതിയാണ് ഇത്രകാലമായി നിഷേധിക്കപ്പെട്ടിരിക്കുന്നത്. ഏതുമതവും വിശ്വാസവും സ്വീകരിക്കുവാനും അതിന് അനുക്രമമായി ജീവിക്കുവാൻ ഭരണഘടന സ്വാതന്ത്ര്യം നൽകുന്നു. ഒരാളുടെ മതമോ വിശ്വാസമോ മൂലം യാതൊരു പക്ഷപാതവും കാണിക്കുകയില്ലായെന്ന ഭരണഘടനാതത്വമാണ് ഇത്രകാലമായി ദളിതുക്രൈസ്തവർക്കു നിഷേധിച്ചിരിക്കുന്നത്.

കേരളത്തിൽ മാറിമാറി വരുന്ന സർക്കാരുകൾ ദളിതുകൈസ്തവരുടെ വിഷയത്തിൽ അനാസ്ഥയാണ് കാണിച്ചുകൊണ്ടിരിക്കുന്നത്. 25 ലക്ഷം ജനസംഖ്യയുള്ള ദളിത് ക്രിസ്ത്യൻസമൂഹത്തിനു സംസ്ഥാനസർക്കാർ നിഷേധിച്ചിരിക്കുന്ന ന്യായമായ അവകാശവും നീതിയും അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടി DCMS സംസ്ഥാനകമ്മിറ്റിയുടെ നേതൃത്വത്തിൽ നവംബർ 28 നു സെക്രട്ടറിയേറ്റിലേക്കു മാർച്ചും ധർണയും നടത്തി. സമരപരിപാടിയുടെ വിജയത്തിനായി DCMS സംസ്ഥാനസമിതി യൂണിറ്റ്, ഫൊറോനാ അടിസ്ഥാനത്തിൽ സമരപ്രവർത്തന ഫണ്ട് സ്വരൂപിക്കൽ നടത്തപ്പെട്ടു.

## ആവശ്യങ്ങൾ

1. സംവരണവിഭാഗത്തിൽനിന്നും ക്രിസ്തുമതം സ്വീകരിച്ച ദളിതുക്രൈസ്തവർക്ക് 1950 ൽ നിഷേധിച്ച പട്ടികജാതിസംവരണം തിരികെ ലഭിക്കുന്നതിനുവേണ്ടി കേരളസർക്കാർ കേന്ദ്രസർക്കാരിലേക്കു മറ്റുസംസ്ഥാനങ്ങൾ നൽകിയതുപോലെ ശിപാർശ ചെയ്യുക.
2. ദളിതുക്രൈസ്തവ വിദ്യാർത്ഥികൾക്കു ലഭിച്ചുകൊണ്ടിരിക്കുന്ന സ്റ്റൈപ്പന്റും ലംപ്സം ഗ്രാന്റും മറ്റു വിദ്യാഭ്യാസാവകാശങ്ങളും (മൂന്നുവർഷമായി ലഭിക്കാത്തതിനാൽ) സമയബന്ധിതമായി വിതരണം ചെയ്യുക.
3. ദളിതുക്രൈസ്തവരുടെ ജാതിസെൻസസ് എടുക്കുക.
4. കേരളസംസ്ഥാന പരിവർത്തിതക്രൈസ്തവ ശിപാർശിതവിഭാഗ വികസന കോർപ്പറേഷൻ സംവരണവിഭാഗത്തിൽനിന്നു ക്രിസ്തുമതം സ്വീകരിച്ച ക്രൈസ്തവർക്കുമാത്രം നൽകുക.

5. പട്ടികജാതിക്കാർക്കു ലഭിക്കുന്ന മുഴുവൻ ഭവനനിർമാണ ആനുകൂല്യങ്ങളും ഭവനരഹിതമായ മുഴുവൻ ദളിതുക്രൈസ്തവർക്കുംകൂടി ലഭ്യമാക്കുക.
6. ഉന്നതവിദ്യാഭ്യാസപ്രവേശനത്തിനു ദളിതുക്രൈസ്തവർക്കു മാത്രമായി ഒരുശതമാനം സംവരണം ഏർപ്പെടുത്തുക.
7. ഉദ്യോഗനിയമനത്തിനു നിലവിലുള്ള റോട്ടേഷൻ ലിസ്റ്റിൽ 46 – 62 എന്നത് 20 നും 50 നും ഉള്ളിലാക്കുക.

**സംയുക്തകൗൺസിൽ മീറ്റിങ്**

ഒക്ടോബർ 22 ഞായറാഴ്ച 2 മണിക്ക് DCMS, DCVS, DCYL സംയുക്തകൗൺസിൽ മീറ്റിങ് ഡയറക്ടർ ജോൺ വടക്കേകളത്തിലച്ചന്റെ നേതൃത്വത്തിൽ ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ മിനി ഹാളിൽ നടന്നു. അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് അദ്ധ്യക്ഷത വഹിച്ച മീറ്റിങ്ങിൽ സെക്രട്ടറി ഇൻ ചാർജ് മാത്യു ജോസഫ് സ്വാഗതംപറഞ്ഞു. നവംബർ 28 നു തിരുവനന്തപുരത്തു നടന്ന സെക്രട്ടറിയേറ്റ് മാർച്ചും ധർണയും വിജയിപ്പിക്കുന്നതിന് അതിരൂപതയിലെ യൂണിറ്റംഗങ്ങളെ പങ്കെടുപ്പിക്കുന്നതിനു കൗൺസിൽ അംഗീകരിച്ചു. DCVS സെക്രട്ടറി, DCYL സെക്രട്ടറി എന്നിവർ ആശംസകൾനേർന്നു. ത്രേസ്യാമ്മ ജോസഫ് നന്ദി രേഖപ്പെടുത്തി.

**ഡിസിഎംഎസ് ഫൊറോനാ കൗൺസിലുകൾ**

നവംബർ 28 നു തിരുവനന്തപുരത്ത് നടന്ന സെക്രട്ടറിയേറ്റ് മാർച്ചിലും ധർണയിലും അതിരൂപതാ DCMSൽനിന്നും അംഗങ്ങളെ പങ്കെടുപ്പിക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ നടത്തുന്നതിനും സമരപരിപാടികളുടെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനുമായി DCMS പ്രവർത്തിക്കുന്ന ഫൊറോനകളിൽ ഫൊറോനാ കൗൺസിലുകൾ ഒക്ടോബർ 29, നവംബർ 5, 12 തീയതികളിൽ അതിരൂപതാ പ്രസിഡന്റ്, സെക്രട്ടറിമാരുടെ സാന്നിധ്യത്തിൽ ഫൊറോനാ ഭാരവാഹികളുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. DCMS അതിരൂപതാ ഭാരവാഹികൾ വികാരിയച്ചന്മാരെ നേരിൽകണ്ട് അതിരൂപതാ വികാരി ജനറാൾ, DCMS ഡയറക്ടർ എന്നിവർ അംഗീകരിച്ച കത്തും നൽകി.

സ്നേഹപൂർവം,

**മാത്യു ജോസഫ്** *(സെക്രട്ടറി ഇൻ ചാർജ്)*
**ഡോ. സിജോ ജേക്കബ്** *(പ്രസിഡന്റ്)*
**ഫാ. ജോൺ വടക്കേകളം** *(ഡയറക്ടർ)*

"സമാധാനം - സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 115-ാം ചരമവാർഷികാചരണം ഏറ്റവും ഭംഗിയായി നടത്തുവാൻ സാധിച്ചു. ഒരുസാധാരണ കുടുംബനാഥന്റെ ചരമവാർഷികം ഇത്ര ഭംഗിയായി നടത്തുമ്പോൾതന്നെ അദേഹത്തിന്റെ മഹത്വം നമുക്കു മനസ്സിലാക്കാം. ജീവിതകാലം മുഴുവൻ മറ്റുള്ള ആത്മാക്കളുടെ രക്ഷയ്ക്കായി പണ്ഡിതനെന്നോ, പാമരനെന്നോ, ദളിതനെന്നോ, അന്യമതസ്ഥരെന്നോ നോക്കാതെ എല്ലാവരെയും ഒരുപോലെ സ്നേഹിക്കുകയും വി. ഫ്രാൻസിസ് അസ്സീസ്സിയുടെ ജീവിതശൈലിവഴി സ്വർഗപ്രാപ്തിക്കായി അവരെ ഒരുക്കുകയും ചെയ്തു. അതിനാൽ ഇന്നും ജനഹൃദയങ്ങളിൽ ജീവിക്കുന്നു.

പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 115-ാം ചരമവാർഷികത്തിൽ നവംബർ 01 നു പത്തുമണിക്ക് എടത്വാ സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിലെ ദൈവദാസന്റെ കബറിടത്തിലേക്കു തായങ്കരി, പച്ച-ചെക്കിടിക്കാട്, കൊച്ചമ്മനം എന്നീ സ്ഥലങ്ങളിൽനിന്നും സഭാമക്കൾ പദയാത്രയായി എത്തിച്ചേർന്നു. എടത്വാ ഇടവക വികാരി ഫാ. ഫിലിപ്പ് വൈക്കത്തുകാരൻവീട്ടിൽ എല്ലാവർക്കും സ്വാഗതമാശംസിച്ചു. 12 മണിക്ക് അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തയുടെ മുഖ്യകാർമികത്വത്തിൽ പരി. കുർബാനയർപ്പണം നടന്നു. കുടുംബജീവിതം നയിക്കുന്നവർക്കും വിശുദ്ധജീവിതം നയിക്കാമെന്നു ദൈവദാസന്റെ ജീവിതം നമ്മെ പഠിപ്പിച്ചുതരുന്നുവെന്നും യാത്രാസൗകര്യം വിരളമായിരുന്ന അന്നത്തെ കാലത്തു കാൽനടയായി യാത്രചെയ്തു സുവിശേഷം പ്രചരിപ്പിക്കുകയും ചെയ്ത് അനേകജീവിതങ്ങളെ ദൈവത്തിലേക്ക് അടുപ്പിക്കുകയും ചെയ്തുവെന്നും വചനസന്ദേശമധ്യേ അഭി. പിതാവു പറഞ്ഞു. തൊമ്മച്ചൻ നട്ടുവളർത്തിയ ഫ്രാൻസിസ്കൻ മൂന്നാംസഭ കുടുംബങ്ങളിൽനിന്നും ധാരാളം വൈദികരും സന്യസ്തരും അന്നും ഇന്നും സഭയിലേക്കു വരുന്നുവെന്നും ദൈവദാസൻ മാത്യു കാവുകാട്ട് പിതാവിന്റെ മാതാപിതാക്കൾ മൂന്നാംസഭാംഗങ്ങളായിരുന്നുവെന്നും അഭി. പിതാവ് അനുസ്മരിച്ചു. എല്ലാസഭാംഗങ്ങളും തൊമ്മച്ചനെപ്പോലെ മറ്റുള്ളവരുടെ ആത്മരക്ഷയ്ക്കായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്നും പെരുന്തോട്ടംപിതാവ് ആഹ്വാനംചെയ്തു.

കപ്പൂച്ചിൻസഭ സെന്റ് ജോസഫ് പ്രൊവിൻസ് സ്പിരിച്ച്വൽ അസിസ്റ്റന്റ് ഡയറക്ടർ ഫാ. മൈക്കിൾ പറൂശ്ശേരിൽ OFM Cap. എല്ലാവർക്കും കൃതജ്ഞത അർപ്പിക്കുകയും തൊമ്മച്ചൻ സഭാംഗങ്ങളുടെ മാതൃകാപുരുഷനാണെന്നും അദേഹത്തിന്റെ മാധ്യസ്ഥ്യമപേക്ഷിച്ച് വിശുദ്ധപദവിയിലെത്തിക്കാൻ എല്ലാവരും പ്രാർത്ഥിക്കണമെന്നും ഉദ്ബോധിപ്പിച്ചു. പരി. കുർബാനക്കുശേഷം ദൈവദാസന്റെ കബറിടത്തിൽ ഒപ്പീസുപ്രാർത്ഥന നടത്തി. ഉച്ചഭക്ഷണത്തിനുശേഷം

വാർഷികാചരണം സമാപിച്ചു. ചങ്ങനാശ്ശേരി കൂടാതെ, തൃശൂർ, കോതമംഗലം, എറണാകുളം, തലശ്ശേരി, പാലാ, കോട്ടയം, കാഞ്ഞിരപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽനിന്നും സ്പിരിച്ച്വൽ അസിസ്റ്റന്റ്സും സഭാംഗങ്ങളും വന്നുചേർന്നിരുന്നു. പങ്കെടുത്തവർക്കു നന്ദിയും പ്രാർത്ഥനയും നേരുന്നു. ദൈവദാസന്റെ നാമകരണനടപടികൾ വേഗത്തിലാക്കാൻ എല്ലാവരും പ്രാർത്ഥിക്കുക.

### സ്വർഗപ്രാപ്തിക്കായി യാത്രയായവർ

കുട്ടനാട് റീജൻ കാവാലം സെന്റ് തോമസ് ഭ്രാതൃതാംഗം സഹോദരി പുത്തൻകുളം വത്സമ്മ ജോസഫ്, വാഴപ്പള്ളി റീജൻ ഗത്സേമനി ആശ്രമം ഭ്രാതൃതാംഗം സഹോദരി കിഴക്കേൽ വിജയകുമാരി തോമസ് ഇവരുടെ സ്വർഗ പ്രാപ്തിക്കായി നമുക്കു പ്രാർത്ഥിക്കാം.

**ബ്രദർ വി.സി. അലക്സ് വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. തോമസ് വെട്ടിക്കൽ** OFM Cap.
*(സ്പിരിച്ച്വൽ അസിസ്റ്റന്റ്)*

■

# വിൻസെൻഷ്യൻ വേദി

*''അന്ധകാരത്തിൽ കഴിഞ്ഞജനം മഹത്തായ ഒരു പ്രകാശം കണ്ടു; കൂരിരുട്ടിന്റെദേശത്തു വസിച്ചിരുന്നവരുടെമേൽ പ്രകാശം ഉദിച്ചു''* (ഏശയ്യ 9:2).

പ്രിയ വിൻസെൻഷ്യൻ സഹോദരരേ,

വീണ്ടുമൊരു ക്രിസ്തുമസ്കാലത്തിലേക്കു നാം പ്രവേശിക്കുകയാണ്. അസമാധാനത്തിന്റെയും അസ്വസ്ഥതയുടെയും നടുവിൽ ആനന്ദത്തോടും ആഘോഷത്തോടും ആരവത്തോടുമൊക്കെ ഈശോയുടെ മനുഷ്യാവതാരത്തിന്റെ ഓർമയാചരിക്കുവാൻ ലോകം തയ്യാറെടുക്കുന്നു. ആഗോളവ്യാപകമായി സാമ്പത്തികമാന്ദ്യവും തകർച്ചകളും നേരിടുമ്പോഴും ഭൗതികമായ ആഘോഷങ്ങൾക്ക് ഒട്ടും കുറവുവരാതിരിക്കാൻ നാം ശ്രദ്ധിക്കുന്നുണ്ട്. ക്രിസ്തുമസ് ദാരിദ്ര്യത്തിന്റെയും ലാളിത്യത്തിന്റെയും തിരുനാളാണ്. മിശിഹായുടെ ചെറുതാകലും സഹനവുമൊക്കെ ലോകം മനസ്സിലാക്കുകയും ഉൾക്കൊള്ളുകയും ചെയ്യണമെന്ന ആഗ്രഹത്തോടെയാണ് പുൽക്കൂടിന്റെ ആദ്യത്തെ ദൃശ്യാവിഷ്കാരം അസ്സീസ്സിയിലെ വി. ഫ്രാൻസിസ് ഒരുക്കിയത്. സ്വർഗംവിട്ടു ഭൂമിയിൽ അവതരിച്ച ദൈവപുത്രനോടു കൂടെയായിരിക്കുമ്പോഴാണ് ക്രിസ്തുമസ് അനുഭവമാവുന്നത്.

സമാധാനത്തിന്റെ രാജാവിനെ അംഗീകരിക്കാനും രക്ഷകനായി സ്വീകരിക്കാനും കഴിയാത്തതാണ് പാലസ്തീനിലെ അസ്വസ്ഥതകൾക്കു കാരണമെന്നു ബിഷപ് ഇമ്മാനുവേൽ മാർ മാറി പറയുന്നുണ്ട്. കൂടെയുള്ള ദൈവത്തെയും കൂടെയുള്ളവരിലും ദൈവത്തെ തിരിച്ചറിയുക, സ്നേഹത്തിന്റെയും നീതിയുടെയും കരുണയുടെയും ജീവിതശൈലി സ്വന്തമാക്കുക. മഹാകവി ടാഗോർ പറയുന്നുണ്ട്: 'പ്രകാശം മുന്നിൽ നിൽക്കുമ്പോൾ നിഴൽ പിന്നിലാണ്, പ്രകാശം പിന്നിൽ നിൽക്കുമ്പോൾ നിഴൽ മുന്നിലാണ്. എന്നാൽ പ്രകാശം നിന്നിലായിരിക്കുമ്പോൾ നീയുമില്ല നിഴലുമില്ല, പ്രകാശം മാത്രമേയുള്ളൂ'. പ്രകാശമാകുന്ന ഈശോയെ ഉള്ളിൽ സ്വീകരിച്ച് സ്വയംപ്രകാശിക്കുന്ന നക്ഷത്രങ്ങളാകുവാനും മറ്റുള്ളവരെ മിശിഹായുടെ സവിധത്തിലേക്കു നയിക്കുവാനും സാധിക്കട്ടെ. ക്രിസ്തുമസിന്റെ മംഗളാശംസകൾ. എല്ലാകോൺഫ്രൻസുകളും തിരുസഭയ്ക്കും മാർപാപ്പായ്ക്കും സൊസൈറ്റിക്കും ഇന്ത്യക്കുംവേണ്ടി പരി. കുർബാനയർപ്പിക്കേണ്ടതാണ്. ഓസാനം ഫെസ്റ്റ് സെൻട്രൽ കൗൺസിൽതലത്തിൽ **ഡിസംബർ 27** നു നടത്തുകയാണ്, ഡിസംബർ 15-ാം തീയതിയോടുകൂടിയെങ്കിലും ഏരിയ കൗൺസിലുകൾ മത്സരങ്ങൾ നടത്തി വിജയികളുടെ ലിസ്റ്റ് സെൻട്രൽ കൗൺസിൽ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ വാട്സ് ആപ്പിൽ നൽകുന്നതാണ്.

ഈശോയിൽ സ്നേഹപൂർവം,

**ബ്രദർ തോമസ് ടി. മൂലയിൽ**
*(സി.സി. പ്രസിഡന്റ്)*

■

# കരിസ്മാറ്റിക് നവീകരണം

*ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ.*
(മത്തായി 16:24)

ദൈവകൃപയാൽ കരിസ്മാറ്റിക് സോണൽ പ്രവർത്തനങ്ങൾ സജീവമായി മുന്നോട്ടുപോകുന്നു. നവംബർ 5 നു ജൂബിലി സഹസ്രദിനകൂട്ടായ്മ വാഴപ്പള്ളി ഗത്സേമൻ പള്ളിയിൽ KCSC ചെയർമാൻ ജോസഫ് താമരവേലി അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ജോസഫ് അച്ചൻ വചനസന്ദേശവും ലൂയിസ് അച്ചൻ പരി. കുർബാനയുടെ ആരാധനയ്ക്കു നേതൃത്വവും നൽകി. ദൈവ ജനത്തിന്റെ സജീവപങ്കാളിത്തമുണ്ടായിരുന്നു. ഒക്ടോബർമാസത്തെ സർവീസ് ടീം മീറ്റിങ് ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിലെ ഓഫീസിൽ നടന്നു. വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെട്ടു.

### ലോഡ്സ് കപ്പിൾസ് മിനിസ്ട്രി ചങ്ങനാശ്ശേരി സോൺ

58-ാമത് മീറ്റിങ് ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ മൂന്നുമണിക്കു ജപമാല പ്രാർത്ഥനയോടുകൂടി ആരംഭിച്ചു. ലൂയിസ് അച്ചൻ വി. മത്തായി 26 ൽ നിന്നുള്ള തിരുവചനഭാഗം വായിച്ച് വിചിന്തനംചെയ്തു. ശേഷം ലോഡ്സ് കപ്പിൾസ് മിനിസ്ട്രി കോഡിനേറ്റർ സ്വാഗതം അറിയിച്ചു. ഇടവകയിലെ സെല്ലുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് എല്ലാവരും പങ്കുവച്ചു. കഴിഞ്ഞമാസം എല്ലാസെല്ലുകളിലും മീറ്റിങ് നടത്തി. കൂത്രപ്പള്ളി, പുന്നവേലി എന്നീ സ്ഥലങ്ങളിൽ പുതിയ സെല്ലുകൾക്കു രൂപംനൽകി. സെല്ലുകളുടെ പ്രവർത്തനങ്ങൾ നല്ലരീതിയിൽ പോകുന്നു. ജനുവരിമാസം സെല്ലുകളിൽനിന്നുള്ള ദമ്പതികൾക്കായി ഒരു ഏകദിന പ്രാർത്ഥനാകൺവൻഷൻ നടത്താനായി തീരുമാനിച്ചിട്ടുണ്ട്. അടുത്ത മീറ്റിങ് **ഡിസംബർ 03** നു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ വച്ചാണ്. സന്ദേശ ഗീതത്തിനുശേഷം പ്രാർത്ഥനയോടെയും അച്ചന്റെ സമാപനാശീർവാദത്തോടെയും മീറ്റിങ് അവസാനിച്ചു.

### അറിയിപ്പ്

അതിരൂപതയിലെ അൽമായശുശ്രൂഷകൾക്കുള്ള ഫോർമേഷൻ കോഴ്സ് **2024 ജനുവരി 05, 06** തീയതികളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തുന്നു. എല്ലാശുശ്രൂഷകരും ഇതിൽ പങ്കെടുക്കേണ്ടതാണ്. നിലവിൽ സർട്ടിഫിക്കറ്റ് ഉള്ളവർക്കു പുതുക്കി നൽകുന്നതും പുതുതായി വരുന്നവർക്കു സർട്ടിഫിക്കറ്റ് നൽകുന്നതുമാണ്. പാസ്പോർട്ട് സൈസ് ഫോട്ടോ കൊണ്ടുവരണം. 750 രൂപയാണ് ഫീസ്. താഴെനൽകിയിരിക്കുന്ന നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാ. ലൂയിസ് വെള്ളാനിക്കൽ - 8848413033, ഫാ. തോമസ് പ്ലാപ്പറമ്പിൽ - 9495107045, മോൻ ചെത്തിമറ്റം - 9495524890, സിബിച്ചൻ ഉപ്പുകുന്നേൽ - 9447259334

സ്നേഹപൂർവം,

**മോൻ ചെത്തിമറ്റം**
*(കോഡിനേറ്റർ)*

**ഫാ. ലൂയിസ് വെള്ളാനിക്കൽ**
*(ആനിമേറ്റർ)*

■



# ക്രൈസ്തവസമൂഹം: വിശുദ്ധരുടെ സമൂഹം

(തിരുവചനഭാഗം: 1 കോറിന്തോസ് 5,1-6, 20)

വിശുദ്ധരുടെ സമൂഹമെന്നനിലയിൽ സഭാസമൂഹം ഉന്നതമായ ധാർമിക നിലവാരം പുലർത്തേണ്ടതുണ്ട്. അതേപ്പറ്റിയാണ് പൗലോസ്ശ്ലീഹാ 1 കോറിന്തോസ് അഞ്ചും ആറും അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുന്നത്. ഈ വചനഭാഗം താഴെക്കാണുംവിധം വിഭജിക്കാം.

1. അസന്മാർഗികതയ്ക്കെതിരെ (5,1-8)
2. അസാന്മാർഗികളിൽനിന്ന് അകന്നുനിൽക്കുക (5,9-13)
3. ക്രിസ്ത്യാനിയും കേസുകളും (6,1-11)
4. ക്രൈസ്തവധാർമികതയും സഭാസമൂഹവും (6,12-18)
5. ക്രൈസ്തവർ പരിശുദ്ധാത്മാവിന്റെ ആലയങ്ങൾ (6,19-20)

ഈ തിരുവചനഭാഗത്തിലൂടെ അജപാലകർക്കു ലഭിക്കുന്ന സന്ദേശങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം.

### 1. അസന്മാർഗികതയ്ക്കെതിരെ

*"വിജാതീയരുടെയിടയിൽപോലും ഇല്ലാത്തതരം അവിഹിതബന്ധങ്ങൾ നിങ്ങളുടെയിടയിലുണ്ടെന്നു കേൾക്കുന്നു. നിങ്ങളിൽ ഒരാൾ സ്വന്തം പിതാവിന്റെ ഭാര്യയുമായി അവിഹിതമായ വേഴ്ചയിൽ കഴിയുന്നു! എന്നിട്ടും നിങ്ങൾ അഹങ്കരിക്കുന്നു! വാസ്തവത്തിൽ നിങ്ങൾ വിലപിക്കുകയല്ലേ വേണ്ടത്? ഇങ്ങനെ പ്രവർത്തിച്ചവനെ നിങ്ങളിൽനിന്നു നീക്കിക്കളയുവിൻ. ശാരീരികമായിട്ടല്ലെങ്കിലും ആത്മീയമായി ഞാൻ അവിടെ സന്നിഹിതനായി ഈ പ്രവൃത്തി ചെയ്തവനെ നമ്മുടെ കർത്താവായ മിശിഹായുടെ നാമത്തിൽ വിധിച്ചു കഴിഞ്ഞു. നമ്മുടെ കർത്താവായ ഈശോയുടെ നാമത്തിലും എന്റെ ആത്മീയ സാന്നിധ്യത്തിലും നിങ്ങൾ ഒരുമിച്ചുകൂടുമ്പോൾ, നമ്മുടെ കർത്താവായ മിശിഹായുടെ അധികാരമുപയോഗിച്ച് ആ മനുഷ്യനെ അവന്റെ അധമവികാരങ്ങൾ ഇല്ലായ്മ ചെയ്യേണ്ടതിനു പിശാചിന് ഏൽപിച്ചുകൊടുക്കണം. അങ്ങനെ അവന്റെ ആത്മാവ് കർത്താവായ ഈശോയുടെ ദിനത്തിൽ രക്ഷപ്രാപിക്കട്ടെ"* (5,1-5).

വിജാതീയരുടെയിടയിൽപോലും ഇല്ലാത്തതരം ഒരുകാര്യമാണ് കോറിന്തോസിലെ സഭയിൽ സംഭവിച്ചിരിക്കുന്നതെന്നു പൗലോസ്ശ്ലീഹാ പറയുന്നു. സ്വന്തം പിതാവിന്റെ ഭാര്യയുമായി അവിഹിതവേഴ്ചയിൽ കഴിയുന്നുവെന്ന തിന്മയുടെ ഗൗരവം വ്യക്തമാണ്. ഇതു പിതാവിന്റെ രണ്ടാംഭാര്യയാകാനാണ് സാധ്യത. ഇക്കാര്യത്തിൽ കോറിന്തോസുകാരെടുത്ത നിലപാടിനെ പൗലോസ് ശ്ലീഹാ ചോദ്യംചെയ്യുന്നു. ഇപ്രകാരം പ്രവർത്തിച്ച ആളെ സഭയുടെ കൂട്ടായ്മയിൽനിന്നു പൂർണമായും ഒഴിവാക്കാനുള്ള ഉത്തരവാദിത്തമാണ് പൗലോസ് ശ്ലീഹാ നൽകുന്നത്. സഭയിൽനിന്നു ബഹിഷ്കൃതനാകുമ്പോൾ അയാൾ സ്വാഭാവികമായും സഭയ്ക്കു പുറത്താകുന്നു. പിശാചിന്റെ അധികാരപരിധിയിലാകുന്നു. സഭയിൽനിന്നും ചില കഠിനപാപികളെ ഔദ്യോഗികമായി പുറത്താക്കുന്ന ക്രമം പിൽക്കാലത്തും സഭയിലുണ്ടായിരുന്നു. ഇന്നും അതു സഭയുടെ ശിക്ഷാനടപടികളിൽ ഉൾപ്പെടുന്നു. ഒരുവ്യക്തി നശിച്ചുപോകാനല്ല, മാനസാന്തരപ്പെട്ട് പ്രായശ്ചിത്തംചെയ്തു തിരിച്ചുവരണമെന്നാഗ്രഹിച്ചാണ് ഈശിക്ഷ നടപ്പാക്കുന്നത്. മറ്റു സഭാംഗങ്ങൾ അയാളോടുള്ള സംസർഗംവഴി തെറ്റിൽ നിപതിക്കാതിരിക്കാനുള്ള മുൻകരുതലായിക്കൂടിയാണ് ഇപ്രകാരം ചെയ്യുന്നത്.

തെറ്റുചെയ്ത ആൾക്കുള്ള ശിക്ഷയേക്കാൾ അഹങ്കരിക്കുന്ന സഭാംഗങ്ങൾക്കുള്ള ഉപദേശമാണ് ഇവിടെ മുന്നിട്ടുനിൽക്കുന്നത് (5,6-8). അഹങ്കാരം, ആത്മപ്രശംസ തുടങ്ങിയ വാക്കുകൾ പുതിയനിയമത്തിൽ പൗലോസിന്റെ ലേഖനങ്ങളിലാണ് കൂടുതലായി കാണുന്നത്. 'ആത്മപ്രശംസ ഒട്ടുംനന്നല്ല' (5,6) എന്ന് ഉപദേശിക്കുന്ന ശ്ലീഹാ പ്രതീകഭാഷ ഉപയോഗിക്കുന്നു. അതു പുളിപ്പുപോലെയാണ്. അൽപ്പം പുളിപ്പ് ബാക്കിയുള്ളതിനെയും പുളിപ്പിക്കും. തെറ്റിലേക്കു ചായാത്ത, വിശുദ്ധിയുടെ വഴിയെ മുന്നേറാനുള്ള ആഹ്വാനമാണ് പൗലോസ്ശ്ലീഹാ ഇവിടെ നൽകുന്നത്. പാപമോചനത്തിനായുള്ള മിശിഹായുടെ പെസഹാബലിയർപ്പണത്തോടുചേർന്നാണ് ക്രൈസ്തവരുടെ വിശുദ്ധി നിലനിൽക്കുന്നത്. ക്രൈസ്തവരുടെ വിശുദ്ധിയിലേക്കുള്ള വിളിയെക്കുറിച്ച് അജപാലകരും അജഗണങ്ങളും അവബോധമുള്ളവരായിരിക്കണം.

### 2. അസാന്മാർഗികളിൽനിന്ന് അകന്നുനിൽക്കുക

*''വ്യഭിചാരികളുമായി സമ്പർക്കമരുതെന്നു മറ്റൊരു ലേഖനത്തിൽ ഞാൻ എഴുതിയിരുന്നല്ലോ. ലോകത്തിലെ വ്യഭിചാരികളെയും അത്യാഗ്രഹികളെയും കള്ളന്മാരെയും വിഗ്രഹാരാധകരെയും ഒന്നടങ്കമല്ല ഞാൻ വിവക്ഷിക്കുന്നത്. അങ്ങനെയായിരുന്നെങ്കിൽ നിങ്ങൾ ലോകത്തിൽനിന്നുതന്നെ പുറത്തുപോകേണ്ടി വരുമായിരുന്നു. പ്രത്യുത, സഹോദരൻ എന്നു വിളിക്കപ്പെടുന്നവൻ അസന്മാർഗിയോ അത്യാഗ്രഹിയോ വിഗ്രഹാരാധകനോ പരദൂഷകനോ മദ്യപനോ കള്ളനോ ആണെന്നു കണ്ടാൽ അവനുമായി സംസർഗം പാടില്ലെന്നാണ് ഞാൻ എഴുതിയത്. അവനുമൊരുമിച്ചു ഭക്ഷണം കഴിക്കുകപോലുമരുത്. പുറമെയുള്ളവരെ വിധിക്കാൻ എനിക്കെന്തുകാര്യം? സഭയിലുള്ളവരെയല്ലേ നിങ്ങൾ വിധിക്കേണ്ടത്? പുറമേയുള്ളവരെ ദൈവം വിധിച്ചുകൊള്ളും. ദുഷ്ടനെ നിങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളയുവിൻ''* (5,9-13).

അസന്മാർഗികജീവിതം നയിക്കുന്നവരോടുള്ള ബന്ധം സംബന്ധിച്ച് പൗലോസ്ശ്ലീഹാ കോറിന്തോസുകാർക്കു മുമ്പും എഴുതിയിട്ടുണ്ട്. കോറിന്തോസുകാർക്കെഴുതിയ രണ്ടാംലേഖനത്തിൽ അതെപ്പറ്റി സൂചനയുണ്ട്. ''ഞാൻ വരുമ്പോൾ എനിക്കു സന്തോഷം നൽകേണ്ടവർ എന്നെ ദുഃഖിപ്പിക്കാതിരിക്കാൻ വേണ്ടി മാത്രമാണ് ഞാൻ എഴുതിയത്. എന്റെ സന്തോഷം നിങ്ങളോരോരുത്തരുടെയും സന്തോഷമായിരിക്കുമെന്നു നിങ്ങളെപ്പറ്റി എനിക്ക് ഉറപ്പുണ്ടായിരുന്നു. വലിയ ദുഃഖത്തോടും ഹൃദയവ്യഥയോടും വളരെ കണ്ണീരോടുകൂടി ഞാൻ നിങ്ങൾക്കെഴുതിയതു നിങ്ങളെ ദുഃഖിപ്പിക്കുവാൻവേണ്ടിയല്ല; മറിച്ച്, നിങ്ങളോടുള്ള എന്റെ സമൃദ്ധമായ സ്നേഹം അറിയിക്കാൻവേണ്ടിയാണ്'' (2 കോറി. 2,3-4). അസന്മാർഗികളുമായി യാതൊരുവിധ സമ്പർക്കവുമരുതെന്നാണ് ശ്ലീഹായുടെ പ്രബോധനം. തിന്മയെ സഭാസമൂഹത്തിൽനിന്നു പൂർണമായും പിഴുതെറിയണമെന്നാണ് പൗലോസ്ശ്ലീഹാ സഭാംഗങ്ങളെ ഉദ്ബോധിപ്പിക്കുന്നത്.

തിന്മയുടെ സ്വാധീനത്തിലമർന്ന ലോകത്തിലാണ് സഭാംഗങ്ങൾ ജീവിക്കുന്നത്. അവർക്കു തങ്ങൾ ജീവിക്കുന്ന സാമൂഹികചുറ്റുപാടിൽ വിശ്വാസമില്ലാത്തവരോടും അസാന്മാർഗികജീവിതം നയിക്കുന്നവരോടുംചേർന്നു പ്രവർത്തിക്കേണ്ടിവരുക സ്വാഭാവികമാണ്. സമൂഹത്തിന്റെ പൊതുവായ ആഘോഷവേളകളിലും മറ്റും ഇത്തരം ഇടപെടലുകൾ ആവശ്യമായിവന്നേക്കാം. അതെല്ലാം ഉപേക്ഷിച്ച് സമൂഹത്തിൽനിന്നു മാറിയുള്ള ജീവിതം നയിക്കുവാൻ വിശ്വാസികൾക്കു സാധ്യമല്ല. എന്നാൽ അത്തരം സാഹചര്യങ്ങളിൽ സഭാംഗങ്ങൾ, തങ്ങളുടെ വിശ്വാസം സംരക്ഷിച്ചുകൊണ്ട്, വിശ്വാസത്തിനു സാക്ഷികളായി നിലകൊള്ളേണ്ടിവരും. അതേസമയം വിശ്വാസത്തിലേക്കു വന്നവർ വിജാതീയരെപ്പോലെ തെറ്റുകളിൽ വ്യാപരിക്കുന്നെങ്കിൽ അവരോടുള്ള സമ്പർക്കം പൂർണമായി ഒഴിവാക്കുകയും ചെയ്യണം. ഇക്കാര്യത്തിൽ അജഗണങ്ങളും അജപാലകരും ശ്രദ്ധിക്കണം.

### 3. ക്രിസ്ത്യാനിയും കേസുകളും

*''നിങ്ങളിൽ ആർക്കെങ്കിലും ഒരുസഹോദരനെപ്പറ്റി പരാതിയുണ്ടാകുമ്പോൾ അവൻ വിശുദ്ധരെ സമീപിക്കുന്നതിനുപകരം നീതിരഹിതരായ വിജാതീയരുടെ വിധി തേടാൻ മുതിരുന്നുവോ? വിശുദ്ധർ ലോകത്തെ വിധിക്കുമെന്നു നിങ്ങൾക്ക് അറിവില്ലേ? നിങ്ങൾ ലോകത്തെ വിധിക്കുമെന്നു നിങ്ങൾക്ക് അറിവില്ലേ? നിങ്ങൾ ലോകത്തെ വിധിക്കേണ്ടവരായിരിക്കേ, നിസ്സാരകാര്യങ്ങളെക്കുറിച്ചു വിധികൽപിക്കാൻ അയോഗ്യരാകുന്നതെങ്ങനെ? ദൂതന്മാരെ വിധിക്കേണ്ടവരാണ് നാമെന്നു നിങ്ങൾക്ക് അറിവില്ലേ? അങ്ങനെയെങ്കിൽ ഐഹികകാര്യങ്ങളെപ്പറ്റി പറയാനുണ്ടോ? ഐഹികകാര്യങ്ങളെക്കുറിച്ചു വിധി പറയേണ്ടിവരുമ്പോൾ, സഭ അൽപവും വിലമതിക്കാത്തവരെ നിങ്ങൾ ന്യായാധിപരായി അവരോധിക്കുന്നുവോ? നിങ്ങളെ ലജ്ജിപ്പിക്കാനാണ് ഞാനിതു പറയുന്നത്. സഹോദരർ തമ്മിലുള്ള വഴക്കുകൾ തീർക്കാൻമാത്രം ജ്ഞാനിയായ ഒരുവൻപോലും നിങ്ങളുടെയിടയിൽ ഇല്ലെന്നുവരുമോ? സഹോദരൻ*

*സഹോദരനെതിരെ പരാതിയുമായി ന്യായാസനത്തെ സമീപിക്കുന്നു, അതും വിജാതീയരുടെ ന്യായാസനത്തെ!''* (6,1-6).

കോറിന്തോസിലെ സഭയിൽ ചിലർ തങ്ങളുടെ സഹോദരങ്ങൾക്കെതിരായി കേസുകളുമായി കോടതിയെ സമീപിക്കുന്ന സാഹചര്യമുണ്ടായിരുന്നു. ഇക്കാര്യത്തെ സംബന്ധിച്ച് ക്രിസ്തീയമായ നിലപാട് എന്താണെന്നു പൗലോസ് ശ്ലീഹാ പഠിപ്പിക്കുകയാണ്. ഏതെങ്കിലും ഒരുസഹോദരനെപ്പറ്റി പരാതിയുണ്ടാകുമ്പോൾ അവർ സഭയെത്തന്നെയാണ് സമീപിക്കേണ്ടത്. വിജാതീയരായ ആളുകൾ തീർപ്പുകൽപിക്കുന്ന കോടതിയെയല്ല. ക്രൈസ്തവർക്കു ദൈവത്തിന്റെ നിയമം ലഭിച്ചിട്ടുണ്ട്. ദൈവനിയമം മാത്രമാണ് നീതിപൂർവകമായത്. ഈനിയമം അനുസരിക്കാത്തവർക്കു നീതിപൂർവം വിധിക്കാൻ കഴിയുകയില്ല. ക്രിസ്ത്യാനികൾ ദൈവനിയമമനുസരിച്ച് ജീവിക്കാൻ വിളിക്കപ്പെട്ടവരാണ്.

''വിശുദ്ധർ ലോകത്തെ വിധിക്കുമെന്നു നിങ്ങൾക്കറിയില്ലേ?'' എന്നു പൗലോസ്ശ്ലീഹാ ചോദിക്കുന്നു. വിശ്വാസികളെയാണ് വിശുദ്ധർ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഒരുവ്യക്തിയോ വസ്തുവോ സ്ഥലമോ വിശുദ്ധമെന്നു കണക്കാക്കപ്പെട്ടിരുന്നതു ദൈവത്തിനായി മാറ്റിവയ്ക്കപ്പെടുമ്പോഴാണ്; ദൈവികകാര്യങ്ങൾക്കായി പ്രത്യേകം നിയോഗിക്കപ്പെടുമ്പോഴാണ്. സഭാംഗങ്ങൾ മിശിഹായുടെ ശരീരരക്തങ്ങളാൽ അഭിഷേകം ചെയ്യപ്പെട്ട്, ദൈവരാജ്യത്തിനായി മാറ്റിനിർത്തപ്പെട്ടവരാണ്. സുവിശേഷമാണ് അവരുടെ നിയമം. ലോകത്തിന്റെ വിജ്ഞാനമല്ല, കുരിശിന്റെ ഭോഷത്തമാണ് അവരെ നയിക്കുന്ന ജീവിതപ്രമാണം. മാമോദീസായിലൂടെ മിശിഹായോട് ഐക്യപ്പെട്ട്, അവിടുന്നുമായി ഒരുശരീരമായിത്തീർന്നിരിക്കുന്ന വിശ്വാസികൾ മിശിഹായുടെ മനോഭാവങ്ങൾ ഉള്ളവരും മിശിഹായോടുചേർന്നു ലോകത്തെ വിധിക്കുന്നവരുമാണ്. അതുകൊണ്ട് സഭാസമൂഹത്തിലുണ്ടാക്കുന്ന വിവാദങ്ങൾ സഭാകൂട്ടായ്മയിൽതന്നെ പരിഹരിക്കാൻ ശ്രമിക്കണം.

### 4. ക്രൈസ്തവധാർമികതയും സഭാസമൂഹവും

*''എല്ലാം എനിക്കു നിയമാനുസൃതമാണ്; എന്നാൽ, എല്ലാം പ്രയോജനകരമല്ല; എല്ലാം എനിക്കു നിയമാനുസൃതമാണ്; എന്നാൽ, ഒന്നും എന്നെ അടിമപ്പെടുത്താൻ ഞാൻ സമ്മതിക്കുകയില്ല. ആഹാരം ഉദരത്തിനും ഉദരം ആഹാരത്തിനും വേണ്ടിയുള്ളതാണ് - ദൈവം ഇവ രണ്ടിനെയും നശിപ്പിക്കും. ശരീരം ദുർവൃത്തിക്കുവേണ്ടിയുള്ളതല്ല; പ്രത്യുത, ശരീരം കർത്താവിനും കർത്താവ് ശരീരത്തിനും വേണ്ടിയുള്ളതാണ്. ദൈവം കർത്താവിനെ ഉയിർപ്പിച്ചു; അവിടുത്തെ ശക്തിയാൽ നമ്മെയും അവിടുന്ന് ഉയിർപ്പിക്കും. നിങ്ങളുടെ ശരീരങ്ങൾ മിശിഹായുടെ അവയവങ്ങളാണെന്നു നിങ്ങൾക്ക് അറിഞ്ഞുകൂടേ? മിശിഹായുടെ അവയവങ്ങൾ എനിക്കു വേശ്യയുടെ അവയവങ്ങളാക്കാമെന്നോ? ഒരിക്കലുമില്ല!''* (6,12-15).

കോറിന്തോസുകാരുടെ ജീവിതത്തിൽ അവർക്കുണ്ടായിരിക്കേണ്ട ധാർമിക നിലപാടുകളുടെ അടിസ്ഥാനങ്ങളിലേക്കാണ് പൗലോസ്ശ്ലീഹാ ശ്രദ്ധക്ഷണി

ക്കുന്നത്. ലൈംഗികഅധാർമികതയിൽ കഴിയുന്നവരും അനീതി പ്രവർത്തിക്കുന്നവരും ഇതിനെല്ലാം സമ്മതംനൽകുന്ന സഭാസമൂഹവും തങ്ങളുടെ യഥാർത്ഥ വില എന്തെന്നു മനസ്സിലാക്കുന്നില്ലായെന്നു ശ്ലീഹാ അവരെ ബോധ്യപ്പെടുത്തുകയാണ്. 'നിങ്ങൾക്കറിഞ്ഞുകൂടേ?' എന്നചോദ്യം ആറുതവണ ആറാമദ്ധ്യായത്തിൽ പൗലോസ്ശ്ലീഹാ ആവർത്തിക്കുന്നു. താൻ പറയുന്ന കാര്യം അവർ നിർബന്ധമായും അറിഞ്ഞിരിക്കേണ്ടതും അതനുസരിച്ച് ജീവിക്കേണ്ടതുമായിരുന്നുവെന്നാണ് ഇതു സൂചിപ്പിക്കുന്നത്.

തങ്ങളുടെ ഭാഗം ന്യായീകരിക്കാൻ കോറിന്തോസുകാർ ഉയർത്തിയിരുന്ന ചില മുദ്രാവാക്യങ്ങൾ തിരുത്തിക്കൊണ്ടാണ് പൗലോസ്ശ്ലീഹാ തന്റെ പഠനം ഉറപ്പിക്കുന്നത് (6,12-18). എല്ലാം എനിക്കു നിയമാനുസൃതമാണെന്നതു കോറിന്തോസുകാരുടെ മുദ്രാവാക്യമായിരുന്നു. എല്ലാം നിയമാനുസൃതമാണോ എന്നതല്ല, പ്രയോജനകരമാണോ എന്നതാണ് പ്രധാനം. അതുപോലെ, 'ഉദരം ആഹാരത്തിനുവേണ്ടിയും ആഹാരം ഉദരത്തിനുവേണ്ടിയും' എന്നതും. തങ്ങളുടെ ലൈംഗികസ്വാതന്ത്ര്യത്തെ ഉറപ്പിച്ചുകാട്ടാനാണ് കോറിന്തോസുകാർ ഈ മുദ്രാവാക്യങ്ങൾ ഉപയോഗിച്ചത്. പൗലോസ്ശ്ലീഹാ ഈ രണ്ടാമത്തെ മുദ്രാവാക്യവും തകർക്കുന്നു. ദൈവം ഇവരണ്ടും നശിപ്പിക്കും. ഒരാൾ മിശിഹായിൽ ആകുന്നതോടുകൂടി സ്വതന്ത്രനാകുന്നു. എന്നാൽ ക്രിസ്തീയസ്വാതന്ത്ര്യം ഓരോരുത്തർക്കും ഇഷ്ടാനുസരണം പ്രവർത്തിക്കാനുള്ളതല്ല. ക്രിസ്തീയ സ്വാതന്ത്ര്യവും ക്രിസ്തീയഉത്തരവാദിത്തവും ചേർന്നുപോകണം. സഭാഗാത്രത്തെ പടുത്തുയർത്തുന്നതാണ് ക്രിസ്തീയസ്വാതന്ത്ര്യം. അതുകൊണ്ട് സഭാസമൂഹത്തെ നയിക്കുവാൻ അജപാലകരും അജഗണങ്ങളും പ്രത്യേകം ശ്രദ്ധിക്കണം.

**5. ക്രൈസ്തവർ പരിശുദ്ധാത്മാവിന്റെ ആലയങ്ങൾ**

*''വ്യഭിചാരത്തിൽനിന്ന് ഓടിയകലുവിൻ. മനുഷ്യൻ ചെയ്യുന്ന മറ്റു പാപങ്ങളെല്ലാം ശരീരത്തിനു വെളിയിലാണ്. വ്യഭിചാരം ചെയ്യുന്നവനാകട്ടെ സ്വന്തം ശരീരത്തിനെതിരായി പാപം ചെയ്യുന്നു. നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരമെന്നു നിങ്ങൾക്ക് അറിഞ്ഞുകൂടെ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല. നിങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. ആകയാൽ, നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ''* (6,18-20).


വ്യഭിചാരത്തിൽനിന്ന് ഓടിയകലുവിനെന്നത് അതിശക്തമായ ആഹ്വാനമാണ്. ഒരുവന്റെ വ്യക്തിത്വത്തിനുതന്നെ മാറ്റംവരുത്തുന്നതാണ് വ്യഭിചാരം. സഭയിൽ ഒരാൾ അധാർമികപ്രവൃത്തി ചെയ്യുമ്പോൾ അതു സഭാശരീരത്തെ മുഴുവൻ ദുഷിപ്പിക്കും. ഓരോ വ്യക്തിയുടെയും ശരീരത്തെക്കുറിച്ചാണിവിടെ പറഞ്ഞിരിക്കുന്നത്. മിശിഹായിൽ വിശ്വസിച്ച് മാമോദീസാ സ്വീകരിച്ചവർ മിശിഹായുമായി ഏകശരീരമായിത്തീർന്നിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ ആലയമാകുന്ന ശരീരത്തെ കർത്താവിന്റെ രക്തം വിലയായി കൊടുത്തുവാങ്ങിയ വിലപിടിപ്പുള്ള കാര്യമായിട്ടാണ് ശ്ലീഹാ കാണുന്നത്.

അധാർമികമായ പ്രവൃത്തികളിലൂടെ സഭാശരീരത്തിൽനിന്നു പുറത്താക്കപ്പെട്ടയാളുടെ കാര്യത്തിലും പുറജാതികളുടെയിടയിൽ തർക്കപരിഹാരത്തിനു പോയി തങ്ങളുടെതന്നെ വില മനസ്സിലാക്കാൻ ജ്ഞാനമില്ലാതെ ഭോഷന്മാരായിത്തീർന്നവരുടെ കാര്യത്തിലും സഭാസമൂഹം വ്യക്തമായ നിലപാടു സ്വീകരിക്കേണ്ടതായിരുന്നു. തങ്ങളുടെ മഹത്ത്വം മനസ്സിലാക്കി വിശ്വാസികൾ പ്രവർത്തിക്കണം. വിശ്വാസികൾ, വ്യക്തികൾ എന്നനിലയിലും സമൂഹം എന്ന നിലയിലും പരിശുദ്ധാത്മാവിന്റെ ആലയങ്ങളായതുകൊണ്ട് വളരെ വിലപ്പെട്ടവരാണ്. അതിനനുസൃതമായി പരിശുദ്ധമായ ജീവിതം നയിക്കുവാൻ ഓരോരുത്തരും വ്യക്തിപരമായും സഭാസമൂഹം പൊതുവായും വിളിക്കപ്പെട്ടിരിക്കുന്നു.

## ജീവിതസൂചിക

1. ക്രൈസ്തവരുടെ വിശുദ്ധിയിലേക്കുള്ള വിളിയെക്കുറിച്ച് ഞാൻ എന്റെ സമൂഹത്തെ ബോധവത്ക്കരിക്കുന്നുണ്ടോ?
2. അസാന്മാർഗികത നടമാടുന്ന സമൂഹത്തിൽ എപ്രകാരം വ്യാപരിക്കണമെന്നു ഞാൻ അജഗണങ്ങളെ പഠിപ്പിക്കുന്നുണ്ടോ?
3. സഭാസമൂഹത്തിലുണ്ടാകുന്ന വിവാദങ്ങൾ സമൂഹത്തിൽതന്നെ പരിഹരിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
4. സഭാസമൂഹത്തെ പടുത്തുയർത്തുന്ന ധാർമികജീവിതം നയിക്കുവാൻ ഞാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നുണ്ടോ?
5. പരിശുദ്ധാത്മാവിന്റെ ആലയങ്ങളെന്നനിലയിൽ വിശുദ്ധജീവിതം നയിക്കുവാൻ ഞാൻ ജനങ്ങളെ എപ്രകാരം പരിശീലിപ്പിക്കുന്നു?

■



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ഒക്ടോബർ 2023**

24 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിന്റെ ഇരുപത്തിയഞ്ചാം വാർഷികത്തോടനുബന്ധിച്ചുള്ള പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും ജൂബിലിസന്ദേശം നൽകുകയും ചെയ്തു. കുറുമ്പനാടം FCC സന്യാസിനി ഭവനത്തിൽ സി. ലിയോ FCCയുടെ മൃതസംസ്കാരത്തിനു ഒന്നാംഘട്ട ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു. കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എൻജിനീയറിങ് കോളേജിൽ നടന്ന NEST 23 സംഗമത്തിന്റെ സമാപന സമ്മേളനത്തിൽ അധ്യക്ഷപദം അലങ്കരിച്ച് സംസാരിച്ചു. മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തയുടെ അനുസ്മരണാർത്ഥം ഭവനരഹിതർക്കു കാഞ്ഞിരപ്പള്ളിരൂപത കപ്പാട് നിർമിച്ച മാർ പവ്വത്തിൽ നഗറിലെ വീടുകൾ വെഞ്ചരിച്ചു.

25 വെരൂർ സെന്റ് ജോസഫ്സ് ദൈവാലയത്തിൽ കുളച്ചിറയിൽ ജിബിൻ–ജെസിമോൾ ദമ്പതികളുടെ മൂന്നുകുട്ടികൾക്കു പ്രാരംഭകൂദാശകൾ നൽകി.

26 ചങ്ങനാശ്ശേരി കണ്ടങ്കരി ഏലിക്കുട്ടി ജോസഫ്, പാറേൽ FCC സന്യാസിനിഭവനാംഗം സി. ലോറ FCC എന്നിവരുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ചേർപ്പുങ്കൽ മാർ സ്ലീവാ ഫൊറോനാ ദൈവാലയത്തിൽ പാച്ചേരിൽ അഗസ്റ്റിൻ – അൽഫോൻസാ എന്നിവരുടെ വിവാഹം ആശീർവദിച്ചു. പൊൻകുന്നം ഹോളി ഫാമിലി ഫൊറോനാ ദൈവാലയത്തിൽ മുട്ടത്തുകുന്നേൽ ബഹു. തോമസ് അച്ചന്റെ മൃതസംസ്കാരത്തിനു പരി. കുർബാനയർപ്പിക്കുകയും സമാപനശുശ്രൂഷകൾക്കു കാർമികത്വം വഹിക്കുകയും ചെയ്തു. ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിലെ അഞ്ചുവർഷത്തെ സേവനത്തിനുശേഷം യാത്രയാകുന്ന FCC സിസ്റ്റേഴ്സിന്റെ യാത്രയയപ്പുസമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു.

27 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ അഭി. മാർ ജയിംസ് കാളാശ്ശേരി പിതാവിന്റെ എഴുപത്തിനാലാം ചരമവാർഷികത്തോടനുബന്ധിച്ച് പരി. കുർബാനയർപ്പിക്കുകയും കബറിടത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. കോട്ടയ്ക്കുപുറം സെന്റ് മാത്യൂസ് ദൈവാലയത്തിൽ ഇടവകതിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. തെള്ളകത്ത് വിശ്രമജീവിതം നയിക്കുന്ന കുന്നത്ത് ബഹു. സെബാസ്റ്റ്യൻ അച്ചനെ സന്ദർശിച്ചു.

28 കരിമ്പനക്കുളം സേക്രഡ് ഹാർട്ട് ദൈവാലയത്തിൽ നരിതൂക്കിൽ ജോസഫ് – ത്രേസ്യാമ്മ എന്നിവരുടെ വിവാഹം ആശീർവദിച്ചു. പ്രവാസികൂട്ടായ്മ

യുടെ ജപമാലമാസാചരണത്തിന്റെ സമാപനദിനത്തോടനുബന്ധിച്ച് ഓൺലൈനിൽ സന്ദേശംനൽകി.

29 കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി; തുടർന്നു, നവീകരിച്ച പാരിഷ്ഹാളിന്റെ വെഞ്ചരിപ്പ് നടത്തുകയും ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്തു സംസാരിക്കുകയും ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ ഇടവകയുടെ പുതിയസംരംഭങ്ങളായ 'സാന്തോമിയൻ ഹോം പ്രൊജക്റ്റ്', CARP ഹെൽപ്പ് ഡെസ്ക് എന്നിവ ഉദ്ഘാടനം ചെയ്തു. നിലയ്ക്കൽ എക്യുമെനിക്കൽ സെന്ററിൽ നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റിന്റെ റൂബിജൂബിലിയോടനുബന്ധിച്ചുള്ള സമ്മേളനത്തിൽ പങ്കെടുത്തുസംസാരിച്ചു.

30 ഇരവുചിറ സെന്റ് മേരീസ് ദൈവാലയത്തിൽ ആര്യങ്കാല ബഹു. ടോം അച്ചന്റെ വല്ല്യമ്മച്ചി കൂടത്തിങ്കൽ അന്നമ്മ തോമസിന്റെ മൃതസംസ്കാരത്തിനു ദൈവാലയത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു. വൈശ്യംഭാഗം സെന്റ് ആന്റണീസ് ദൈവാലയത്തിൽ തട്ടാശ്ശേരി ബഹു. ആന്റണി അച്ചന്റെ മാതാവ് അന്നമ്മ ജോണിന്റെ മൃതസംസ്കാരത്തിനു ദൈവാലയത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു. നിരണം മാർ തോമാശ്ലീഹാ സെമിനാരിയിൽ വൈദികാർത്ഥികൾക്കു ക്ലാസെടുത്തു.

31 ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ കുന്നത്ത് ബഹു. ജയിംസ് അച്ചന്റെ പിറന്നാളാഘോഷത്തിൽ പങ്കെടുത്തു. അതിരൂപതാകേന്ദ്രത്തിൽ റീജൻസി ബ്രദേഴ്സിനെ കാണുകയും സംസാരിക്കുകയും ചെയ്തു.

**നവംബർ 2023**

01 ഇത്തിത്താനത്ത് നടുവിലേടം ബഹു. ഗ്രിഗറി അച്ചന്റെ സഹോദരൻ എൻ. വി. ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. എടത്വാ സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 115-ാം ചരമവാർഷികത്തോടനുബന്ധിച്ച് പരി. കുർബാനയർപ്പിക്കുകയും കബറടത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. എടത്വാ മഹാജൂബിലി ഹോസ്പിറ്റലിൽ പഴയമഠം ബഹു. സിറിയക്കച്ചന്റെ പിതാവ് പി. വി. ജോർജിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

02 വള്ളംചിറ സെന്റ് മേരീസ് പാരിഷ് ഹാളിൽ ജയിംസ് കെ.സി. മണിമലയുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ പങ്കെടുക്കുകയും അനുഗ്രഹപ്രഭാഷണം നടത്തുകയും 'മണിമലയാർ' എന്ന നോവലിന്റെ പ്രകാശനം നടത്തുകയും ചെയ്തു. അഞ്ചിലപ്പയിൽ വെളിയത്ത് ബഹു. ജോർജച്ചന്റെ വല്ല്യമ്മച്ചി മംഗലത്ത് ഏലിക്കുട്ടി വർഗീസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

03 വാഴപ്പള്ളി SABS സന്യാസിനിഭവനത്തിൽ അഭി. മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ സഹോദരി സി. ചെറുപുഷ്പം SABS ന്റെ മൃതസംസ്കാര

ത്തിനു സന്യാസിനിഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ കൂട്ടുമ്മേൽ അന്നമ്മയുടെ മൃതസംസ്കാരത്തിനു സിമിത്തേരിയിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു.

04 കുന്നന്താനം LSDP സന്യാസിനിഭവനത്തിൽ സി. മേരി ലിറ്റി LSDPയുടെ ഏഴാം ചരമവാർഷികത്തോടനുബന്ധിച്ച് പരി. കുർബാനയർപ്പിക്കുകയും കബറിടത്തിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. എടത്വാ-പാണ്ടി പഴയമഠം ബഹു. സിറിയക് അച്ചന്റെ പിതാവ് പി. വി. ജോർജിന്റെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു. പുളിങ്കുന്ന് ഫൊറോനയിലെ പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു.

05 പാറമ്പുഴ ഹോളി ഫാമിലി ദൈവാലയത്തിൽ പരി. കുർബാനയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് ദൈവാലയത്തിൽ ചങ്ങനാശ്ശേരി ഫൊറോനയിലെ പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. വെരൂർ സെന്റ് ജോസഫ്സ് ദൈവാലയത്തിന്റെ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട മാതൃ-പിതൃവേദി ചങ്ങനാശ്ശേരി ഫൊറോനയുടെ ജൂബിലിയോടനുബന്ധിച്ചുള്ള കുടുംബസംഗമത്തിൽ പങ്കെടുക്കുകയും അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. കോട്ടയം ലൂർദ് ഫൊറോനാ ദൈവാലയത്തിൽ കോട്ടയം ഫൊറോനയിലെ പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു.

06 അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ മുരിങ്ങയിൽ കുഞ്ഞമ്മ തോമസിന്റെ മൃതസംസ്കാരത്തിനു ദൈവാലയത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു. അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ കരിങ്ങോട്ടുമറ്റത്തിൽ അബ്രഹാം - മേരി എന്നിവരുടെ വിവാഹം ആശീർവദിച്ചു. അയർക്കുന്നം വല്യേലിയിൽ മറിയാമ്മ ജോർജിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാകേന്ദ്രത്തിൽ പാറേൽ SH സന്യാസിനിസമൂഹത്തിലെ സന്യാസിനിമാർ, കെയർ ഹോം പ്രവർത്തകർ എന്നിവരെ സ്വീകരിക്കുകയും അവരോടു സംസാരിക്കുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ NEST 23 ടീമിന്റെ സംഘാടകരെ സ്വീകരിക്കുകയും അതിരൂപതയുടെ അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ നടന്ന ഇന്റർഡിപ്പാർട്ടുമെന്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

07 നെടുങ്കുന്നം ക്ലോയിസ്റ്റർ (PCPA) സന്യാസിനിസമൂഹത്തിന്റെ ജൂബിലിയോടനുബന്ധിച്ച് പരി. കുർബാനയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട ഹയർ എജ്യുക്കേഷൻ ഡിപ്പാർട്ടുമെന്റ് മീറ്റിങ്ങിൽ പങ്കെടുത്തു. അതിരൂപതാകേന്ദ്രത്തിൽ തോമസ് ചാഴികാടൻ MPയെ സ്വീകരിച്ച് അദ്ദേഹത്തോടു സംസാരിച്ചു. ചങ്ങനാശ്ശേരി

YMCA ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട വേൾഡ് മലയാളി കൗൺസിൽ ചങ്ങനാശ്ശേരി ചാപ്റ്ററിന്റെ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്യുകയും അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു.

08 നെടുങ്കുന്നം സഞ്ജീവനി റിഹാബിലിറ്റേഷൻ സെന്ററിന്റെ ബോർഡ് മീറ്റിങ്ങിൽ പങ്കെടുത്തു.

09 കുറുമ്പനാടം അസംപ്ഷൻ ദൈവാലയത്തിൽ കാലായിൽ ബഹു. ജോസഫച്ചന്റെ മൃതസംസ്കാരത്തിനു പരി. കുർബാനയർപ്പിക്കുകയും സമാപനശുശ്രൂഷകൾക്കു കാർമികത്വം വഹിക്കുകയും ചെയ്തു. പത്തനാപുരം സെന്റ് സേവ്യേഴ്സ് ആനിമേഷൻ സെന്ററിൽ നടത്തപ്പെട്ട റീജണൽ ബിഷപ്സ് റിട്രീറ്റിൽ പങ്കെടുത്തു.

10 പത്തനാപുരം സെന്റ് സേവ്യേഴ്സ് ആനിമേഷൻ സെന്ററിൽ നടത്തപ്പെട്ട റീജണൽ ബിഷപ്സ് റിട്രീറ്റിൽ പങ്കെടുത്തു.

11 ചങ്ങനാശ്ശേരി എസ്.ബി കോളേജിലെ കാവുകാട്ട് ഹാളിൽ അതിരൂപതാ കുടുംബക്കൂട്ടായ്മ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ നടന്ന കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ സംഗമമായ 'ഹെസദ്' ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിലെ പേരന്റ്സ് ഡേയിൽ പങ്കെടുക്കുകയും വൈദികാർഥികളുടെ മാതാപിതാക്കളോടു സംസാരിക്കുകയും ചെയ്തു. ചങ്ങനാശ്ശേരി സന്ദേശനിലയത്തിൽ സെന്റ് ജോസഫ് ഓർഫനേജ് പ്രസ്സിന്റെ നൂറാംവാർഷികത്തോടനുബന്ധിച്ചുള്ള കുടുംബസംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മുഹമ്മ സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ മുഹമ്മഫൊറോനയിലെ പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തു.

12 മാന്നാനം പന്ത്രണ്ട് ശ്ലീഹന്മാരുടെ ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി. തുരുത്തി മാർത്ത് മറിയം ഫൊറോനാ ദൈവാലയത്തിൽ തുരുത്തി ഫൊറോനയിലെ പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തു. അഞ്ചിലപ്പയിൽ ഉറുമ്പയ്ക്കൽ ബഹു. അലക്സ് പോളച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

13 തകഴി കുന്നുമ്മ പരേതനായ പ്രസാദിന്റെ ഭവനം സന്ദർശിക്കുകയും കുടുംബാംഗങ്ങളോടു സംസാരിക്കുകയും ചെയ്തു. വെള്ളപ്പൊക്കംമൂലം ദുരിതമനുഭവിക്കുന്ന മങ്കൊമ്പ് ഒന്നാംകരപ്രദേശം സന്ദർശിക്കുകയും പ്രദേശവാസികളോടു സംസാരിക്കുകയും ചെയ്തു.

14 ചമ്പക്കുളം മുണ്ടയ്ക്കൽ ജോർജിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

15 അതിരൂപതാകേന്ദ്രത്തിൽ അതിരൂപതയിൽ ശുശ്രൂഷചെയ്യുന്ന വിവിധ സന്യാസസമൂഹത്തിലെ വൈദികരുടെ മീറ്റിങ്ങിൽ പങ്കെടുത്തു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ നവീകരിച്ച ഓർത്തോപീഡിക്സ് ഡിപ്പാർട്ടുമെന്റ് കെട്ടിടത്തിന്റെ ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുക്കു

കയും പ്രഭാഷണം നടത്തുകയും ചെയ്തു. നെടുങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോനാ ദൈവാലയത്തിൽ CMC ഹോളി ക്വീൻസ് പ്രൊവിൻഷ്യൽ സി. പ്രസന്ന CMC യുടെ പിതാവ് വഴീപ്പറമ്പിൽ ജോസഫ് ജോസഫിന്റെ മൃതസംസ്കാരത്തിനു സമാപനശുശ്രൂഷകൾക്കു കാർമി കത്വം വഹിച്ചു. കോട്ടയം ഓർത്തഡോക്സ് പഴയസെമിനാരിയിൽ ഡോ. സിറിയക് തോമസിനെ ആദരിക്കുന്ന സമ്മേളനത്തിൽ പങ്കെടുത്തു.

16 അതിരൂപതാകേന്ദ്രത്തിൽ അതിരൂപതയിലെ സന്യാസിനിസമൂഹങ്ങളുടെ സുപ്പീരിയർ ജനറൽ സിസ്റ്റേഴ്സിന്റെ മീറ്റിങ്ങിൽ പങ്കെടുക്കുകയും അവ രോടു സംസാരിക്കുകയും ചെയ്തു

17 അതിരൂപതാകേന്ദ്രത്തിൽ AKCC യുടെ ആഭിമുഖ്യത്തിൽ നടന്ന അവാർഡു ദാന സമ്മേളനത്തിൽ പങ്കെടുക്കുകയും പ്രഭാഷണം നടത്തുകയും ചെയ്തു. കലവൂർ സെന്റ് തോമസ് ദൈവാലയത്തിൽ പുതുതായി നിർമിക്കുന്ന വൈദികമന്ദിരത്തിന്റെ ശിലാസ്ഥാപനം നടത്തുകയും ഇടവകത്തിരുനാളി നോടനുബന്ധിച്ച് പരി. കുർബാനയർപ്പിക്കുകയും ചെയ്തു.

18 ചങ്ങനാശ്ശേരി സന്ദേശനിലയത്തിൽ നടക്കുന്ന SMCC യുടെ ക്യാമ്പ് ഉദ്ഘാ ടനം ചെയ്തു സംസാരിച്ചു. ഫാത്തിമാപുരം ഫാത്തിമാമാതാ ദൈവാലയ ത്തിലെ പ്ലാറ്റിനംജൂബിലിയാഘോഷങ്ങളുടെ ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുക്കുകയും അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. AKCC യുടെ ആഭിമുഖ്യത്തിൽ മങ്കൊമ്പ് പയസ് ടെൻത് ദൈവാലയത്തിന്റെ ഹാളിൽ നടത്തപ്പെട്ട ഡോ. എം. എസ്. സ്വാമിനാഥൻ അനുസ്മരണ സമ്മേളനം ഉദ്ഘാടനംചെയ്തു സംസാരിച്ചു. പായിപ്പാട് – നാലുകോടി സെന്റ് തോമസ് ദൈവാലയത്തിൽ അജപാലനസന്ദർശനത്തിന്റെ ഭാഗ മായി രോഗികളെ സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിച്ചു.

19 പായിപ്പാട് – നാലുകോടി സെന്റ് തോമസ് ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി. പുന്നത്തുറ സെന്റ് തോമസ് ദൈവാലയത്തിൽ ഫാ. ജോൺ പൊറ്റേടം മെമ്മോറിയൽ ക്വിസ്സിന്റെ സമ്മാനദാനം നിർവഹിച്ചു. അരുവിക്കുഴി ലൂർദുമാതാ ദൈവാലയത്തിൽ നവീകരിച്ച സിമിത്തേരിയു ടെയും സിമിത്തേരിചാപ്പലിന്റെയും വെഞ്ചരിപ്പുകർമം നടത്തി; തുടർന്ന് ഇടവകദിനത്തോടനുബന്ധിച്ചുള്ള പൊതുസമ്മേളനത്തിൽ പങ്കെടുക്കു കയും അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു.

20 അതിരൂപതാകേന്ദ്രത്തിൽ MCBS സന്യാസസമൂഹത്തിലെ ഡിസംബർ, ജനുവരിമാസങ്ങളിൽ പൗരോഹിത്യം സ്വീകരിക്കുന്ന മ്ശംശാനാമാരെയും അവരുടെ മാതാപിതാക്കളെയും സ്വീകരിച്ച് അവരോടു സംസാരിച്ചു. വടക്കേക്കര സെന്റ് മേരീസ് ദൈവാലയത്തിൽ കുഴിവേലിക്കളം ജയിംസ് – ജെൻസി ദമ്പതികളുടെ അഞ്ചാമത്തെ ശിശുവിനു പ്രാരംഭകൂദാശകൾ നൽകി.

21 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ മൂറോൻകൂദാശ പരികർമംചെയ്തു. തുടർന്നു പള്ളിയുടെ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട അതിരൂപതാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു.

22 പാറേൽ FCC ദേവമാത പ്രൊവിൻഷ്യൽ ഹൗസിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. കുറിച്ചി MLF ലിറ്റിൽ ഫ്ളവർ ജനറലേറ്റിൽ സി. സോഫിയ MLF ന്റെ മൃതസംസ്കാരത്തിനു സന്യാസിനിഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു. തിരുവല്ല – ഇടിഞ്ഞില്ലം വിജയ കൺവെൻഷൻ സെന്ററിൽ ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിന്റെ ആഭിമുഖ്യത്തിൽ നടത്തിയ MLT വിദ്യാർത്ഥികളുടെ സംഗമമായ 'സൈലെക്സ് 2023' ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തെള്ളകത്ത് കോട്ടയം അതിരൂപതാ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തിയ ചൈതന്യ കാർഷികമേളയുടെ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ ദൈവാലയത്തിൽ ഇടവകത്തിരുനാളിനോനുബന്ധിച്ചുള്ള സാംസ്കാരികസമ്മേളനത്തിൽ പങ്കെടുക്കുകയും പ്രഭാഷണം നടത്തുകയും ചെയ്തു.

■

**ഒക്ടോബർ 2023**

26-28 സ്വിറ്റ്സർലൻഡിലെ സൂറിച്ചിൽ സീറോമലബാർസമൂഹത്തിനുവേണ്ടി നടത്തപ്പെട്ട കുടുംബനവീകരണ കൺവെൻഷൻ നയിച്ചു.

29 സ്വിറ്റ്സർലൻഡ് ഐൻസീഡലിനിലെ പരി. കന്യകാമറിയത്തിന്റെ തീർത്ഥാടനകേന്ദ്രത്തിൽ സീറോമലബാർസമൂഹത്തോടൊപ്പം പരി. കുർബാനയർപ്പിച്ചു.

**നവംബർ 2023**

04 സ്വിറ്റ്സർലൻഡിലെ സൂറിച്ചിൽ യുവദമ്പതീസംഗമത്തിൽ ധ്യാനം നയിച്ചു.

05 സ്വിറ്റ്സർലൻഡ് എഗ്ഗിലെ സെന്റ് ആന്റണീസ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു.

07 പാറേൽ SH സെന്റ് മാത്യൂസ് പ്രൊവിൻഷ്യൽ ഹൗസിൽ സേവാനികേതന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട സോഷ്യൽ വർക്കേഴ്സിന്റെ ഇരുപത്തിനാലാമത് ജനറൽ കോർ ഗ്രൂപ്പ് മീറ്റിങ്ങിൽ സംബന്ധിച്ച് സംസാരിച്ചു.

08 തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ ദൈവാലയത്തിൽ കപ്പൂച്ചിൻ സന്യാസസഭാംഗം മ്ശംശാന മാത്യുവിന് (ജിസ്സോ) പൗരോഹിത്യപട്ടം നൽകി. കുറുമ്പനാടം മുക്കത്തായ പുതുപ്പറമ്പിൽ വർഗീസുകുട്ടി സെബാസ്റ്റ്യന്റെ ഭവനം ആശീർവദിച്ചു. നെടുങ്കുന്നം സഞ്ജീവനി റീഹാബിലിറ്റേഷൻ സെന്ററിൽ നടന്ന ബോർഡുമീറ്റിങ്ങിൽ പങ്കെടുത്തു.

09 നെടുങ്കുന്നം PCPA കോൺവെന്റിന്റെ സുവർണജൂബിലി ആഘോഷത്തോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. കുറുമ്പനാടം അസംപ്ഷൻ ദൈവാലയത്തിൽ ബഹു. കാലായിൽ ജോസഫച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു സഹകാർമികത്വം വഹിച്ചു. പത്തനാപുരം സെന്റ് സേവ്യേഴ്സ് ആനിമേഷൻ സെന്ററിൽ നടത്തപ്പെട്ട റീജണൽ ബിഷപ്സ് റിട്രീറ്റിൽ പങ്കെടുത്തു.

10 പുനലൂർ സേക്രഡ് ഹാർട്ട് ദൈവാലയത്തിൽ കൊല്ലംഫൊറോനയിലെ വൈദികരുടെ ഫൊറോനാ കോൺഫറൻസിൽ പങ്കെടുത്തു. Race 2 IAS ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

11 തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന മാതൃ-പിതൃവേദിയുടെ അതിരൂപതാ കലോത്സവം ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജ് കാവുകാട്ട് ഹാളിൽ നടത്തപ്പെട്ട കുടുംബക്കൂട്ടായ്മാ ലീഡേഴ്സിന്റെ അതിരൂപതാസംഗമമായ ഹെസദ് 2023 ൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ വൈദികാർത്ഥികളുടെ പേരന്റ്സ് ഡേയിൽ പങ്കെടുത്തു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ ദൈവാലയത്തിൽ

നടന്ന EXODUS YOUTH MEET ൽ പങ്കെടുത്ത് യുവജനങ്ങളുമായി സംവദിച്ചു.

12 കണ്ണമ്മൂല സെന്റ് മദർ തെരേസാ ദൈവാലയത്തിൽ അജപാലനസന്ദർശനം നടത്തി. കഴക്കൂട്ടം സെന്റ് ജോൺ പോൾ സെക്കൻഡ് യൂത്ത് സെന്ററിൽ യൂത്ത് ഡേയിൽ പങ്കെടുത്തു യുവജനങ്ങളുമായി സംവദിച്ചു. തിരുവനന്തപുരം കുറ്റിച്ചൽ ലൂർദ് മാതാ എൻജിനീയറിങ് കോളേജിന്റെ ബോർഡുമീറ്റിങ്ങിൽ പങ്കെടുത്തു.

13 ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് ദൈവാലയത്തിന്റെ സിമിത്തേരി ചാപ്പൽ പുനർകൂദാശ ചെയ്യുകയും പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകുകയും ചെയ്തു. പുന്നപ്ര ദനഹാലയയിൽ ക്ലാസ്സ് നയിച്ചു. മുട്ടാർ ഓൾഡ് സെന്റ് ജോർജ് ദൈവാലയത്തിൽ നടത്തപ്പെട്ട എടത്വാ ഫൊറോനാ വൈദികകോൺഫ്രൻസിൽ പങ്കെടുത്തു.

14 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടത്തപ്പെട്ട വൊക്കേഷൻ കമ്മിഷൻ മീറ്റിങ്ങിൽ ക്ലാസ്സെടുത്തു. ചുങ്കപ്പാറ ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ നടത്തപ്പെട്ട മണിമല ഫൊറോനാ വൈദികകോൺഫ്രൻസിൽ പങ്കെടുത്തു. ചങ്ങനാശ്ശേരി CMC ഹോളി ക്വീൻസ് പ്രൊവിൻഷ്യൽ സി. പ്രസന്ന CMC യുടെ പിതാവ് വഴീപ്പറമ്പിൽ ജോസഫ് ജോസഫിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

15 കുന്നന്താനം സെന്റ് ജോസഫ്സ് ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. അതിരൂപതയിലെ സന്യാസവൈദികരുടെ മീറ്റിങ്ങിൽ പങ്കെടുത്തു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ നവീകരിച്ച ഓർത്തോപീഡിക്സ് ഡിപ്പാർട്ടുമെന്റ് കെട്ടിടത്തിന്റെ ഉദ്ഘാടനകർമ്മത്തിൽ പങ്കെടുത്തു. മാന്നാനം സെന്റ് ജോസഫ്സ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകുകയും മാന്നാനം ബൈബിൾ കൺവെൻഷന്റെ ഉദ്ഘാടനകർമ്മം നടത്തുകയും ചെയ്തു.

16 മാമ്മൂട് ലൂർദുമാതാ ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. ചങ്ങനാശ്ശേരി അതിരൂപതയിലെ സന്യാസിനികളുടെ മീറ്റിങ്ങിൽ പങ്കെടുത്തു. വൈശ്യംഭാഗം സെന്റ് ആന്റണീസ് ദൈവാലയത്തിൽ ബഹു. ആന്റണി തട്ടാശ്ശേരി അച്ചന്റെ മാതാവ് അന്നമ്മ ജോണിന്റെ പതിനാറാം ചരമദിനത്തിൽ പരി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. ചെത്തിപ്പുഴ സർഗക്ഷേത്രയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ലഹരിക്കെതിരെയുള്ള വോക്കത്തോൺ ഉദ്ഘാടനംചെയ്തു സംസാരിച്ചു. അരുവിക്കുഴി ലൂർദുമാതാ ദൈവാലയത്തിൽ നടന്ന കുടുംബസംഗമത്തിൽ പങ്കെടുത്തു. ചെങ്ങന്നൂർ മാർത്ത് മറിയം ഫൊറോനാ ദൈവാലയത്തിൽ നടത്തപ്പെട്ട ചെങ്ങന്നൂർ ഫൊറോനാ വൈദികകോൺഫ്രൻസിൽ പങ്കെടുത്തു.

17 ചേന്നങ്കരി സെന്റ് ജോസഫ്സ് ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ നടന്ന കൂരിയാമീറ്റിങ്ങിലും AKCC അവാർഡുദാനചടങ്ങിലും പങ്കെടുത്തു. കിടങ്ങറ സെന്റ് ഗ്രിഗോറിയോസ് ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു. മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

18 ആലപ്പുഴ-പഴവങ്ങാടി മാർ സ്ലീവാ ഫൊറോനാ ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. കായംകുളത്ത് ആറാമത് കാക്കനാട് എക്യുമെനിക്കൽ കൺവെൻഷനിൽ പങ്കെടുത്തു പ്രഭാഷണംനടത്തി.

19 ഫാത്തിമപുരം ഫാത്തിമമാതാ ദൈവാലയത്തിന്റെ പ്ലാറ്റിനംജൂബിലിയോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു. ചങ്ങനാശ്ശേരി സന്ദേശനിലയത്തിൽ നടത്തപ്പെട്ട SMCCയുടെ സഭാപ്രതിഭയ്ക്കായുള്ള സെലക്ഷൻ ക്യാമ്പിൽ സംബന്ധിച്ച് കുട്ടികളുമായി സംവദിച്ചു. വടക്കേക്കര സെന്റ് മേരീസ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ ദൈവാലയത്തിൽ മാതൃ-പിതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട കുടുംബസംഗമത്തിൽ പങ്കെടുത്തു മുഖ്യ പ്രഭാഷണം നടത്തി. പാറേൽ സെന്റ് മേരീസ് ദൈവാലയത്തിൽ നടന്ന ഇടവകദിനത്തിൽ പങ്കെടുത്തു സംസാരിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ നടത്തപ്പെട്ട കരുണാർത്ഥനയിൽ വചനസന്ദേശം നൽകി.

20 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വൈദികരുടെ സുവർണജൂബിലി ആഘോഷത്തോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ ദൈവാലയത്തിൽ നടത്തപ്പെട്ട തൃക്കൊടിത്താനം ഫൊറോനാ വൈദികകോൺഫ്രൻസിൽ പങ്കെടുത്തു.

21 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ പരി. മൂറോൻ കൂദാശാകർമത്തിൽ സഹകാർമികത്വം വഹിച്ചു. അതിരൂപതാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു.

22-24 ബംഗളുരു ധർമാരാം വിദ്യാക്ഷേത്രത്തിൽ CBCI ഇക്കോളജി കമ്മിഷന്റെ നേതൃത്വത്തിൽ നടന്ന അന്തർദേശീയ സെമിനാറിൽ പങ്കെടുത്തു.

24 കടുത്തുരുത്തി സെന്റ് മേരീസ് ഫൊറോനാ ദൈവാലയാംഗമായ മമ്പള്ളിത്തടത്തിൽ എൽസമ്മ ജോസഫിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

25 തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. കൂത്രപ്പള്ളി സെന്റ് മേരീസ് ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടന്ന ഡീക്കന്മാരുടെ പേരന്റ്സ് മീറ്റിങ്ങിൽ സംബന്ധിച്ചു. മലങ്കര മാർത്തോമാ സുറിയാനിസഭയുടെ പതിനൊന്നാമത് അഞ്ചൽ സെന്റർ മാർത്തോമാ കൺവെൻഷനിൽ സംബന്ധിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

26 കൊട്ടാരക്കര സെന്റ് തോമസ് സീറോമലബാർ കത്തോലിക്കാ ദൈവാലയത്തിൽ അജപാലനസന്ദർശനം നടത്തി. മുത്തോലപുരം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ കൺവെൻഷനോടനുബന്ധിച്ച് വചനസന്ദേശം നൽകി.

■



# ENGAGEMENTS
## DECEMBER 2023


**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

| | | |
|---|---|---|
| 01 - 02 | | Etawah Mission Visit |
| 03 | 06:30 am | Pastoral Visit @ St. Thomas, Vadavathoor |
| | 02:00 pm | പ്രതിനിധിയോഗാംഗങ്ങളുടെ സംഗമം @ എടത്വാ ഫൊറോന |
| 04 - 06 | | KCBC |
| 07 | 02:30 pm | Talent Fest - Inter School Competition @ Ashabhavan, Ithithanam |
| | 07:00 pm | Message @ St. Mary's, Parel |
| 08 | 07:30 am | Holy *Qurbana* @ St. Mary's, Parel |
| 09 | 09:30 am | Kollam-Ayoor Forane Council Inauguration @ Ayoor |
| | 03:45 pm | Family Apostolate Ruby Jubilee @ St. Mary's Metropolitan Parish Hall, Changanacherry |
| 10 | 09:00 am | പ്രതിനിധിയോഗാംഗങ്ങളുടെ സംഗമം @ തിരുവനന്തപുരം ഫൊറോന |
| 12 | 05:30 pm | Media Village Trust Meeting @ Archbishop House, Changanacherry |
| 13 | 06:00 pm | Inter-Department Meeting @ Archbishop House, Changanacherry |
| 14 | 06:00 pm | Class @ Marthoma Sleeha Centre, Niranam |
| 15 | 10:00 am | Lourdes Matha College Annual General Body @ Archbishop House, Changanacherry |
| 16 | 10:00 am | CSM Camp @ Pastoral Centre, Changanacherry |
| | 12:00 noon | CRI Meeting @ Amala Theological College, Parel |
| | 03:00 pm | Jeevakarunyanidhi General Body Meeting @ Archbishop House, Changanacherry |
| | 06:00 pm | Ecumenical Christmas Celebration @ Zion Retreat Centre, Kunnamthanam |
| 17 | 08:00 am | Holy *Qurbana* & Declaring as Pilgrim Centre @ Mar Sleeva Forane, Alappuzha - Pazhavangadi |
| | 02:00 pm | പ്രതിനിധിയോഗാംഗങ്ങളുടെ സംഗമം @ ചെങ്ങന്നൂർ ഫൊറോന |
| 18 | 09:30 am | Holy *Qurbana* @ Archbishop House, Changanacherry |
| | 04:00 pm | Class for Deacons @ Charles Villa, Peerumed |
| 19 | 09:30 am | Class for Deacons @ Charles Villa, Peerumed |

| | | |
|---|---|---|
| 20 | 07:00 am | Holy *Qurbana* @ St. Mary's Metropolitan, Changanacherry |
| | 11:15 am | Fr. George Marymangalam Golden Jubilee Message @ Vimalagiri Immaculate Heart of Mary Cathedral, Vijayapuram |
| | 04:30 pm | AKCC കാർഷികധർണ @ ചങ്ങനാശ്ശേരി |
| 21 | 10:00 am | Special School Students Christmas Celebration @ Archbishop House, Changanacherry |
| 22 | 11:00 am | AKCC ഗ്ലോബൽ കർഷകറാലി സമാപനം @ തിരുവനന്തപുരം |
| | 06:00 pm | Major Seminarians Gathering @ Archbishop House, Changanacherry |
| 23 | 06:30 am | Diaconate @ St. Thomas Minor Seminary, Kurichy |
| | 10:00 am | Pastoral Council Inauguration @ Pastoral Centre, Changanacherry |
| 24 | 11:45 pm | Holy *Qurbana* @ St. Mary's Metropolitan, Changanacherry |
| 26 | 09:15 am | Priestly Ordination - Dn. Mathew Kavanattu @ St. Mary's Major Archiepiscopal, Kudamaloor |
| | 05:00 pm | Betrothal @ St. George, Cheeranchira |
| 27 | 09:00 am | Priestly Ordination - Deacons of CMI Congregation @ Sacred Heart, Chethipuzha |
| | 02:15 pm | Priestly Ordination - Dn. Mathew Marangattu @ St. Joseph's, Laikad |
| | 06:30 pm | VIP Gathering @ Archbishop House, Changanacherry |
| 28 | 09:15 am | Priestly Ordination - Dn. Mathew Vadakkettathu @ St. Michael's, Thathampally |
| | 02:15 pm | Priestly Ordination - Dn. Antony Mangattupoikayil MCBS @ Assumption, Kurumpanadom |
| | 05:30 pm | Betrothal @ St. Thomas, Punnathura |
| 29 | 09:15 am | Priestly Ordination - Dn. Antony Arackathara @ Holy Family, Pullangady |
| | 05:00 pm | Kuttanad Ecumenical Christmas Celebration @ St. Gregorios, Kidangara |
| 30 | 02:15 pm | Priestly Ordination - Dn. Sebastian Manayath @ St. Xaviers Forane, Thrickodithanam |
| | 05:00 pm | Sacraments of Initiation @ St. Mary's Metropolitan, Changanacherry |
| | 07:00 pm | *Ramsa* & Meeting with NEST 23 Team @ CMC Holy Queens Provincial House, Changanacherry |
| 31 | 03:30 pm | Parish Day Celebrations @ St. Thomas, Punnathura |
| | 07:30 pm | Meeting with Bishop John Sherrington @ Archbishop House, Changanacherry |

**FR. SECRETARY - 9447507393**

■





**Mar Thomas Tharayil**
Auxiliary Bishop of Changanacherry

# ENGAGEMENTS

## DECEMBER 2023

| | | |
|---|---|---|
| 01 | 02:30 pm | CSM Meet @ Changanacherry, St. Berchmans College |
| 02 | | Pulloorampara, Thamarasserry |
| 03 | 07:30 am | Holy *Qurbana* @ Nedumkunnam, St. John the Baptist Forane |
| | 03:00 pm | Book Releasing @ Thiruvananthapuram, Lourdes Forane |
| | 05:00 pm | Homily @ Palayam, St. Joseph's Metropolitan Cathedral |
| | 06:30 pm | Christmas Gathering @ Nalanchira, Kottackattu Convention Centre |
| 04 - 06 | | KCBC |
| 07 | 09:30 am | Class @ Punnapra, Danahalaya |
| | 06:30 pm | Class @ Niranam, Marthoma Sleeha Centre |
| 08 | 05:30 am | Holy *Qurbana* @ Parel, St. Mary's |
| | 11:30 am | Holy *Qurbana* @ Poomkulam, Holy Family Convent |
| | 05:30 pm | Annual Day @ Kazhakoottam, Christ Nagar School |
| 09 | 06:30 am | Holy *Qurbana* @ Vazhappally West, St. Mary's |
| | 09:00-12:30 pm | Engaged |
| | 03:45 pm | *Pithruvedi* Ruby Jubilee @ Changanacherry, St. Mary's Metropolitan |
| | 05:45 pm | Annual Day @ Changanacherry, Mary Rani Public School |
| 10 | 07:15 am | Holy *Qurbana* @ Veroor, St. Joseph's |
| | 10:00-11:30 am | Visitors |
| | 02:30 pm | Symposium @ Changanacherry, Marthoma Vidyanikethan |
| 11 | 10:30 am | *Mathruvedi* Conference @ Thrissur |
| 12 | 06:30 am | Holy *Qurbana* @ Ithithanam, St. Joseph's Priest Home |
| | 10:00 am | Priest Conference @ Athirampuzha Forane |
| | 02:30 pm | TRADA Board Meeting @ Changanacherry |
| | 05:30 pm | Board Meeting @ Kurisummood, Media Village |
| 13 | 06:30 am | Holy *Qurbana* @ Kurichy, St. Thomas Minor Seminary |
| | 09:00 am | Archeparchial Consultors Meet @ Changanacherry, Archbishop House |

| | | |
|---|---|---|
| | 03:00 pm | Annual Day @ Champakulam, Bishop Kurialasserry Public School |
| | 06:00 pm | Inter-Department Meeting @ Changanacherry, Archbishop House |
| 14 | 09:00 am | Archeparchial Consultors Meet @ Changanacherry, Archbishop House |
| | 03:30 pm | Annual Day @ Edathua, Georgian Public School |
| 15 | 10:00 am | LMCES Annual General Body Meeting @ Changanacherry, Archbishop House |
| | 04:00 pm | Annual Day @ Meenkulam, Lourdes Matha Public School |
| 16 | 11:00 am | Priests Conference @ Amboori Forane |
| 17 | | Pastoral Visit @ Amboori, St. George Forane |
| | 05:30 pm | Youth Meet @ Mayam, St. Mary's |
| 18 | 10:00 am | Jubilee *Qurbana* @ Changanacherry, Archbishop House |
| | 02:30 pm | Deacons' Meet @ Changanacherry, Archbishop House |
| 19 | 09:30 am | Class @ Punnapra, Danahalaya |
| 20 | 11:30 am | Kids Park Inauguration @ Champakara, St. Joseph's UP School |
| | 05:30 pm | Annual Day @ Attingal, Christ Nagar Public School |
| 21 | 11:30 am | TAASC Board Meeting @ Thiruvananthapuram, Lourdes Forane |
| | 04:30 pm | Board Meeting @ Thiruvananthapuram, Lourdes Matha Cancer Care |
| 22 | 11:00 am | AKCC Global *Dharna* @ Thiruvananthapuram, Secretariate |
| | 06:00 pm | Major Seminarians' Gathering @ Kurichy, St. Thomas Minor Seminary |
| 23 | 06:30 am | Diaconate @ Kurichy, St. Thomas Minor Seminary |
| | 09:00 am | Pastoral Council Members Meet @ Changanacherry, Archbishop House |
| | 02:30-04:00 pm | Visitors |
| | 07:00 pm | Christmas Gathering @ Thiruvananthapuram, Lourdes Matha Cancer Care |
| 24 | 10:00-11:30 am | Visitors (Thiruvananthapuram) |
| | 11:45 pm | Holy *Qurbana* @ Thiruvananthapuram, Lourdes Forane |
| 25 | | Engaged |
| 26 | 06:30 am | Baptism @ Nazareth, St. Jerome |
| | 11:00 am | Youth Meet @ Podimattom |
| | 04:00 pm | Holy Communion @ Kizhaparayar, St. Gregorios |
| 27 | 07:00 am | Homily @ Kudamaloor, St. Mary's Major Archiepiscopal |

| | | |
|---|---|---|
| | 09:15 am | Priestly Ordination @ Thuruthy, Marth Mariam Forane |
| | 11:30 am | Marriage @ Thottakkad, St. George |
| | 02:30 pm | MGOCSM Annual Conference @ Pathanamthitta, Catholicate College |
| | 06:00 pm | Christmas Gathering @ Changanacherry, Archbishop House |
| 28 | 02:15 pm | Priestly Ordination @ Puthukary, St. Xavier's |
| | 04:30 pm | Parish Day @ Muttar, St. George |
| | 06:30 pm | Golden Jubilee @ Ambalapuzha, St. Mary's |
| 29 | 02:15 pm | Priestly Ordination @ Champakulam, St. Mary's Basilica |
| | 07:00 pm | Youth Meet @ Changanacherry, St. Mary's Metropolitan |
| 30 | 09:15 am | Priestly Ordination @ Sreekandamangalam, Lisieux |
| | 02:30-03:30 pm | Visitors |
| | 05:00 pm | Holy *Qurbana* @ Punnavely, Little Flower |
| 31 | 08:00 am | Homily @ Rajamattom, Sacred Heart |
| | 02:15 pm | Priestly Ordination @ Mannila, Holy Family |
| | 06:00 pm | Parish Day @ Punnathura, St. Thomas |

**FR. SECRETARY - 8078088468**

■

പൗരോഹിത്യസ്വീകരണത്തിന്റെ
രജതജൂബിലിവർഷത്തിലേക്കു പ്രവേശിക്കുന്ന
അഭി. തോമസ് തറയിൽ പിതാവിനും ബഹു. വൈദികർക്കും
അതിരൂപതാകുടുംബത്തിന്റെ

# പ്രാർത്ഥനാശംസകൾ



അത്തിക്കളം
ജയിംസ്



കലയംകണ്ടംമറ്റം
ജയിംസ്



കരിപ്പിങ്ങാപ്പുറം
അബ്രാഹം



കുറശ്ശേരി
ജേക്കബ്



മൂന്നാറ്റിൻമുഖം
മാത്യു



ബിഷപ്
തോമസ് തറയിൽ



മുല്ലക്കരി
ജോസ്



നൈനാപറമ്പിൽ
മാർട്ടിൻ



പുത്തൻപുരയ്ക്കൽ
തോമസ്



തുണ്ടിയിൽ
ജോൺസൺ



വലിയകുന്നുംപുറത്ത്
സിറിയക്

**VEDAPRACHARA MADHYASTAN VOL.96 No.06 2023 DECEMBER**
Date of Publication: 30-11-2023
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2021-23
Licence No. KL/CR/CHC/WPP-2/2021-23
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month



# ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും പ്രാർത്ഥനാശംസകൾ

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.

sjopresschry@gmail.com www.archdiocesechanganacherry.org